വില ₹30/-

# ജീവനും വെളിച്ചവും

ജൂലൈ 2023

## മണിപ്പൂരിലെ അക്രമങ്ങളിലും വംശീയഹത്യകളിലും പ്രതിഷേധിച്ചും പീഡിതരോടൊപ്പം നിന്നുകൊണ്ട്

# ഐക്യദാർഢ്യം

തിരുവനന്തപുരം ലത്തീൻ അതിരൂപത | കെ.ആർ.എൽ.സി.സി






## Our Departments:

- ★ Anesthesiology, General Surgery, General Medicine.
- ★ Supportive Services: Fully automated Lab facility
- ★ USG and Doppler, Cath lab
- ★ Echo Cardiogram Holter monitor facility
- ★ C-Arm facility
- ★ Endoscopy, Colonoscopy PFT, OAE, Mortuary through,althca,Healthe,TMT,ESWL
- ★ 24 Hours Emergency
- ★ Pharmacy Digital X ray, ECG,CT Scan
- ★ Cardiology with Minimally Invasive Surgery.
- ★ Laparoscopic and Minimally invasive surgery.
- ★ Bariatric Surgery, Medical Gastroenterology.
- ★ Obstetrics and Gynecology, Paediatrics.
- ★ Orthopaedic, Dermatology. Ophthalmology, ENT.
- ★ Medical Oncology, Nephrology.Neurology, Neurosurgery.
- ★ Dentistry, Oral and Maxillofacial surgery.
- ★ Plastic and reconstructive surgery.
- ★ Urology, Psychiatry.Psychotherapy, Physiotherapy.

## Supportive Services:

- ★ A24 Hours Emergency
- ★ Fully automated Lab facility
- ★ Pharmacy
- ★ Digital X ray, ECG
- ★ Scan
- ★ USG and Doppler, Cath lab
- ★ TMT
- ★ Echo Cardiogram
- ★ Holter monitor facility
- ★ C-Arm facility
- ★ ESWL
- ★ Endoscopy, Colonoscopy
- ★ PFT, OAE, Mortuary

## Jubilee's Pride:

- ★ Replacement, Radio
- ★ Arthroscopy & Joint freequency Abiation for Vericose Veins
- ★ ENT Fascility
- ★ Reconstructive Cancer Surgery & World Class

## EXECUTIVE HEALTH CHECK-UP PACKAGES AVAILABLE

ECONOMY CHECK-UP | REGULAR CHECK-UP | PREMIUM CHECK-UP | HEALTH PLUS CHECK-UP

ഫാ. തിയോഡേഷ്യസ് ഡിക്രൂസ്
മാനേജിംഗ് ഡയറക്ടർ

# ജീവനും വെളിച്ചവും

**തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം**

2023 ജൂലൈ
പുസ്തകം - 47 ലക്കം - 7
വില 30 രൂപ (വാർഷിക വരിസംഖ്യ: 360 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. ലോറൻസ് കുലാസ്
ഫാ. ഷാജു വില്യം
ഫാ. ഡാനിയേൽ ആർ.
ഫാ. സജു റോൾഡോൺ
ഫാ. ആഷ്‌ലിൻ ജോസ്
ഫാ. മൈക്കിൾ തോമസ്
ഫാ. അസ്സീസി ജോൺ സുരേഷ്
ഫാ. ക്രിസ്റ്റിൽ റൊസാരിയോ
ഫാ. ഷാജിൻ ജോസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. ഡേവിഡ്സൻ ജസ്റ്റസ്
ഫാ. ജോർജ്ജ് ഗോമസ്
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. ലെനിൻ ഫെർണാണ്ടസ്
ബർഗ്മാൻ തോമസ്
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
സിന്ധുമരിയ നെപ്പോളിയൻ
**ആർട്ടിസ്റ്റ്**
സതീഷ് ജോർജ്ജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
അലീന

*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum


## മുഖവിചാരം



# മണിപ്പൂരിനൊപ്പം നിൽക്കാം

മനുഷ്യജീവന്റെ അന്തസ്സടങ്ങിയിരിക്കുന്നത് സ്രഷ്ടാവ് അവന് സമ്മാനമായി നൽകിയ സ്വതന്ത്രമായ വിവേചന അധികാരത്തിലും ബുദ്ധിശക്തിയിലുമാണ്. സ്വാതന്ത്ര്യം തന്നെയാണ് ഒരുവന് എല്ലാക്കാലത്തെയും ഏറ്റവും വിലപ്പെട്ട സമ്പത്ത്. അത് നഷ്ടപ്പെടുമ്പോൾ മനുഷ്യ ജീവന്റെ അന്തസ്സാണ് നഷ്ടപ്പെടുന്നതെന്ന് ദൈവവചനവും നമ്മെ ഓർമിപ്പിക്കുന്നു.

മനുഷ്യന് സ്രഷ്ടാവ് നൽകിയ വ്യക്തിപരമായ, സാമൂഹികമായ, രാഷ്ട്രീയമായ സ്വാതന്ത്ര്യം നഷ്ടപ്പെട്ടപ്പോഴെല്ലാം അത് നേടിയെടുക്കാനും നിലനിർത്താനും ചെയ്ത ത്യാഗങ്ങളും സഹനങ്ങളും നമ്മുടെ മാനവ ചരിത്രത്തിന്റെയും അഭിമാനകരമായ പൈതൃകത്തിന്റെയും ഭാഗമാണ്. സ്വാതന്ത്ര്യത്തിന്റെ അമൃതകാലത്ത്, ഭരണഘടനയിലൂടെ ഈ നാട്ടിലെ ജനങ്ങൾ എന്ന നിലയിൽ നാം സ്വന്തമാക്കിയ സ്വാതന്ത്ര്യം, പതിയെ പതിയെ ഇല്ലാതായി ഏകാധിപത്യ പ്രവണതകളിലേക്ക് കോട്ടും സ്യൂട്ടുമിട്ട് ചെങ്കോലും പിടിച്ചു നടന്നടുക്കുന്നു എന്ന സംശയം ബലപ്പെടുകയാണ്.

നമ്മുടെ കാലഘട്ടത്തിലെ വിഴിഞ്ഞം സമരത്തെ പോലും നിർദ്ദയം രാഷ്ട്രീയബോധമില്ലാതെ, പല്ലും നഖവുമുപയോഗിച്ച് എതിർക്കുകയും തകർക്കുകയും താറടിച്ചു കാണിക്കുകയും ചെയ്ത രാഷ്ട്രീയം മറക്കാനാകില്ല. അതുപോലെ മണിപ്പൂരിലെ തദ്ദേശീയർ തമ്മിലുള്ള സംഘർഷത്തെ, ജനതകളെ ഭിന്നിപ്പിച്ചു ഭരിക്കുന്ന രാഷ്ട്രീയ കൗശലത്തിന്റെ ബാക്കിപത്രമായാണ് കാണേണ്ടത്. കഴിഞ്ഞ ഒരു പതിറ്റാണ്ടായി തുടരുന്ന മനുഷ്യാവകാശ ലംഘനങ്ങളുടെയും എതിർ സ്വരങ്ങളോടുള്ള അസഹിഷ്ണുതയുടെയും അമിതമായ അധികാര കേന്ദ്രീകരണങ്ങളുടെയും മാധ്യമങ്ങളുടെ വിലയ്ക്കെടുക്കലുകളുടെയും സർക്കാർ സംവിധാനങ്ങളിലെ രാഷ്ട്രീയ പ്രീണനത്തിന്റെയും നീതിന്യായ സംവിധാനങ്ങളിലെ അമിതമായ ഇടപെടലുകളുടെയും ബാക്കിപത്രമാണ്. നമ്മുടെ കാലഘട്ടം നമ്മോട് ആവശ്യപ്പെടുന്നത് വ്യക്തമായ, ശക്തമായ നിലപാടുകളാണ്. അത്തരത്തിലൊരു നിലപാടെടുക്കൽ ആയിരുന്നു കഴിഞ്ഞയാഴ്ച കെ. ആർ. എൽ. സി. സി.യും തിരുവനന്തപുരം അതിരൂപതയും ചേർന്ന് രക്തസാക്ഷി മണ്ഡപത്തിൽവച്ച് നടത്തിയ മണിപ്പൂരിനോടുള്ള ഐക്യദാർഢ്യ സമ്മേളനം. പങ്കാളിത്തം കൊണ്ടുമാത്രമല്ല അതുയർത്തിയ രാഷ്ട്രീയബോധവും ധാർമിക ആർജ്ജവത്വവുംകൊണ്ട് മണിപ്പൂർ ജനതയുടെ തീരാ വേദനകളോടുള്ള നമ്മുടെ ചേർന്നുനിൽക്കലായി.

- പത്രാധിപർ

# പ്രതികരണങ്ങൾ




## ആഫ്രിക്കൻ മിഷണറി അനുഭവം

കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ച ഫാ.ആന്റണി അലക്കിയാസിന്റെ 'ലാളിത്യത്തിൽ ജീവിതം ആഘോഷിക്കുന്നവർ" എന്ന മിഷണറി അനുഭവം വളരെ മികച്ച വായനാനുഭവം നൽകി. കേരളംപോലെ അത്രയും വികസിക്കാത്ത ടാൻസാനിയ പോലുള്ളൊരു പ്രദേശത്തുള്ളവർ എത്ര സന്തോഷമായി ജീവിതം നയിക്കുന്നു എന്നറിഞ്ഞതിൽ അത്ഭുതം തോന്നുന്നു. കഷ്ടപ്പാടിനിടയിലും ചെറിയ കാര്യങ്ങളിൽ വലിയ സന്തോഷം കണ്ടെത്തുന്നവർ നമുക്ക് മാതൃക തന്നെയാണ്. പുറംരാജ്യത്തെ ക്രൈസ്തവ സമൂഹത്തിനിടയിൽ പ്രവർത്തിക്കുന്ന ഇത്തരം വൈദികരുടെ അനുഭവങ്ങൾ മാസികയിൽ ഇനിയും ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ഒരു ലേഖനം ഉൾപ്പെടുത്തിയ ജീവനും വെളിച്ചവും മാസികയ്ക്കും അതിന്റെ പ്രവർത്തകർക്കും നന്ദി.

**ജോസ് സെബാസ്റ്റ്യൻ**
പൊഴിയൂർ



## ഇന്ന് മണിപ്പൂർ... നാളെ കേരളം...

എന്റെ മണിപ്പൂർ കത്തുമ്പോൾ വായിച്ചു. എന്റെ മണിപ്പൂർ കത്തി എരിയുന്നു. ക്രൈസ്തവരും ക്രൈസ്തവ ആരാധനാലയങ്ങളും കോൺവെന്റുകളും അക്രമികൾ അഗ്നിക്കിരയാക്കുന്നു. തെരുവകളിൽ നിസഹായരുടെ നിലയ്ക്കാത്ത നിലവിളി. നിരപരാധികളെ നിഷ്ഠൂരമായി കൊല്ലുന്നു. പലായനത്തിന്റെ പാതയിലാണ് അവിടെ ക്രൈസ്തവർ. സംസ്ഥാനവും കേന്ദ്രവും കയ്യുംകെട്ടി നോക്കിയിരിക്കുമ്പോൾ അക്രമികൾ യഥേഷ്ടം കൊള്ളയും കൊള്ളിവയ്പും നടത്തി അഴിഞ്ഞാടുന്നു. ഭയത്തിന്റെയും ആശങ്കയുടെയും ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വത്തിലുമാണ് അവിടെ ക്രൈസ്തവർ.

കെസിബിസി മണിപ്പൂരിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച് പ്രാർഥനാ യജ്ഞം നടത്തിയത് ശ്ലാഘനീയം തന്നെ. എന്നാൽ ഇങ്ങനെയുള്ള ഒറ്റപ്പെട്ട പ്രതിഷേധംകൊണ്ട് ഫലമുണ്ടാകുമെന്ന് തോന്നുന്നില്ല. രാജ്യമാകെ ക്രൈസ്തവർ ഒറ്റക്കെട്ടായി നിന്ന് സമരം നടത്തണം. ഭരണാധികാരികളുടെ അടിയന്തിര ഇടപെടൽ ഉണ്ടാകുന്നതുവരെ ഉണർന്നുപ്രവർത്തിക്കണം.

മണിപ്പൂർ ഒരു 'ടെസ്റ്റ് ഡോസ്' ആണ്. ഇതിന്റെ ചുവട് മറ്റ് സംസ്ഥാനങ്ങളും വ്യത്യസ്ത രീതികളിൽ ക്രൈസ്തവർക്കെതിരെ ഘോരമായ സംഘടിത ആക്രമണ പരമ്പരകൾ അഴിച്ചുവിട്ടേക്കാം. നാം നിതാന്ത ജാഗ്രത പാലിച്ചില്ലെങ്കിൽ 'ഇന്ന് മണിപ്പൂർ, നാളെ കേരളം എന്ന് ഓർത്താൽ നന്ന്. ഇപ്പോൾ തന്നെ കേരളത്തിൽ ക്രൈസ്തവർക്കെതിരെ ഒറ്റപ്പെട്ടതും സംഘടിതവുമായ പ്രവർത്തനങ്ങൾ നടക്കുന്നു. പ്രത്യേക ക്രൈസ്തവവിരുദ്ധ അജണ്ട കേളത്തിലും പരീക്ഷിച്ചുവരുന്നതിന്റെ നിഗൂഡതകൾ നാം അറിയാതെ പോകരുത്.

**ജെറാൾഡ് ബി. മിരാൻഡ**, തോന്നയ്ക്കൽ

## 'വാർത്തകൾ' പംക്തിക്ക് നന്ദി

തിരുവനന്തപുരം അതിരൂപതയെ സംബന്ധിച്ച വാർത്തകളും ഇടവകകളിൽ നടക്കുന്ന പ്രവർത്തനങ്ങളും വിവരിക്കുന്ന വാർത്തകൾ പംക്തി കൈയ്യടി അർഹിക്കുന്നു. ഒരു സാധാരണ വ്യക്തിക്ക് മികച്ച രീതിയിൽ അറിയിപ്പുകളും വിവരങ്ങളും ലഭ്യമാക്കാൻ ഇതിലൂടെ സാധിക്കുന്നുണ്ട്. വത്തിക്കാനിലെയും മറ്റും വാർത്തകൾ കൂടി അറിയാൻ ആഗ്രഹമുണ്ട്. അതിനാൽ അന്താരാഷ്ട്ര വാർത്തകൾ കൂടി ഉൾപ്പെടുത്തിയാൽ ഈ പംക്തി കുറച്ചുകൂടി മെച്ചപ്പെടുത്താമെന്ന അഭിപ്രായം അറിയിച്ചുകൊള്ളുന്നു. എഴുത്തും ഭാഷയും ഇതേ രീതിയിൽ തുടരുന്നതും നല്ലതായിരിക്കും.

**മിനി ഡിക്രൂസ്**
കിള്ളിപ്പാലം

# താളുകളിൽ


**യുവശക്തി ഇത് യുഗശക്തി** 6
ഫാ. അസ്സീസി

**രാഷ്ട്രനിർമിതി: പങ്കാളിത്തവും പ്രാതിനിധ്യവും** 10
ഫാ. ലോറൻസ് കുലാസ്

*കവിത*
**അമ്മച്ചി** 12
സിന്ദുമോൾ തോമസ്

**ആർക്കും വേണ്ടാത്ത മുതലപ്പൊഴി മിനി ഫിഷിംഗ് ഹാർബർ** 13
ഫാ. ബെന്നി എസ്.ജെ

*കവിത*
**മകളുടെ ഭാഷ** 15
ഷൈജു അലക്സ്

**മാനസികാരോഗ്യം കുട്ടിക്കളിയല്ല** 16
അലീന

*നാടകം*
**പൂച്ച** 18
ബർഗ്മാൻ തോമസ്

**വായന** 21
ജോയിഷ് ജോസ്

**ചരിത്രപഥം** 24
ഇഗ്നേഷ്യസ് തോമസ്

**വാർത്തകൾ** 26

**നീർച്ചാൽ** 32

**കുഞ്ഞാടുകൾ** 38

**വചനജ്വാല** 40

**നേർക്കാഴ്ച** 42
ജെ.സി.








# യുവശക്തി ഇത് യുഗശക്തി

**ലോക യുവജന ദിനാചരണം 2023 ആഗസ്റ്റ് 1 മുതൽ 6 വരെ**



ഫാ. അസ്സീസ്സി

*“യുവാക്കളെ ഉണരൂ*
*യുവതികളെ ഉണരൂ*
*യേശു നിന്നെ വിളിക്കുന്നു.*
*വിശുദ്ധ സഭ നിന്നെ വിളിക്കുന്നു.*
*പരിശുദ്ധ പിതാവ് നിന്നെ വിളിക്കുന്നു.”*

**ആ**ത്മാവിൽ ശക്തിപ്പെടുവാൻ ആത്മാക്കളെ ശക്തിപ്പെടുത്തുവാൻ, ഈ യുഗത്തിന്റെ യുവഹൃദയങ്ങളെ ക്ഷണിക്കുന്ന ഫ്രാൻസിസ് പാപ്പ നമ്മെ ഓർമിപ്പിക്കുന്നത് ഉണരുവാനും ഉണർന്നു പ്രവർത്തിക്കുവാനും തിടുക്കം കൂട്ടണം എന്നാണ്. വിവേകപൂർവ്വമായ ഒരു തിടുക്കത്തിന്റെ ആവശ്യം ഓരോ യുവാവും തൻറെ ഹൃദയത്തിൽ അനുഭവിക്കണം. പരിശുദ്ധ അമ്മ എലിസബത്തിനെ സഹായിക്കുവാൻ തിടുക്കത്തിൽ യാത്ര പുറപ്പെട്ടത് പോലെ യുവജനങ്ങളും സഹായം അർഹിക്കുന്നവരെ സഹായിക്കുവാൻ തിടുക്കത്തിൽ യാത്ര പുറപ്പെടേണ്ടതുണ്ട് എന്ന പ്രധാന സന്ദേശമാണ് ഈ യുവജന ദിനത്തിൽ തനിക്ക് നൽകാനുള്ളത് എന്ന് സൂചിപ്പിച്ചു കൊണ്ട് കർമ്മനിരതരാകുവാൻ നമ്മെ ക്ഷണിക്കുകയാണ്.

നീ കണ്ടുമുട്ടുന്ന ഓരോ യുവാവിന്റെയും യുവതിയുടെയും രോദനത്തിൽ ഒരായിരം ഈശ്വരവിലാപങ്ങൾ നീ കേൾക്കണം. കേൾവിയും കാഴ്ചയും മണവും രുചിയും സ്പർശനവും മന്ദീഭവിച്ച ഒരു തലമുറയുടെ ഭാഗമായാൽ മതിയോ? ഡിജിറ്റൽ വൽക്കരണത്തിന്റെ അടിമത്തത്തിലേക്ക് കടന്നുപോയിക്കൊണ്ടിരിക്കുന്ന ഈ തലമുറയിൽ കാരുണ്യത്തിന്റെ നിറവുള്ള, പക്വത പ്രാപിച്ച യുവജനങ്ങളുടെ ആവശ്യകതയും അത് വേഗം വേണം എന്നുള്ള ആഹ്വാനവും നൽകുകയാണ് പാപ്പ. ഹൃദയത്തിൽ ഒത്തിരി സ്നേഹം നിറഞ്ഞ ഒരു പപ്പയുടെ വാ

ത്സല്യത്തോടെ തന്റെ യുവജന സന്ദേശം പങ്കുവച്ച പരിശുദ്ധ പിതാവ് ജീവന്റെ മൂന്നു ഭാഷകളെ മനസ്സിലാക്കി മറ്റുള്ളവരുമായി നല്ല ആശയവിനിമയങ്ങൾ നടത്തുവാൻ യുവജനങ്ങളുടെ ഹൃദയങ്ങളെ ഉത്സാഹിക്കുവാൻ പ്രേരിപ്പിക്കുകയാണ്.

**‘ഒന്നാമതായി ശിരസ്സിന്റെ ഭാഷ**
**രണ്ടാമതായി ഹൃദയത്തിന്റെ ഭാഷ**
**മൂന്നാമതായി കരത്തിന്റെ ഭാഷ.’**

ശിരസ്സിന്റെ ഭാഷ ശരിയായി ചിന്തിക്കാനും, എന്താണ് നമ്മളെ സ്പർശിച്ചതെന്നും, എന്താണ് നമ്മൾ ചെയ്യുന്നതെന്നും മനസ്സിലാക്കാനും ഹൃദയത്തിന്റെ ഭാഷ നമ്മൾ ചിന്തിക്കുന്നതും ചെയ്യുന്നതും വളരെ ആഴത്തിൽ അനുഭവിക്കാനും, കരങ്ങളുടെ ഭാഷ നമ്മെ സ്പർശിച്ചതും ചിന്തിപ്പിച്ചതും ഫലപ്രദമായി ചെയ്യാനും നമ്മെ സഹായിക്കുന്നു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഈ പശ്ചാത്തലത്തിൽ യുവജനങ്ങൾ ഈ മൂന്ന് ഭാഷകളുമായി നിറജീവൻ ഉള്ളവരാണ് എന്നതും പാപ്പാ ഓർമിപ്പിച്ചു.

ദൈവത്തിന്റെ സൃഷ്ടികളിൽ മകുടമായ മനുഷ്യൻ, അവിടുത്തെ സൃഷ്ടികളിൽ കാണുന്ന നന്മ സ്വന്തം ജീവിതത്തിൽ പരിശീലിക്കുവാൻ മറന്നു പോയതിനെ അനുസ്മരിപ്പിക്കുകയാണ് ഈ യുവജന ദിനത്തിൽ പരിശുദ്ധ പിതാവ്.

**‘ഇറുപ്പവനും മലർ ഗന്ധമേകും**
**വെട്ടുന്നവനും തരു ചൂടകറ്റും**
**ഹനിപ്പവനും കിളി പാട്ടുപാടും**
**പരോപകാര പ്രവണം പ്രപഞ്ചം’**

ഈ പ്രവണതയിലേക്ക് മനുഷ്യരാശിയെ തിരികെ കൊണ്ടുവരുവാൻ യുവജനങ്ങൾ തങ്ങളുടെ ത്രിവിധ ഭാഷകളെ ഫലപ്രദമായി വിനിയോഗിക്കേണ്ടതുണ്ട്. നിറഞ്ഞ യൗവനമാണ് ക്രിസ്തുനാഥൻ തന്റെ പ്രവർത്തന കാലഘട്ടമായി ഈ ഭൂമിയിൽ തെരഞ്ഞെടുത്തത്. മാനുഷികമായി ശിരസ്സും ഹൃദയവും കരങ്ങളും ഒന്നുപോലെ ശക്തമായ ഒരു കാലഘട്ടമാണ് യൗവനം എന്നതിൽ രണ്ട് അഭിപ്രായങ്ങൾ ഇല്ല . അതിനാൽത്തന്നെ ഉത്തരവാദിത്വപൂർണ്ണമായ ഒരു യൗവനം ജീവിക്കുവാൻ തന്റെ ശരീരവും മനസ്സും ആത്മാവും സജ്ജമാക്കി പൂർണ്ണ സ്വാതന്ത്ര്യത്തോട് കൂടെ തീരുമാനങ്ങൾ കൈക്കൊണ്ട് ശിരസും ഹൃദയവും കരങ്ങളും ഏകാഗ്രതയോടെ പ്രവർത്തിപ്പിച്ച് മാനവരാശിയുടെ ഉന്നമനത്തിനായി സമൂഹത്തെ ഏകോപിപ്പിക്കുവാൻ ഓരോ യുവാവിനും യുവതിക്കും കഴിയണം.

**‘Without team, there is no dream’**

ജീവിതത്തിൽ സ്വപ്നങ്ങൾ കാണുവാൻ ആയിട്ട് നമ്മോടൊപ്പം സംഘടിതമായ ഒരു ശക്തി ആവശ്യമുണ്ട്. നന്മ ചെയ്യുന്നവർ നാലുപേർ ഒ

# കത്തോലിക്കാ യുവജനങ്ങളും ആധുനിക സമൂഹത്തിലെ വെല്ലുവിളികളും



**കാസി പൂപ്പന**
കെ.സി.വൈ.എം ലാറ്റിൻ സംസ്ഥാന പ്രസിഡന്റ്

ആധുനിക സമൂഹത്തിൽ, കത്തോലിക്കാ യുവജനങ്ങൾ സവിശേഷമായ പ്രതീക്ഷകളും വെല്ലുവിളികളുമുള്ള ഒരു സങ്കീർണ്ണമായ കാലഘട്ടത്തിലൂടെയാണ് സഞ്ചരിക്കുന്നത്. ധാർമ്മിക ആപേക്ഷികതയുടെയും സാമൂഹിക സമ്മർദ്ദങ്ങളുടെയും പശ്ചാത്തലത്തിൽ പോലും സ്നേഹം, അനുകമ്പ, നീതി എന്നിവയുടെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ അവർ വിളിക്കപ്പെടുന്നു. സമപ്രായക്കാരുടെ സമ്മർദ്ദത്തെ ചെറുക്കുക, സ്വന്തം വിശ്വാസങ്ങൾക്കായി നിലകൊള്ളുക തുടങ്ങിയ ബുദ്ധിമുട്ടുള്ള തീരുമാനങ്ങൾ എടുക്കാൻ അവർ ബാദ്ധ്യസ്ഥരാണ്. ഈ മതേതര ലോകത്ത്, കത്തോലിക്കാ യുവാക്കൾ തങ്ങളുടെ വിശ്വാസത്തെ മതേതര ആശയങ്ങളുമായി പൊരുത്തപ്പെടുത്താനുള്ള വെല്ലുവിളിയെ അഭിമുഖീകരിക്കുന്നുണ്ട്. അറിവിന്റെയും വിവേചനത്തിന്റെയും ശക്തമായ അടിത്തറ അവർക്ക് ചുറ്റുമുള്ള ലോകത്തെ വിമർശനാത്മകമായി വിലയിരുത്താൻ പ്രാപ്തരാക്കുന്നു. ആധുനിക സമൂഹം മതപരമായ വൈവിധ്യവും ബഹുസ്വരതയുമുള്ളതാണ്. മറ്റ് മതങ്ങളിലുള്ളവരുമായോ മതവിശ്വാസങ്ങളില്ലാത്തവരുമായോ മാന്യമായ സംഭാഷണത്തിൽ ഏർപ്പെടാൻ ശ്രദ്ധിക്കണം. സ്വന്തം വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് മറ്റുള്ളവരിൽ നിന്ന് പഠിക്കാനുള്ള തുറന്ന മനസ്സും യുവാക്കൾക്ക് ആവശ്യമാണ്. യുവജനപ്രസ്ഥാനങ്ങൾ ഈ വെല്ലുവിളികളെ മറികടക്കാനും ഒരു പരിധിവരെ സാമൂഹിക അസമത്വങ്ങൾക്കെതിരെ പോരാടുവാനും യുവജനങ്ങളെ പ്രാപ്തരാക്കുന്നു. ധാർമ്മിക സമഗ്രത ഉയർത്തിപ്പിടിക്കുക, മതേതര സ്വാധീനങ്ങളുമായി അവരുടെ വിശ്വാസത്തെ അനുരഞ്ജിപ്പിക്കുക, മതേതര സംവാദത്തിൽ ഏർപ്പെടുക, സാമൂഹിക പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുക എന്നിവ അവർ അഭിമുഖീകരിക്കുന്ന ബഹുമുഖവശങ്ങളിൽ ഉൾപ്പെടുന്നു. ഈ അവസരങ്ങളിൽ എല്ലാമാണ് കേരള കത്തോലിക്കാ സഭയുടെ ധാർമ്മിക യുവജന പ്രസ്ഥാനമായ കെ.സി.വൈ.എംന്റെ പ്രാധാന്യം ഏറിവരുന്നത്. കത്തോലിക്കാ യുവജനങ്ങൾക്ക് അവരുടെ വിശ്വാസങ്ങളുടെ പരിവർത്തന ശക്തിയെ ഉൾക്കൊള്ളാനുള്ള അവസരം പ്രസ്ഥാനം ഒരുക്കുന്നുണ്ട്. അതുവഴി സമൂഹത്തിൽ അഗാധമായ സ്വാധീനം ചെലുത്താൻ സാധിക്കുന്ന അവസരങ്ങൾ അതിന്റെ പൂർണ്ണതയിൽ വിനിയോഗിക്കുവാനും ആത്മീയവും ഭൗതികവുമായ ജീവിതം ക്രമപ്പെടുത്തി മുന്നോട്ട് പോകാനും എല്ലാ യുവജനങ്ങൾക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു

**പ്രാചീനതയിൽ ആദ്യദാനത്തെ കുറിച്ചുള്ള അറിവ് പോലും സമഗ്രമായി ഉൾക്കൊള്ളുവാൻ മനുഷ്യന് ഒരുപാട് കാലതാമസം നേരിട്ടിരുന്നതിനാൽ, ആ അറിവ് തലമുറകൾക്ക് കൈമാറാൻ ഒരുപാട് ബദ്ധപ്പാടുകൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ ജീവിതത്തിൽ ചെറുപ്പം മുതലേ തിരിച്ചറിവുകളിലൂടെ കടന്നുപോയിട്ടുള്ള ഏതാനും വിശുദ്ധ വ്യക്തിത്വങ്ങളാണ് ആ തലമുറകളിൽ ജീവൻ നിലനിർത്തുവാൻ ജീവിതത്തിന്റെ മഹത്വം വെളിപ്പെടുത്തുന്ന കുരുവികളായി ക്രിസ്തുവിനോടൊപ്പം നിലനിന്നിട്ടുള്ളത്.**

രുമിക്കുമ്പോൾ അത് സഭയ്ക്കും സമൂഹത്തിനും ഗുണകരമായി തീരുന്നു. സംഘടിക്കുവാൻ ആദർശങ്ങൾ വേണം. ഈ ലോകം കണ്ടതിൽ വച്ച് ഏറ്റവും മഹോന്നതമായ ക്രൈസ്തവ ആദർശം, ക്രൈസ്തവ വിശ്വാസം നമ്മെ ഓർമിപ്പിക്കുന്നത് ദൈവം നമുക്ക് നൽകിയ ത്രിവിധ ദാനങ്ങളെക്കുറിച്ചാണ് .

‘ഒന്നാമതായി ജീവനുള്ള ശരീരവും മനസ്സും ആത്മാവും .

രണ്ടാമതായി ദൈവത്തോടും മനുഷ്യനോടും പ്രകൃതിയോടും ഉള്ള ബന്ധങ്ങൾ.

മൂന്നാമതായി ക്രിസ്തുവിലൂടെ ക്രിസ്തുവിനോട് കൂടെ ക്രിസ്തുവിൽ തന്നെയുള്ള വിശ്വാസവും പ്രത്യാശയും സ്നേഹവും.‘

ഒരു വ്യക്തിയുടെ ജീവിതം ശരീരം, മനസ്സ്, ആത്മാവ് എന്നിവയുടെ സമഗ്ര സംഗമമാണ്. ഓരോ യുവാവും യുവതിയും തന്റെ ജീവിതത്തിൽ പക്വതയിലേക്കുള്ള യാത്രയിൽ കണ്ടെത്തുന്ന മഹത്തായ ഒരു സത്യമാണിത്, ഒപ്പം ദൈവത്തിന്റെ മഹത്തായ ദാനവും .

ആത്മാവിന്റെ പ്രാഥമികതയാണ് ഇതിനോടൊപ്പം ഉൾക്കൊള്ളേണ്ട മറ്റൊരു സത്യം. ജീവിതാദർശങ്ങൾ രൂപീകരിക്കുന്നതിൽ ഈ സത്യത്തിന് വലിയ പങ്കുണ്ട്. പല യുവത്വങ്ങളുടെയും ജീവിതത്തിന് വഴിത്തിരിവാകുന്നത് ഈ സത്യത്തിന്റെ പേരിലുള്ള ഒരു വ്യക്തിയുടെ ആഭിമുഖ്യമാണ്. ജീവൻ നൽകിയവന് ഈ ലോകത്തിലെ ഓരോ ജീവിതവും പ്രാധാന്യം അർഹിക്കുന്നതാണ് എന്ന ബോധ്യം കൂടി വ്യക്തിക്ക് ഉണ്ടാകുമ്പോൾ കർമ്മനിരതമായ ജീവിതത്തിലേക്ക് ആ വ്യക്തി നയിക്കപ്പെടുന്നു. തുടർന്ന്, സൃഷ്ടിച്ച ദൈവത്തോടും ജന്മം നല്കിയ മാതാപിതാക്കളോടും ഒപ്പം സൃഷ്ടിക്കപ്പെട്ട മനുഷ്യജന്മങ്ങളോടും സൃഷ്ട പ്രപഞ്ചത്തോടുമുള്ള തന്റെ ബന്ധം ആഴപ്പെടുത്തുവാനുള്ള പരിശ്രമങ്ങളിൽ വ്യക്തി ശ്രദ്ധ ചെലുത്തുന്നു. ഈ പരിശ്രമത്തിലൂടെ തന്റെ ദർശനങ്ങൾ ശക്തിപ്പെടുത്തുകയാണ് അദ്ദേഹം ചെയ്യുന്നത്. പ്രകൃതിദത്തമായ ഒരു ചായ്‌വ് ഇതിനായി ദൈവം, മനുഷ്യന്റെ അന്തരംഗങ്ങളിൽ ചെലുത്തിയിട്ടുണ്ട്. എങ്കിലും ലൗകികതയ്ക്ക് താളം പിടിക്കുന്ന മനുഷ്യന്റെ ജീവിതത്തിൽ സ്വന്തം നിക്ഷിപ്ത താല്പര്യങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് മുന്നേറുവാനാണ് അവന്റെ അഹം അവനെ പ്രേരിപ്പിക്കുന്നത് എന്ന് മനസ്സിലാക്കിയ സ്രഷ്ടാവായ ദൈവം, തന്റെ സ്വന്തം പുത്രനെ ബന്ധങ്ങളിൽ വിശ്വാസവും പ്രത്യാശയും സ്നേഹവും നിലനിർത്തുവാനുള്ള ഉത്തമ മാതൃകയായി മനുഷ്യന് നൽകിക്കൊണ്ട് അവനിലൂടെ അവനോടുകൂടെ അവനിൽ തന്നെ മനുഷ്യനെ ചരിപ്പിക്കുവാൻ, ചിന്തിപ്പിക്കുവാൻ ആഗ്രഹിച്ചു. ആ പുത്രൻ സ്വന്തം ജീവൻ ബലിയാക്കിക്കൊണ്ട് തന്റെ യൗവന കാലഘട്ടം മുഴുവൻ ഈ ലോകം മുഴുവനെയും തന്റെ ഹൃദയത്തിൽ പേറിക്കൊണ്ട് ജീവിതത്തെ നിറയൗവനത്തിന്റെ മാതൃകയാക്കി. കൂദാശകൾ സ്ഥാപിച്ചുകൊണ്ട്, അവയിൽ നിമഗ്നമായിരിക്കുന്ന ശുശ്രൂഷകളുടെ ചൈതന്യം നമുക്ക് പകർന്നു തന്നു. കൂദാശകളുടെ കേന്ദ്രമായ ദിവ്യകാരുണ്യം സ്ഥാപിക്കുമ്പോൾ, സ്വന്തം ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിക്കൊണ്ട് നിങ്ങളും ഞാനും യൗവന കാലഘട്ടം ജീവിക്കേണ്ടത് ഇപ്രകാരമാണ് എന്ന് അവിടുന്ന് നമ്മെ ഓർമിപ്പിച്ചു. ഓരോ കൂദാശയും ഒരു ഓർമ്മ പുതുക്കലാണ്. ഓരോ ശുശ്രൂഷയും അതുപോലെതന്നെ.

യുവജന ശുശ്രൂഷയിലൂടെ നാം പുതുക്കുവാൻ ദൈവം അഭിലഷിക്കുന്നത് എന്താണ് എന്ന ചോദ്യത്തിന് ഓരോ വ്യക്തിക്കും പറയുവാനുള്ളത് വ്യത്യസ്തത നിറഞ്ഞ മറുപടികൾ ആയിരിക്കാം. കാരണം വ്യക്തി അവന്റെ വ്യക്തിത്വത്തിൽ ഏകതാനത നിറഞ്ഞവനാണ് . എന്നാൽ ഓരോ വ്യക്തിയിലും നിറഞ്ഞുനിൽക്കുന്ന മനുഷ്യത്വം എന്ന സാമൂഹികത നമ്മെ ഒന്നിപ്പിക്കുമ്പോൾ ആ മനുഷ്യത്വത്തിന്റെ യഥാർത്ഥ മുഖം ആണ് നാം ക്രിസ്തുവിൽ ദർശിക്കുന്നത്. മനുഷ്യത്വത്തിന് ശുശ്രൂഷ ചെയ്യുവാൻ മുന്നോടിയായി ക്രിസ്തുവിനെ അനുകരിച്ചുകൊണ്ട് അനുഗമിച്ചുകൊണ്ട് ഓരോ യുവജനവും മുൻപോട്ട് വരട്ടെ .

പ്രാചീനതയിൽ ആദ്യദാനത്തെ കുറിച്ചുള്ള അറിവ് പോലും സമഗ്രമായി ഉൾക്കൊള്ളുവാൻ മനുഷ്യന് ഒരുപാട് കാലതാമസം നേരിട്ടിരുന്നതിനാൽ, ആ അറിവ് തലമുറകൾക്ക് കൈമാറാൻ ഒരുപാട് ബദ്ധപ്പാടുകൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ ജീവിതത്തിൽ ചെറുപ്പം മുതലേ തിരിച്ചറിവുകളിലൂടെ കടന്നുപോയിട്ടുള്ള ഏതാനും വിശുദ്ധ വ്യക്തിത്വങ്ങളാണ് ആ തലമുറകളിൽ ജീവൻ നിലനിർത്തുവാൻ ജീവിതത്തിന്റെ മഹത്വം വെളിപ്പെടുത്തുന്ന കുരുവികളായി ക്രിസ്തുവിനോടൊപ്പം നിലനിന്നിട്ടുള്ളത്.

ഈ അവസരത്തിൽ യുവജനങ്ങളുടെ മധ്യസ്ഥനായ വിശുദ്ധ തോമസ് മൂറിനെ അനുസ്മരിക്കാതിരിക്കാൻ വയ്യ. പാണ്ഡിത്യവും അതിലേറെ വിശ്വാസവും നിറഞ്ഞുനിന്നിരുന്ന തോമസ് മൂറിന്റെ രാഷ്ട്രീയവളർച്ച അത്ഭുതാവഹമായിരുന്നു. 26-ാമത്തെ വയസ്സിൽ പാർലിമെന്റംഗം. താമസിയാതെ ഹെൻട്രി എട്ടാമന്റെ പ്രീവി കൗൺസിൽ മെമ്പറായി. 1529ൽ ഇംഗ്ലണ്ടിന്റെ ചാൻസിലറായി. ഇതൊ

ക്കെയാണെങ്കിലും, തന്റെ കുഞ്ഞുങ്ങൾക്ക് ക്രിസ്തീയ വിദ്യാഭ്യാസം നൽകുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. പഠനത്തോടൊപ്പം പ്രാർത്ഥന, കാരുണ്യപ്രവൃത്തികൾ, കലാപരമായ ആഭിമുഖ്യം, വായന, ഗാർഡനിംഗ് എല്ലാക്കാര്യങ്ങളിലും കുട്ടികൾക്കു പരിശീലനം നൽകിയിരുന്നു. ദിവസവും നാലോ അഞ്ചോ മണിക്കൂറാണ് ഉറങ്ങാൻ ഉപയോഗിച്ചിരുന്നത്. ദിവസവും പ്രായശ്ചിത്ത പ്രവൃത്തികൾ ചെയ്യും. ചാൻസിലറായിരുന്നപ്പോഴും ഇടവകപ്പള്ളിയിൽ പോയി വി. ബലിയിൽ സഹായിക്കും. ഗായകസംഘത്തിൽ ചേർന്ന് ഗാനങ്ങൾ ആലപിക്കും; തീർത്ഥാടനങ്ങളിലും പ്രദക്ഷിണങ്ങളിലും പങ്കെടുക്കും. എപ്പോഴും അദ്ദേഹം സന്തോഷവാനായിരുന്നു. ഭൗതികനേട്ടങ്ങളെക്കാളെല്ലാം അദ്ദേഹം വിലമതിച്ചത് സത്യവും നീതിയും ദൈവേഷ്ടവുമാണ്.

ഹെൻട്രി എട്ടാമന് കാതറീൻ രാജ്ഞിയിൽ ആൺകുട്ടികളുണ്ടായില്ല. അതുകൊണ്ട് ആനി ബോളിൻ എന്ന യുവതിയെക്കൂടി വിവാഹം ചെയ്യാൻ രാജാവ് തീരുമാനിച്ചു. പക്ഷേ, റോം എതിർത്തു. രാജാവ് ക്ഷുഭിതനായി. ഇംഗ്ലണ്ടിലെ സഭയുടെ പരമാധികാരി രാജാവാണെന്നു സ്ഥാപിക്കാൻ പുതിയനിയമം പാസ്സാക്കിയെടുത്തു. അതോടെ തോമസ് മൂർ ചാൻസിലർ സ്ഥാനം രാജിവച്ചു. പുതിയ പ്രതിജ്ഞ എടുക്കാൻ തയ്യാറാകാതിരുന്ന മൂറിനെ 1534ൽ അറസ്റ്റുചെയ്തു തടവിലാക്കി. തനിക്കെതിരായുള്ള ആരോപണങ്ങളെല്ലാം അദ്ദേഹം വാദിച്ചു ജയിച്ചെങ്കിലും അദ്ദേഹത്തെ തൂക്കിലിടാനായിരുന്നു വിധി. മൂറിന് നല്ല നർമ്മബോധവുമുണ്ടായിരുന്നു. ആരാച്ചാർ മൂറിന്റെ ശിരച്ഛേദം ചെയ്യാൻ തുടങ്ങിയപ്പോൾ തന്റെ താടിമീശ ഉയർത്തിപ്പിടിച്ചുകൊണ്ടു പറഞ്ഞു: 'സുഹൃത്തേ, ഈ താടിമീശയെ ഉപദ്രവിക്കല്ലേ; അതു രാജ്യദ്രോഹമൊന്നും ചെയ്തിട്ടില്ല' 1535 ജൂൺ 5ന് തോമസ് മൂർ വധിക്കപ്പെട്ടു.

പോപ്പ് ലിയോ XIII 1866 ഡിസംബർ 29ന് മൂറിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുകയും, പോപ്പ് പയസ് XI 1935 മെയ് 19ന് വിശുദ്ധരുടെ പട്ടികയിൽ ചേർക്കുകയും ചെയ്തു. പോപ്പ് ജോൺ പോൾ II 2000ൽ തോമസ് മൂറിനെ പൊളിറ്റിക്കൽ ലീഡേഴ്സിന്റെ മദ്ധ്യസ്ഥനായി പ്രഖ്യാപിച്ചു. യുവജനങ്ങളുടെ മധ്യസ്ഥനായി നമ്മൾ തിരഞ്ഞെടുത്തിരിക്കുന്ന ഈ വിശുദ്ധനിൽ തിളങ്ങി നിന്നിരുന്നത് ഒരു ആപ്തവാക്യമാണ്. അതോ, മേൽപ്പറഞ്ഞ ദൈവദാനങ്ങളെക്കുറിച്ചുള്ള വ്യക്തമായ ബോധ്യങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വന്നതാണ്.

'ദൈവത്തിന്റെ കാരുണ്യത്താൽ, ഇന്നുവരെ എന്റെ മനഃസാക്ഷിക്ക് വിരുദ്ധമായി ഞാൻ ഒന്നും പ്രവർത്തിച്ചിട്ടില്ല.' വി. തോമസ് മൂർ

"യാത്രയിൽ ആണല്ലോ നമ്മൾ
സഹയാത്രികരാണല്ലോ നമ്മൾ
യാതനയുള്ളൊരീ ജീവിതത്തിൽ
ഒത്തുചേരുന്നതല്ലോ നമ്മുടെ ശക്തി.

വേദന മാറ്റാൻ നാടിന്റെ വീടിന്റെ എന്റെ തന്നെ
വേദന മാറ്റാൻ ഒന്നാമതായി ആത്മാവബോധം വേണം
വേദന മാറ്റാൻ പിന്നെയും ഉള്ളിൽ സാമൂഹ്യബോധവും വേണമല്ലോ "

ഈ ജീവിതയാത്രയിൽ ദൈവമാണ് സർവ്വവും നമുക്ക് നൽകുന്നത് എന്നതിൽ സംശയമില്ല. ലഭിച്ചതും ലഭിക്കുന്നതും ലഭിക്കുവാൻ ഇരിക്കുന്നതും ദൈവത്തന്റെ ദാനങ്ങളാണ് എന്നതിനെ ആദർശമാക്കിക്കൊണ്ട് ത്രിവിധ ഭാഷകൾ ശക്തമായി കൈകാര്യം ചെയ്തുകൊണ്ട് ഈ യുഗത്തിന്റെ ശക്തിയായി യുവജനം മാറുന്നതിന് സാക്ഷികൾ ആകുവാൻ ഈ തലമുറയ്ക്ക് സാധിക്കട്ടെ എന്ന് ആശിക്കുന്നു ആശംസിക്കുന്നു പ്രാർത്ഥിക്കുന്നു. നമുക്ക് തിടുക്കത്തിൽ പുറപ്പെടാം, കരുണ അർഹിക്കുന്നവരുടെ അടുക്കലേക്ക്. എനിക്ക് ഒരു പാട് ഇഷ്ടപ്പെട്ട ഒരു ഇറ്റാലിയൻ പാട്ടിൻറെ വരികൾ നിങ്ങൾക്കും യൂട്യൂബിൽ അന്വേഷിച്ച് അർത്ഥമറിഞ്ഞുകൊണ്ട് പാടി പഠിക്കുവാൻ സമർപ്പിക്കുകയാണ്. ഈ ലോകത്തിലുള്ള സകല യുവജനങ്ങളും ഒരുമിച്ചു വരുന്ന പോർച്ചുഗൽ സംഗമത്തിൽ ഞാൻ ഈ ഭാഷക്കാരനാണെന്നോ ദേശക്കാരൻ ആണെന്നോ വ്യത്യാസമില്ല മറിച്ച് ഞാൻ ദൈവത്തിന്റെ പുത്രനാണ് പുത്രിയാണ് എന്ന കൂട്ടായ്മ മനോഭാവമാണ് മുമ്പോട്ടുള്ള ജീവിത പാതയിൽ ഈ യുഗത്തിന്റെ ശക്തി ജയ് യുവശക്തി.

"VIVA CHRISTO RE"

'Io lo so signore signore che vengo da lontano prima nel pensiero e poi dalla tua mano
Io mi rendo conto che tu sei la mia vita e non mi sembra vero di pregarti così
Padre di ogni uomo che non ti ho visto mai spirito di vita e nacque da una donna
figlio mio fratello e sono solo un uomo eppure io capisco che tu sei verità
Imparerò guardare tutto il mondo con gli occhi trasparenti di un bambino
Ei insegnerò a chiamarti padre nostro ad ogni figlio che diventa uomo…"

അനുഗ്രഹാശിസ്സുകളോടെ ,
**അസ്സീസിയച്ചൻ**



# രാഷ്ട്രനിർമിതി: പങ്കാളിത്തവും പ്രാതിനിധ്യവും





ഫാ. ലോറൻസ് കുലാസ്

കേരള ലത്തീൻ കത്തോലിക്കാ സമൂഹത്തിന്റെ ഉന്നത നയരൂപീകരണ ഏകോപന സമിതിയാണ് കെ. ആർ. എൽ. സി. സി. ലത്തീൻ സമുദായത്തിന്റെ വിവിധ മേഖലകളെ ഏകോപിപ്പിച്ചുകൊണ്ട് വർത്തമാന കാലഘട്ടത്തിലും ഭാവിയിലും സമുദായത്തിന്റെ നിലപാടുകൾ എന്തായിരിക്കണമെന്ന് ഈ സമിതി ചിന്തിക്കുന്നു. സമിതിയുടെ 41-ാമത് ജനറൽ അസംബ്ലി ജൂലൈ 7, 8, 9 തീയതികളിൽ കൊച്ചിയിലുള്ള ആൽഫാ സെന്ററിൽ നടക്കുന്നു. പ്രസ്തുത ഒത്തുചേരലിൽ സമിതി പ്രത്യേകമായി ചിന്തിക്കുന്നത് നമ്മുടെ രാഷ്ട്രനിർമിതിയിൽ ലത്തീൻ സമുദായം വഹിക്കേണ്ടുന്ന പങ്കും സമുദായത്തിന് ലഭിക്കേണ്ടുന്ന പ്രാതിനിധ്യവും ആണ്. രാഷ്ട്രവുമായി ബന്ധപ്പെട്ടു കിടക്കുന്ന എല്ലാ സംവിധാനങ്ങളും വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തി രാഷ്ട്രത്തിന്റെ പുരോഗതി കൈവരിക്കുന്ന പ്രക്രിയയാണ് രാഷ്ട്രനിർമിതി. വൈവിധ്യമാർന്ന സംസ്ക്കാരവും നാഗരീകതയും ഉൾക്കൊള്ളുന്ന നാനാവിധത്തിലുള്ള ജനവിഭാഗങ്ങൾ ഒരുമിച്ച് ജീവിക്കുന്ന ഒരു ഉപഭൂഖണ്ഡമാണ് നമ്മുടെ രാഷ്ട്രം. ഇവിടെ എല്ലാ മതവിഭാഗങ്ങളെപ്പോലെയും അവയുടെ കീഴിൽ അണിനിരക്കുന്ന എല്ലാ സമുദായങ്ങളെപ്പോലെയും ഈ രാഷ്ട്രത്തിന്റെ നിർമിതിക്കായി വ്യക്തമായ പങ്കു വഹിച്ചിട്ടുള്ള ഒരു സമൂഹമാണ് ലത്തീൻ സമുദായം. ചരിത്രാതീത കാലം മുതൽ ഇന്നലെ വരെയുള്ള രാജ്യത്തിന്റെ ചരിത്രം ഈ സത്യം വ്യക്തമാക്കുന്നുണ്ട്. ഈ ഇത്



ആർക്കും നിഷേധിക്കാനാവുന്നതല്ല.

ഇന്ന് നാം ദർശിക്കുന്ന ഈ രാജ്യത്തിന്റെ പുരോഗതി പഠിക്കുമ്പോൾ ലത്തീൻ സമുദായത്തിൽ നിന്നും കുറെ ഏറെ മഹത് വ്യക്തിത്വങ്ങൾ രാഷ്ട്രതലത്തിലേയ്ക്ക് കടന്നുവന്നിട്ടുണ്ട്. കേരളത്തിന്റെ തലസ്ഥാന നഗരമായ തിരുവനന്തപുരത്ത് നിന്ന് ലത്തീൻ സമുദായിക പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യം വഹിച്ചുകൊണ്ട് രാഷ്ട്രത്തിന്റെ പൊതുവായ പുരോഗതിക്കായി ജീവിതമർപ്പിച്ച ശ്രീമതി ആനി മസ്ക്രീൻ, ശ്രീ. ഹെൻട്രി ഓസ്റ്റിൻ, ശ്രീ. ബോണിപ്പാസ് പെരേര തുടങ്ങിയവർ ചില ഉദാഹരണങ്ങളാണ്. ഒരു സമുദായമെന്ന നിലയിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ രാഷ്ട്രനിർമിതിക്കായി കാഴ്ചവച്ചിട്ടുണ്ടെങ്കിലും സമുദായത്തിന് അർഹമായൊരു പ്രാതിനിധ്യം ഭരണ സംവിധാനങ്ങളിൽ ഇപ്പോൾ ലഭിക്കുന്നില്ല.

എന്തുകൊണ്ടാണ് ലത്തീൻ സമുദായത്തിന് അർഹിക്കുന്ന പങ്കാളിത്തവും പ്രാതിനിധ്യവും കേന്ദ്ര സംസ്ഥാന പ്രാദേശിക ഭരണസംവിധാനങ്ങളിൽ ലഭിക്കാതെ പോയതെന്ന് ചിന്തിക്കുമ്പോൾ അതിന്റെ കാരണങ്ങൾ കൂടി നമുക്ക് കണ്ടെത്തുവാൻ കഴിയും. ഒരു സമുദായമെന്നനിലയിൽ ആരാധനാ ജീവിതത്തിലും പ്രാർഥനാജീവിതത്തിലും ഒരുമിച്ച് നിൽക്കുമ്പോഴും രാഷ്ട്രീയമായി വിഘടിച്ച് നിൽക്കുന്ന സ്വാഭാവം സമുദായംഗങ്ങൾക്കിടയിൽ നിലനിൽക്കുന്നു. ഈ വിഘടനസ്വഭാവം നിലനിർത്തിക്കൊണ്ട് പോകുവാനും ഭിന്നിപ്പിച്ച് നിർത്താനും കുബുദ്ധികളായ കക്ഷി രാഷ്ട്രീയ നേതാക്കൾ നിരന്തരമായി ശ്രമിക്കുന്നു. ആയതിനാൽ പല നിറത്തിലുള്ള കൊടികളുടെ വോട്ട് ബാങ്കായി സമുദായംഗങ്ങൾ ചൂഷണം ചെയ്യപ്പെടുന്നു. സമുദായം നേരിടുന്ന പ്രശ്നങ്ങൾ വിഷയാധിഷ്ഠിതമായി വിശകലനം ചെയ്ത് അവതരിപ്പിക്കുവാൻ പ്രഗത്ഭരായ സമുദായ നേതാക്കളുടെ അഭാവമാണ് മറ്റൊരു കാരണം. ഉന്നത വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള വ്യക്തികൾ സമുദായത്തിലുണ്ടെങ്കിലും അവർ ആർജിച്ച വിദ്യാഭ്യാസത്തിന്റെ ഉൾഫലങ്ങൾ സമുദായത്തിന്റെ താഴേക്കിടയിലേക്ക് എത്തിക്കുവാൻ ഉദ്യമിക്കുന്നുമില്ല.

ലത്തീൻ സമുദായത്തിന്റെ സംഘടിതശേഷി വർദ്ധിപ്പിക്കുവാനും സുശക്തമായി നിലനിർത്തുവാനും നാം ഇന്ന് ചിന്തിക്കണം. സമുദായ സംഘടനകൾ (KLCA, KLCWA, KCYM, TMF, KLM) പ്രാദേശികതലത്തിലും ഇടവകതലത്തിലും ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണ്. കത്തോലിക്കർ മേൽനോട്ടം വഹിക്കുന്ന സ്കൂളുകളിൽ നമ്മുടെ വിദ്യാർത്ഥികൾ KCSLന്റെ ഭാഗമാകുന്നുവെന്ന് ഉറപ്പുവരുത്തണം. അവർ യുവജനങ്ങളായിരിക്കുമ്പോൾ ഇടവകതലത്തിലും രൂപതാതലത്തിലും KCYMന്റെ അർപ്പണബോധമുള്ള പ്രവർത്തകരായി മാറണം. 35 വയസ് കഴിയുന്നവരെല്ലാവരും KLCAയുടെ സജീവ പ്രവർത്തകരായി മാറ്റുവാനുള്ള സംരംഭങ്ങൾ ആവിഷ്ക്കരിക്കണം. സാമ്പത്തികമായും സാമുദായികമായും പിന്നാക്കം നിൽക്കുന്ന വിവിധ സമൂഹങ്ങളുമായി കൈകോർത്ത് രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ അർഹിക്കുന്ന പ്രാതിനിധ്യം ലഭിക്കാനുതകുന്ന നയരൂപീകരണ സമിതികൾ രൂപപ്പെടുത്തണം. സമുദായംഗങ്ങളെ വ്യക്തമായ രാഷ്ട്രീയ ബോധ്യത്തിലേയ്ക്ക് വളർത്തുവാനുള്ള നേതൃത്വ പഠനകളരികൾക്ക് രൂപം കൊടുക്കേണ്ടതുണ്ട്. രൂപതാതലത്തിൽ രാഷ്ട്രീയ കാര്യസമിതി കാര്യക്ഷമമായ ഇടപെടലുകൾ നടത്തുകയും വേണം. പാരിസ്ഥിതിക പ്രശ്നങ്ങളിൽ നിന്നും സാമൂഹിക പ്രശ്നങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കുന്ന മനോഭാവം വെടിഞ്ഞ് ഒരു പുതുകാഴ്ചപ്പാടോടെ നിലകൊള്ളുന്ന പ്രവർത്തനരീതി സമുദായ സംഘടനകളിൽ നിന്നുണ്ടാവണം.

ആസന്നമാകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകളിലും കേന്ദ്ര സംസ്ഥാന തിരഞ്ഞെടുപ്പുകളിലും സമുദായത്തിന് ശ്രദ്ധേയമായ പ്രാതിനിധ്യം ഉണ്ടാകത്തക്കവിധം പ്രവർത്തനോന്മുഖമാകുവാൻ സമുദായം ഇന്ന് തന്നെ ചിന്തിച്ച് തുടങ്ങണം. അതിനുതകുന്ന തുടർച്ചയായ കർമ്മപദ്ധതികൾ ബന്ധപ്പെട്ട സമിതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ■



കവിത



# അമ്മച്ചി

കപ്പിയിൽ കയറിട്ടു കോരുന്നു
മിഴിനീരുപോലുള്ള കിണർവെള്ളം
കഞ്ഞിയും കൂട്ടാനും വെക്കുന്നു
കൊച്ചേന്നു നീട്ടി വിളിക്കുന്നു

ജാതിക്ക വെയിലത്തുണക്കുന്നു
നെല്ലു പരമ്പിന്മേൽ ചിക്കുന്നു
കാൽ രണ്ടും തട്ടിയിറങ്ങുന്നു
കോഴിയെ ആട്ടിയിറക്കുന്നു

കൺ മീതെ കൈ വെച്ചു നോക്കുന്നു
മാനം കരിങ്കാറു കൊള്ളുന്നൊ
ചക്കയൊരെണ്ണം പഴുക്കുന്നോ
വാഴക്കുല മൂത്തു വെട്ടാറായ്

മുല്ലപ്പൂ രണ്ടെണ്ണംഇറുക്കുന്നു
നരവീണ മുടിക്കെട്ടിൽ തിരുകുന്നു
കാലിപ്പൊകല ചവയ്ക്കുന്നു
ചേമ്പു പറിച്ചു പുഴുങ്ങുന്നു

ചക്ക, മടൽ വെട്ടിയരിയുന്നു
മണ്ണെണ്ണ കൈയിൽപുരട്ടുന്നു
നൂരുന്നു നടുവു നിവർക്കുന്നു
കാലിപ്പൊകയില തുപ്പുന്നു

ചോറിൻകലത്തിന്മേൽ അടച്ചേറ്റി
മെല്ലെത്തടയിട്ടു വാർക്കുന്നു
കോപ്പയിലുപ്പിട്ട കഞ്ഞിവെള്ളം
കൊച്ചേന്നു നീട്ടി വിളിക്കുന്നു

അട്ടയും പുഴുവുമിഴയുന്ന
അയ്യത്തു ചുറ്റി നടക്കുന്നു
മരത്തിന്റെ മേലേക്ക് നോക്കുന്നു
മരത്തിൻ ചുവട്ടിലും തിരയുന്നു

അടയ്ക്ക പെറുക്കിയെടുക്കുന്നു
തേങ്ങയും ഒക്കത്തെടുക്കുന്നു
നെടുകെ കിടക്കുന്ന കവളൻ മടൽ
ഓല പിടിച്ചു വലിക്കുന്നു

പശുവിനു കാടി കലക്കുന്നു
നായയ്ക്കു തീറ്റ കൊടുക്കുന്നു
കോഴിയെ കൂടു തുറന്നു വിട്ട്
മുട്ടകളെല്ലാം പെറുക്കുന്നു

നാരങ്ങാ വെള്ളം പിഴിയുന്നു
കൊച്ചേന്നു നീട്ടി വിളിക്കുന്നു
മാങ്ങാപ്പഴം ചെത്തി പൂളുന്നു
കൊച്ചേന്നു നീട്ടി വിളിക്കുന്നു

കാരം കലക്കിയ വെള്ളത്തിൽ
ചട്ടയും മുണ്ടും കുതിർക്കുന്നു
കല്ലിലടിച്ചു നനയ്ക്കുന്നു
നീലം പിഴിഞ്ഞു വിരിക്കുന്നു

നീട്ടിക്കുരിശു വരയ്ക്കുന്നു
വേദപ്രമാണങ്ങൾ ചൊല്ലുന്നു
മൂക്കിന്മേൽ കണ്ണട വെക്കുന്നു
പത്രം മറിച്ചൊന്നു നോക്കുന്നു

മുടി പാതി നരവീണ അമ്മച്ചി
ചട്ടയും മുണ്ടും ഉടുക്കുന്നു
കവിണി ഞൊറിഞ്ഞു പിൻ കുത്തുന്നു
ബ്രൂച്ചു തിളങ്ങി മിനുങ്ങുന്നു

കാതിലെ വെള്ളക്കൽ മിന്നുന്നു
മാലമേൽ താലിയിളകുന്നു
കൊന്തയെടുത്തു പിടിക്കുന്നു
പള്ളിയിലേക്കു നടക്കുന്നു.

അമ്മച്ചി അധികം പറഞ്ഞിട്ടില്ല
അന്നാരുമന്നിയേഷിച്ചതില്ല
വീട്ടിലും പാടത്തുമലയുമ്പോൾ
എന്തായിരുന്നാ മനസ്സിനുള്ളിൽ

ഇന്നിപ്പോൾ എല്ലാരുമോർക്കുന്നു
അന്നല്ല എന്നുമാ ഹൃത്തിനുള്ളിൽ
സ്നേഹം മധുരിച്ച പാച്ചോറ്
തിളകൂടി തൂവുന്ന പാച്ചോറ്



**സിന്ധുമോൾ തോമസ്**

ലേഖനം



# ആർക്കും വേണ്ടാതെ മുതലപ്പൊഴി മിനി ഫിഷിംഗ് ഹാർബർ

മുതലപ്പൊഴി, പെരുമാതുറ, പൂത്തുറ, താഴംപള്ളി, ചമ്പാവ്, മാമ്പള്ളി, അഞ്ചുതെങ്ങ്, തുടങ്ങിയ ഗ്രാമങ്ങളിൽ ഉടനീളം തീരദേശവാസികളുടെ നൊമ്പരം അലയടിക്കുകയാണ്. അത് നിരാശയുടെയും പ്രതീക്ഷകളുടെയും പ്രതിധ്വനിയാണ്. മാരകമായ അപകടമരണങ്ങൾക്ക് കാരണമായ സാങ്കേതിക പിഴവുകൾ പരിഹരിക്കുന്നതിൽ സംസ്ഥാനകേന്ദ്ര സർക്കാരുകൾ തുടർച്ചയായി പരാജയപ്പെടുന്നതിനാൽ, മത്സ്യത്തൊഴിലാളികൾ നേരിടുന്ന കടുത്ത മനുഷ്യാവകാശ ലംഘനങ്ങളെയാണ് മുതലപ്പൊഴി മിനി ഫിഷിംഗ് ഹാർബറിലെ ദയനീയ സാഹചര്യം ചൂണ്ടികാണിക്കുന്നത്. അധികാരികളും പൊതുജനവും ഈ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിന് നീതി ലഭ്യമാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ‘പത്ത് ലക്ഷം രൂപ നൽകി എന്റെ ഭർത്താവിനെ തിരികെ കൊണ്ടുവരുമോ?, നിങ്ങൾ എല്ലാവരും ഞങ്ങളെ അവഗണിക്കുന്നത് ഞങ്ങൾ മുക്കുവരായതുകൊണ്ടാണോ?‘ നിരാശാജനകമായ ഈ ചോദ്യം ഒരു മുക്കുവന്റെ ഭാര്യയുടേതാണെങ്കിൽ ഇതുപോലെ ഓരോ മത്സ്യത്തൊഴിലാളിക്കും ചോദിക്കാൻ ചോദ്യങ്ങൾ ഏറെയുണ്ട്. എല്ലാ പൗരന്മാരുടെയും ജീവനും ജീവനോപാധികളും വിലമതിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ട ജനാധിപത്യ ഭരണ സംവിധാനത്തിൽ ഇത്തരം അവഗണന തുടരുന്നത് സംസ്ഥാന സർക്കാരിനും കേന്ദ്ര സർക്കാരിനും നാണക്കേടാണ്. ‘ഞങ്ങൾ ഇനി ഒരു ഗവൺമെന്റിനെയും വിശ്വസിക്കുന്നില്ല. അവർ ഞങ്ങൾക്ക് തെറ്റായ വാഗ്ദാനങ്ങൾ തന്നുകൊണ്ടിരിക്കുന്നു. വിഴിഞ്ഞം സമരത്തിന്റെ പശ്ചാത്തലത്തിൽ എങ്ങനെ മുന്നോട്ടുപോകണമെന്ന് ഞങ്ങൾക്ക് അറിയില്ല.” കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ പ്രവർത്തകനായ വല്ലേരിയന്റെ വാക്കുകളാണിത്. മത്സ്യത്തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും സുരക്ഷയും സുരക്ഷിതത്വവും ഉറപ്പാക്കാൻ നിർണ്ണായ



ഫാ.ബെന്നി.എസ്.ജെ




ക നടപടിയുടെ അടിയന്തിര ആവശ്യകതയെ ഓർമ്മിപ്പിക്കുന്നതാണ് ഓരോ മത്സ്യത്തൊഴിലാളിയുടെയും വാക്കുകൾ.

സുരക്ഷിതവും സുസ്ഥിരവുമായ ഉപജീവനമാർഗം തേടിയുള്ള മത്സ്യത്തൊഴിലാളികളുടെ സമരഭൂമിയാണ് മുതലപ്പൊഴി മിനി ഫിഷിംഗ് ഹാർബർ. പതിറ്റാണ്ടുകളായി, മുതലപ്പൊഴിക്ക് ചുറ്റുമുള്ള മത്സ്യബന്ധന, കയർ ഉപജീവന സമൂഹങ്ങളുടെ ആശങ്കകൾ രണ്ട് നിർണായക പ്രശ്നങ്ങളെ ചുറ്റിപ്പറ്റിയാണ്: മഴക്കാലത്തെ മാരകമായ അപകടങ്ങളും കായലിലെ നിരന്തരമായ വെള്ളക്കെട്ടും. തുറമുഖ നിർമാണത്തോടെ പിന്നീടുള്ള പ്രശ്നത്തിന് പരിഹാരമായി. എന്നാൽ ഞെട്ടിപ്പിക്കുന്ന കാര്യം, സമീപത്തെ മത്സ്യബന്ധന ഗ്രാമമായ തുമ്പയിലെ വിഎസ്എസ്സി ശാസ്ത്രജ്ഞർ ചന്ദ്രനിൽ ജലത്തിന്റെ അസ്തിത്വം കണ്ടെത്തിയിട്ടും, മത്സ്യത്തൊഴിലാളികളുടെയും അവരുടെ ജീവനോപാധികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല എന്നതാണ്. മത്സ്യബന്ധന സീസണുകളിലെ സുരക്ഷിതമല്ലാത്ത സാഹചര്യങ്ങൾ കാരണം ഹാർബറിലും പരിസരത്തുമായി 60 ഓളം മത്സ്യത്തൊഴിലാളികൾക്ക് ജീവൻ നഷ്ടപ്പെട്ടു. അവിടെ ദിവസേന സംഭവിക്കുന്ന അപകടങ്ങൾ വേറെയും.

ടിഎസ്എസ്എസ്, ചെറു രശ്മി, എഫ്ഐഡിഇഎസ്, സ്നേഹാരാം എന്നീ നാല് സംഘടനകൾ ഉൾപ്പെടുന്ന ദേശീയ പരിപാടിയായ ലോക് മഞ്ച്, ഈ സുപ്രധാന പ്രശ്നം പരിഹരിക്കാൻ അക്ഷീണം പ്രയത്നിച്ചു. മാക്സ് മാർട്ടിന്റെ നേതൃത്വത്തിലുള്ള സസെക്സ് യൂണിവേഴ്സിറ്റി ഗവേഷകർ തയ്യാറാക്കിയ വീഡിയോകളിലൂടെയും നയരേഖകളിലൂടെയും ബോധവൽക്കരണം നടത്തി അധികാരികൾക്ക് മെമ്മോറാണ്ടങ്ങൾ സമർപ്പിച്ചു. പ്രാദേശിക സമൂഹങ്ങളെ അണിനിരത്തിയും മതമേലധ്യക്ഷന്മാരുമായി ഇടപഴകുന്നതിലൂടെയും മുതലപ്പൊഴിയിൽ സർക്കാരിൽ നിന്ന് ചില പ്രവർത്തനങ്ങൾക്ക് തുടക്കമിടാൻ അവർക്ക് കഴിഞ്ഞു. അഞ്ചുതെങ്ങ്, മാമ്പള്ളി ഭാഗത്തെ ചെറുവള്ളങ്ങളും താഴംപള്ളി, പെരുമാതുറ ഭാഗത്തെ വലിയ വള്ളങ്ങളും തമ്മിലുള്ള മത്സരത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ കേൾക്കാൻ മുൻ ജില്ലാ കലക്ടറായിരുന്ന ഡോ.കെ.വാസുകി മുൻകൈയെടുത്തിരുന്നു. എങ്കിലും മുതലപ്പൊഴിയിൽ വാഗ്ദാനം ചെയ്ത പ്രശ്നപരിഹാരം നടപ്പാക്കുന്നതിൽ കേരള സർക്കാരും അദാനി പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡും പരാജയപ്പെട്ടു. താഴംപള്ളി ഭാഗത്ത് നടക്കേണ്ടിയിരുന്ന അദാനിയുടെ നിർദിഷ്ട വാർഫ് നിർമ്മാണം, ഇതിന്റെ മേൽനോട്ടം വഹിക്കാൻ രൂപീകരിച്ച സമിതി നിരസിച്ചു. സഭാ അധികാരികളുടെ ഏകോപനത്തിന്റെയും പിന്തുണയുടെയും അഭാവംമൂലം ഈ സമിതി നിഷ്ക്രിയമായിത്തീർന്നു. മുതലപ്പൊഴി ഭാഗത്ത് അദാനിയെ ആദ്യം സ്വാഗതം ചെയ്ത പെരുമാതുറയിലെ മുസ്ലിംസമുദായം പോലും വഞ്ചിക്കപ്പെട്ടിരിക്കുന്നു. മുതലപ്പൊഴിയുടെ തെക്കും വടക്കും തമ്മിലുള്ള സാമുദായിക ധ്രുവീകരണം അദാനിഗ്രൂപ്പും ജില്ലാ ഭരണകൂടവും മുതലെടുത്തുവെന്നത് മറ്റൊരു സത്യം. പ്രതികൂല കാലാവസ്ഥയിലും ഹാർബറിൽ സുരക്ഷ ഉറപ്പാക്കുമെന്ന ജില്ലാ ഭരണകൂടത്തിന്റെ വാഗ്ദാനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് വിശ്വാസം നഷ്ടപ്പെട്ടിരിക്കുകയാണ്. പ്രതിഷേധങ്ങൾ വർദ്ധിപ്പിക്കുന്നതിനും പരാതികൾ പരിഹരിക്കപ്പെടുമെന്ന് ഉറപ്പുവരുത്തുന്നതിനും ജനങ്ങളെ ഒരിക്കൽ കൂടി അണിനിരത്തേണ്ടത് അത്യാവശ്യമാണ്.

ദീർഘകാലാടിസ്ഥാനത്തിലുള്ള പരിഹാരങ്ങൾക്കായി കാത്തിരിക്കുമ്പോൾ, സമയബന്ധിതവും കൃത്യവുമായ കാലാവസ്ഥാ പ്രവചനങ്ങളും മത്സ്യസമ്പത്തിനെക്കുറിച്ചുള്ള വിവരങ്ങളും മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി ലഭ്യമാക്കിയാൽ മാത്രമേ മത്സ്യബന്ധനത്തിന്റെ സുസ്ഥിരത ഉറപ്പാക്കാൻ കഴിയൂ. അങ്ങനെ, കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള ദുരന്ത നിവാരണം പരമപ്രധാനമാണ്. കൂടാതെ, ലൈഫ് ഇൻഷുറൻസ് പോലുള്ള സമഗ്രമായ സാമൂഹിക സുരക്ഷാ നടപടികൾ, പ്രതികൂല കാലാവസ്ഥയിൽ ഭക്ഷ്യഉപജീവന സുരക്ഷയ്ക്കുള്ള വ്യവസ്ഥകൾ എന്നിവ സ്ഥാപിക്കേണ്ടതുണ്ട്. മത്സ്യബന്ധന സമൂഹങ്ങളിലും സമുദ്ര പരിസ്ഥിതിയിലും വികസന പദ്ധതികളുടെ സ്വാധീനം വിലയിരുത്തുന്നതിന്, ഒരു സോഷ്യൽ ഓഡിറ്റ് നടത്തണം. ഇത്തരം പദ്ധതികളുടെ പ്രത്യാഘാതങ്ങൾ മനസിലാക്കുന്നതിനും വികസനം ഉറപ്പാക്കുന്നതിനും ഇത് നിർണായകമാണ്. അവസാനമായി, മുതലപ്പൊഴി മിനി ഫിഷിംഗ് ഹാർബറിലെ സാങ്കേതിക തകരാറുകൾ പരിഹരിക്കണമെന്ന് ആവശ്യപെടുന്നത് കടലും കടൽത്തീരവും പരമ്പരാഗത മത്സ്യബന്ധന തുറമുഖവും ഉൾപ്പെടെ ചുറ്റുമുള്ള പ്രദേശങ്ങളുടെ സുസ്ഥിരമായ സംരക്ഷണത്തിനാണ്. വളരെക്കാലമായി വലിയ ബുദ്ധിമുട്ടുകൾ സഹിച്ച മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ നീതിക്കും അവകാശത്തിനും വേണ്ടിയുള്ള ആഹ്വാനമാണിത്. ■

കവിത

# മക്കളുടെ ഭാഷ





ഷൈജു അലക്സ്

മൂപ്പെത്താത്ത നാക്കിൻതുമ്പിൽ
തുമ്പിപ്പറക്കുന്നു, വാക്കിൻ വാഴ്വ് ചിണുങ്ങുന്നു.
പരമ്പരകമ്പിത ചുംബനമേറ്റൊരു
വാക്ക് കറങ്ങുന്നു, നാവു വഴങ്ങുന്നു.

പാട്ടുകളേറെ പാടും ചുണ്ടിൽ പക്ഷി പറക്കുന്നു
ഉമ്മകൾ നല്കും കവിളിൽ തുടുതാരമുദിക്കുന്നു.
പമ്മിപ്പമ്മി വിയർത്തു വരുന്നോരുച്ച മയക്കത്തിൽ
പല്ലവിപാടി, ആട്ടിയുറക്കി അമ്മ പാട്ടു നിവർത്തുന്നു
വഴിയേ പോകും ശലഭച്ചിറകിൽ കൊലുസു കിലുങ്ങുന്നു
ചലപില വൃക്ഷക്കൊമ്പിലെ കിളിതൻ ചുണ്ടുചുവക്കുന്നു

വാക്കിൻ വിക്കിലേന്തി വലിഞ്ഞൊരു ഭാഷ പിറക്കുന്നു
അമ്മേയെന്ന് ചിമ്മിനിവെട്ടക്കണ്ണുകൾ ചിമ്മുന്നു
തായ്മനമൂറിയ ആനന്ദക്കടൽ പാല് ചുരത്തുന്നു
കൂടറിയാക്കിളി കൂവും പാട്ടിൽ ചില്ല തളിർക്കുന്നു.

അങ്കണവാടിച്ചെടികൾ മുളയ്ക്കും നല്ലൊരു നേരമതിൽ
കണ്ണീർതിരി നീട്ടിവിളിപ്പൂ കുഞ്ഞിൻ അഴകൊളികൾ
ഒരു തിങ്കൾ വെളുപ്പാങ്കാലച്ചിറകി ഉണരുമ്പോൾ
കുഞ്ഞിക്കാൽ താളം പോലെ പാട്ടുമുഴങ്ങുന്നു
ആ പാട്ടിന്നീരടി പലതും തേൻമഴയാകുന്നു
വാക്കുപൊലിച്ചു തെളിച്ചു വരുമ്പോൾ മാനം തെളിയുന്നു.

കൗമാര ചന്ദ്രപ്രഭയിൽ മായകൾ മീട്ടുന്നു
കാമത്തിൻ സീൽക്കാരത്തിൽ മന്ത്രം കേൾക്കുന്നു
ഒരു ഞൊടിയിൽ മകളോ, അയ്യോ, വാക്കുപിടയ്ക്കുന്നു
കൈക്കുഞ്ഞും യന്ത്രക്കാഴ്ചയിൽ വീണു കലങ്ങുന്നു.

പെൺപീഡനവാർത്തകളാകെ കണിയായി ഉണരുമ്പോൾ
മാധ്യമകുടിലവിളംബര തംബുരു ഉറിയിലുറങ്ങുന്നു
നേരറിയാപ്പാതകളെങ്ങും കൂരിരുൾ തൂകുമ്പോൾ
ക്രൗര്യത്തിൻ വിത്തുകൾ പൊട്ടിച്ചാലുകൾ നിറയുന്നു
ഇലകൊഴിയും മഴയിൽ പ്രാവുകൾ കുറുകിയലയ്ക്കുമ്പോൾ
മതിൽപറ്റിയ തവളക്കുഞ്ഞിൻ തൊണ്ട തുറക്കുന്നു.

കാടിന്റെ ഉച്ചി പിളർക്കും പാട്ടുകൾ കൊട്ടുമ്പോൾ
നാടിന്റെ ഗ്രാമപ്പതയിൽ വേവുകൾ കുമിയ്ക്കുന്നു
അതിജീവിതഗാഥകൾ പൂക്കും വേനൽത്തീത്തെരുവിൽ
പുലർവെട്ടം നന്മത്തേരായി നമ്മെനയിക്കുന്നു.

ലേഖനം



# മാനസിക ആരോഗ്യം കുട്ടിക്കളിയല്ല



അലീന

ഒരു മനുഷ്യൻ എന്നാൽ ശരീരവും മനസ്സും കൂടിച്ചേർന്ന രൂപമാണ്. അതിനാൽ തന്നെ ശരീരത്തിന്റെയും മനസ്സിന്റെയും വളർച്ച മനുഷ്യന്റെ നിലനിൽപ്പിന് ആവശ്യമാണ്. ശരീരത്തിന് രോഗമുണ്ടാകുമ്പോൾ അത് കണ്ടെത്തി ചികിത്സിക്കുന്നതു പോലെ മനസ്സിന് ഉണ്ടാകുന്ന സമ്മർദ്ദവും രോഗാവസ്ഥയും കണ്ടെത്തി ചികിത്സിക്കേണ്ടത് അനിവാര്യമാണ്. മനസ്സിന്റെ ആരോഗ്യവും പരമപ്രധാനമാണ്. ഒരു മനുഷ്യന്റെ സാമൂഹിക വളർച്ചയെ സ്വാധീനിക്കുന്നത് വീട്, സ്കൂൾ, കോളേജ്, ജോലിസ്ഥാപനം ഇടപഴകുന്ന സാമൂഹ്യ സാഹചര്യങ്ങൾ എന്നിവയാണ്. ഇവയിൽ തന്നെ സ്വഭാവ നിർമ്മാണം ആരംഭിക്കുന്നതും അത് രൂപാന്തരപ്പെടുന്നതും സ്കൂൾ-കോളേജ് കാലയളവിലാണ്. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ കുട്ടികൾ ഏറെ സമ്മർദ്ദം അനുഭവിക്കുന്നതും വളരെ അസാധാരണമായി പെരുമാറുന്നതും അവരുടെ പഠനകാലയളവിലാണ്. ഈ അനാവശ്യ സമ്മർദ്ദങ്ങളാണ് ഇന്ന് കുട്ടികളെ ആത്മഹത്യപോലുള്ള കുഴികളിലേക്ക് തള്ളിവിടുന്നത്.

തുടരെയുള്ള വിദ്യാർത്ഥികളുടെ ആത്മഹത്യ വാർത്തകളാണ് നാം ഇന്ന് പത്രത്തിലും സാമൂഹ്യമാധ്യമങ്ങളിലും മറ്റുമായി കണ്ടുവരുന്നത്. സംഭവമുണ്ടായി കുറച്ചുദിവസങ്ങൾ മാത്രം ഒരു ആളിക്കത്തലും സാമൂഹികപ്രതിബദ്ധതയും എങ്ങും നിറഞ്ഞുനിൽക്കും. അതുകഴിഞ്ഞ് ഗൗരവമേറിയ ഈ വിഷയങ്ങളുടെ കാര്യകാരണങ്ങൾ ചർച്ചചെയ്യപ്പെടാതെ പോകുകയാണ്. നമ്മുടെ നാട്ടിലെ കലാലയങ്ങളിൽ കുട്ടികളുടെ മാനസികാരോഗ്യത്തിന് എത്രത്തോളം പ്രാധാന്യം കൊടുക്കുന്നുണ്ടെന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. നിശ്ചിത മണിക്കൂർ നാല് ചുവരിനുള്ളിൽ ഒന്ന് ശ്വാസം വിടാൻ അനുവദിക്കാതെയുള്ള പഠനരീതികൾ ഇന്ന് നല്ലൊരുപങ്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തുടർന്നുവരുന്നുണ്ട്. എന്നാൽ അതിനെതിരെ പ്രതികരിക്കാനോ മാറ്റങ്ങൾ സാധ്യമാക്കാനോ ആരും താല്പര്യപെടുന്നില്ല എന്നത് പ്രശ്നങ്ങൾ വലുതാക്കുന്നു. ”സ്റ്റുഡന്റ് ഫ്രണ്ട്ലി ക്യാമ്പസ്” എന്നത് പേരിന് മാത്രം പറഞ്ഞുവയ്ക്കേണ്ട ഒന്നാണോ എന്നും നാം ചിന്തിക്കേണ്ടി ഇരിക്കുന്നു. മൂന്നും നാലും വർഷത്തെ കോളേജ് പഠനം മിക്ക വിദ്യാർത്ഥികളും പൂർത്തിയാക്കുന്നത് വേണംവേണ്ട എന്നമട്ടിലാണ്. ചിലർ പകുതിക്ക് വച്ച് നിർത്തിപോകുന്ന പ്രതിഭാസവും

കാനൻ ലോ

**ഫാ. ജോസ് ജി.**
ജുഡീഷ്യൽ വികാർ

# 365 ദിവസവും സഭയിൽ ദിവ്യബലിയുണ്ടോ?

സൂര്യോദയം മുതൽ സൂര്യാസ്തമയംവരെ എല്ലാ ദിവസവും ദിവ്യബലി ആഘോഷിക്കപ്പെടുന്നു എന്നാണ് ക്രൈസ്തവ കത്തോലിക്കാ വിശ്വാസികളും മറ്റുള്ളവരും കരുതുന്നത്. ദിവ്യബലി ആഘോഷിക്കുന്ന ദിവസങ്ങൾ നിർണ്ണയിക്കുന്നതിൽ പൗരസ്ത്യസഭകളും ലത്തീൻ കത്തോലിക്കാ സഭയും തമ്മിൽ വ്യത്യസ്ത സമീപനം പുലർത്തുന്നതായി കാണാൻ കഴിയും.

ലത്തീൻ കത്തോലിക്കാ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 931 പ്രകാരം, ആരാധനക്രമ നിയമങ്ങൾ ഒഴിവാക്കിയവയല്ലാതുള്ള ഏതു ദിവസവും ഏതു സമയത്തും ദിവ്യബലി ആഘോഷിക്കാവുന്നതും ദിവ്യകാരുണ്യം നല്കാവുന്നതുമാണ്. ആരാധനക്രമ നിയമങ്ങളിലൂടെ ദിവ്യബലി ആഘോഷം ഒഴിവാക്കപ്പെടുന്ന ദിവസങ്ങളുണ്ടോ എന്നതാണ് സംശയം. ആരാധനാക്രമ നിയമമനുസരിച്ച്, വർഷത്തിൽ രണ്ടു ദിവസം, അതായത് ദുഃഖവെള്ളിയും വലിയ ശനിയും, ദിവ്യബലി ആഘോഷം നിരോധിച്ചിരിക്കുന്നു (*Institutio Generalis Missalis Romani, 16ff*). ആയതിനാൽ പെസഹാ വ്യാഴാഴ്ചത്തെ തിരുവത്താഴ ദിവ്യബലിക്കുശേഷം വലിയ ശനിയാഴ്ച ജാഗരണംവരെ ലത്തീൻ കത്തോലിക്കാ സഭയിൽ ദിവ്യബലി ആഘോഷിക്കപ്പെടുന്നില്ല.

ദിവ്യബലി ആഘോഷിക്കപ്പെടുന്ന ദിവസങ്ങളിലും ദുഃഖവെള്ളിയാഴ്ചയും, സഭാനിയമത്തിനു വിധേയമായി, തിരുക്കർമ്മങ്ങൾക്കിടയിൽ വിശ്വാസികൾക്ക് ദിവ്യകാരുണ്യം സ്വീകരിക്കാനാകും. എന്നാൽ, ഗുരുതരമായ രോഗാവസ്ഥയിലോ മരണാസന്നനിലയിലോ ഉള്ള രോഗികൾക്കുമാത്രമേ, തിരുക്കർമ്മത്തിനു വെളിയിൽ ദുഃഖവെള്ളി, വലിയശനി ദിവസങ്ങളിൽ ദിവ്യകാരുണ്യം സ്വീകരിക്കാൻ കഴിയൂ.

ഉണ്ട്. പല കാമ്പസിലും അച്ചടക്കം എന്നാൽ ഒരുതരം ധാർമികത അടിച്ചേല്പിക്കലാണ്.

വിഷയത്തിൽ ഒരു വിഭാഗത്തെ മാത്രം പഴിചാരിയാൽ അതൊരു പ്രശ്നപരിഹാരം ആകുന്നില്ല. വിദ്യാർത്ഥികളും അധ്യാപകരും തമ്മിലുള്ള ആശയവിനിമയം സൗഹൃദപരവും സുതാര്യവുമായാൽ ഒരു പരിധിവരെ പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്ന് മനഃശാസ്ത്രജ്ഞ വിദഗ്ധർ പറയുന്നു. ഒരു കുട്ടിയെ ആത്മഹത്യയിലേക്ക് നയിക്കുന്ന കാരണങ്ങൾ പലതാണ്. അത് കണ്ടെത്താൻ കഴിയണം. അതല്ലാതെ പൊതുബോധം സൃഷ്ടിച്ച കാരണങ്ങൾകൊണ്ട് ഒരു വിഭാഗത്തെയോ വ്യക്തിയെയോ സ്ഥാപനത്തെയോ അധിക്ഷേപിക്കുന്നത് യുക്തിയല്ല. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലുണ്ടാകുന്ന വിദ്യാർത്ഥി ആത്മഹത്യകൾ തടയേണ്ടത് നമ്മുടെ എല്ലാവരുടെയും കടമയാണ്. വിദ്യാർത്ഥികളുടെ മാനസികാരോഗ്യം ശക്തിപ്പെടുത്താനും പഠനതാല്പര്യം, അക്കാദമിക മികവ് എന്നിവ വർധിപ്പിക്കുവാനും ശാസ്ത്രീയമായ പദ്ധതികൾ രൂപപ്പെടുത്താൻ സർക്കാർ മുൻകൈ എടുക്കണം. വേറൊരു വഴിയും മുന്നിൽ തെളിയാതെ വരുമ്പോഴാണ് ഒരാൾ ആത്മഹത്യയിലേക്ക് കടക്കുന്നത്. തളരുമ്പോൾ കൈ തരേണ്ടവർതന്നെ പരിഹാസവാക്കുകൾ പൊഴിക്കുമ്പോൾ പിന്നെയെന്ത് പ്രതീക്ഷയാണ് മുന്നിലുള്ളത്. ഇപ്പോഴത്തെ യുവതിയുവാക്കൾക്കിടയിൽ കണ്ടുവരുന്ന പ്രധാന മാനസിക പ്രശ്നങ്ങളാണ് വിഷാദവും ആത്മഹത്യാപ്രവണതയും. അക്കാദമിക് സമ്മർദം, കുടുംബ പ്രശ്നങ്ങൾ, വ്യക്തിപരമായ കാരണങ്ങൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ എന്നിവയാണ് യുവതലമുറയെ ആത്മഹത്യയിലേക്ക് തള്ളിവിടുന്നത്. മാനസികമായി തകർന്ന 80 ശതമാനത്തിൽ 70 ശതമാനം പേരും ആത്മഹത്യയെ ഭയക്കുമ്പോൾ ബാക്കിയുള്ള 10 ശതമാനം അതിജീവനത്തിനുപകരം ആത്മഹത്യ തിരഞ്ഞെടുക്കുകയാണ്. ഇതിന് കാരണവും തുറന്ന് സംസാരിക്കാൻ ഒരിടമോ കേൾവിക്കാരോ ഇല്ലാത്തതാണ്. അങ്ങനെ ഒരു സേഫ് സ്പേസ് ഉണ്ടായിരുന്നെങ്കിൽ ഒരുപക്ഷെ നമ്മുടെ നാട്ടിൽ ആത്മഹത്യകളുടെ എണ്ണം കുറഞ്ഞേനേ. ■

നാടകം



# പൂച്ച

**ആമുഖം**

ഒരിക്കൽ ഒരിടത്ത് കുറെ എലികൾ പാർത്തിരുന്നു; ഒരു കണ്ടൻ പൂച്ചയും. തക്കം പാർത്തും ഇരുട്ടിൽ പമ്മിയിരുന്നും പൂച്ച എലികളെ ഒരോന്നായി പിടിച്ചുതിന്നുകൊണ്ടിരുന്നു. ഉറ്റവർ നഷ്ടപ്പെടുന്നതിൽ വ്യാകുലരായും മരണഭയംകൊണ്ടും ഒരു പോംവഴി കണ്ടെത്താനായി ഒടുവിൽ എലികൾ സംഘംചേർന്നു. ഈ വംശഹത്യക്ക് അറുതിവരുത്തണം; എലികൾ കൂട്ടമായി പറഞ്ഞു. ദിവസങ്ങളോളം അവർ ചർച്ചചെയ്തു, ആലോചിച്ചു. ഒടുവിൽ, എലിക്കൂട്ടത്തിൽ സമർത്ഥനായ ഒരുവൻ ഒരു നിർദേശം വച്ചു. ഒളിച്ചിരുന്നും പതിയിരുന്നും കൊന്നുതിന്നാൻവരുന്ന പൂച്ചയെ നേരത്തെ അറിയാനും ഓടിരക്ഷപ്പെടാനും പൂച്ചയ്ക്കൊരു മണികെട്ടുക. എലിക്കൂട്ടം ആ നിർദേശത്തെ സഹർഷം സ്വാഗതം ചെയ്തു. പക്ഷേ, ഒരു ചോദ്യം ബാക്കിയായി. പൂച്ചയ്ക്ക് ആര് മണികെട്ടും? മണികെട്ടാൻനേരം പൂച്ച ചാടിപ്പിടിച്ച് കൊല്ലില്ലെന്ന് എന്ത് ഉറപ്പ്? അവർ ആ സ്ഥിതിവിശേഷത്തെ ഭയന്നു. ഒരു സമസ്യപോലെ ചർച്ചയും ആലോചനയും നീണ്ടുനീണ്ടു പോകുകയും സമർത്ഥനായ പൂച്ച എലികളെ കൊന്നുതിന്നുകൊണ്ടിരിക്കുകയും അങ്ങനെയങ്ങനെ കാലം കടന്നുപോവുകയും...

**രംഗം**

വേദിക്കുപുറത്തെ വെളിച്ചം അണഞ്ഞതോടെ നാടകം തുടങ്ങി. രംഗത്ത് ഒന്നാമൻ, രണ്ടാമൻ, പിന്നെയൊരു കണ്ടൻപൂച്ച. വേദിയിലൊരിടത്ത് ഉയർന്നതലത്തിൽ പൂച്ചയെകെട്ടാനുള്ള മണി. ആലോചനാമഗ്നരായി ഉലാത്തുന്ന ഒന്നാമനും രണ്ടാമനും. ഒരുക്കിയ മറ്റൊരുതലത്തിൽ അക്ഷ



**ബർഗ്മാൻ തോമസ്**

മയോടെ ഒന്നാമനേയും രണ്ടാമനേയും ഇടയ്ക്കിടെ പ്രേക്ഷകരേയും നോക്കിയിരിക്കുന്ന കണ്ടൻപൂച്ച.

പൂച്ച : എനിക്കാരാണു മണികെട്ടുന്നത്?

ഒന്നാമനും രണ്ടാമനും പരസ്പരംനോക്കി. പിന്നെയും ഉലാത്തുന്നു.

പൂച്ച : (ഗൗരവം) എനിക്കാരാണു മണികെട്ടുന്നത്?

ഒന്നാമൻ : (തന്നോടും എല്ലാപേരോടുമായി) അതെ, പൂച്ചയ്ക്കാരാണു മണികെട്ടുന്നത്?

രണ്ടാമൻ : (തന്നോടും എല്ലാപേരോടുമായി) അതെ, പൂച്ചയ്ക്കാരാണു മണികെട്ടുന്നത്?

ഒന്നാമൻ : (പകർച്ച) അതിനുകഴിവുള്ളയൊരാൾ നീയാണ്. നീ മണികെട്ട്.

രണ്ടാമൻ : എനിക്കാകുമെങ്കിൽ നിനക്കാകാത്തതെന്ത്? നീ കെട്ട്.

ഒന്നാമൻ : നീയാണതിനു യോഗ്യൻ നീ മണികെട്ട്.

രണ്ടാമൻ : അതങ്ങു പള്ളീൽ പറഞ്ഞാൽ മതി. നീയാണൊന്നാമൻ. നീ മണികെട്ട്.

ഒന്നാമൻ : രണ്ടാമനും മണി കെട്ടാം. നീ കെട്ട്.

രണ്ടാമൻ : ഇല്ല, നീ കെട്ട്.

ഒന്നാമൻ : ഇല്ല, നീ കെട്ട്.

അവർ തർക്കമായി. പരസ്പരം വെല്ലുവിളിയായി. അതുവരെയുള്ള അവരുടെ സംഭാഷണം ഗർവ്വോടെ കേട്ടുകൊണ്ടിരുന്ന പൂച്ച അപ്പോൾ ഇടപെട്ടു.

പൂച്ച : ആരുതന്നെയായാലും എനിക്കിന്നൊരു മണികെട്ടണം. മണികെട്ടലാണ് ഈ നാടകത്തിന്റെ ക്ലൈമാക്സ്.

ഒന്നാമൻ : നോക്ക്, വേട്ടക്കാരൻതന്നെ നേരിട്ടു പറയുന്നു എനിക്കു മണികെട്ടണം എന്ന്.

രണ്ടാമൻ : അതെ. എന്ത് വിരോധാഭാസമാണ്. ചരിത്രത്തിന്റെ ഓരോ അസംബന്ധങ്ങളേ!

പൂച്ച : (പരിഹാസം) വെറുതെ ഫിലോസഫി പറഞ്ഞ് സമയംകളയാതെ നിങ്ങള് മണികെട്ടാൻ നോക്ക്.

ഒന്നാമൻ : നീ കേൾക്കുന്നില്ലേ, അവൻ നമ്മെ പരിഹസിക്കുന്നത്. ശ്ശൊ നാണക്കേട്. നമ്മൾ മനുഷ്യകുലത്തിനാകെ നാണക്കേട്. (അനുനയം) സഹോദരാ നീ കെട്ട് മണി.

രണ്ടാമൻ : ആ വെള്ളമങ്ങു വാങ്ങിവച്ചേര്. നീ കെട്ട് മണി.

ഒന്നാമൻ : എന്നെക്കൊണ്ടാവില്ല, നീ കെട്ട്

രണ്ടാമൻ : (പ്രേക്ഷകരോട്) പൂച്ചയ്ക്കാര് മണി കെട്ടും?

ഒന്നാമൻ : (പ്രേക്ഷകരോട്) പൂച്ചയ്ക്കാര് മണികെട്ടും?

പൂച്ച : (അസഹ്യം) എനിക്കറിയണം, എനിക്കിന്നാര് മണികെട്ടും?

നേരം നിന്നു കിതച്ചു. നാടകം നിശ്ചലമായി. അന്നേരം വേദിയുടെ ഒരു മൂലയിൽ പതുങ്ങിനില്ക്കുകയായിരുന്ന കർട്ടൻവലിക്കാരൻ വേദിയിലേക്കോടിവന്നു.

കർട്ടൻവലിക്കാരൻ : പൂച്ചയ്ക്ക് മണികെട്ടലാണു നാടകം. ആരും മണികെട്ടാൻ തയ്യാറല്ലെങ്കിൽ പിന്നെന്തിനു നാടകം തുടരണം? അപ്പൊ കർട്ടനിടാം അല്ലേ?

അയാൾ പോയി കർട്ടനിടാൻ തുടങ്ങി. അപ്പോൾ 'നിറുത്ത്' എന്ന് ഉറക്കെയുരുവിട്ട് സദസ്സിൽനിന്നും സംഘാടകരിൽ പ്രധാനി വേദിയിലേക്ക് ഓടിവന്നു.

സംഘാടകൻ : കർട്ടനിടാൻ വരട്ടെ. റെഡിക്കാശെണ്ണിക്കൊടുത്ത് തട്ടേക്കേറിയ നാടകമാണ്. കളി തീർന്നിട്ടു മതി കർട്ടൻ. (ഒന്നാമനോടും രണ്ടാമനോടും) നിനക്കൊക്കെ കാശ് എണ്ണിത്തന്നിട്ടാടാ, അഭ്യാസം കാണിക്കുന്നോ? കെട്ടടാ മണി.

ഒന്നാമനും രണ്ടാമനും പരസ്പരംനോക്കി നിന്നു. ദീനഭാവത്തോടെ പിറകിലേക്കു മാറിനിന്നു.

പൂച്ച എഴുന്നേറ്റു. പരിഹാസപൂർവം എല്ലാപേരെയും നോക്കി.

പൂച്ച : (ഉറക്കെ) പറയൂ, എനിക്കാരു മണികെട്ടും?

തുടർന്ന് സദസ്സിൽനിന്നും അഞ്ചാറുപേർ വേദിയലേക്കോടിക്കയറി.

ഒരാൾ : ഇപ്പോഴത്തെ പ്രതിസന്ധി എന്നത് മണികെട്ടുക എന്നതാണ്. മണികെട്ടാതെ നാടകം അവസാനിക്കാനുമാവില്ല.

മറ്റൊരാൾ : എങ്കിൽ നമ്മളിലാരെങ്കിലും ആയിക്കോട്ടെ.

പിന്നൊരാൾ : നല്ല ഐഡിയ. നമ്മൾ കാണികളിലാരെങ്കിലും ഒരാൾ പൂച്ചയ്ക്ക് മണികെട്ടുന്നു.

നാലാമതൊരാൾ : പക്ഷേ, നമ്മളിലാര് മണികെട്ടും?

'ആര്? ആര്? ആര്?' സദസ്സ് ചർച്ചയിലേർപ്പെട്ടു. ചർച്ച പുരോഗമിച്ചു. ഏറെ കഴിഞ്ഞും ഒരു തീർപ്പിൽ എത്താനായില്ല. സദസ്സിൽനിന്നും സൂത്രധാരൻ വേദിയിലേക്കുവന്നു.

സൂത്രധാരൻ : (കാണികളോട്) പൊതുവിലിപ്പോൾ ഇങ്ങനെയൊരു ട്രെൻഡാണല്ലോ. എന്തും ഏതും ചർച്ച ചെയ്തുകൊണ്ടേയിരിക്കുക. ഒരു തീർപ്പിലുമെത്താതിരിക്കുക. ക്ലൈമാക്സ് അഥവാ പ്രായോഗികത കണ്ടെത്താനാവാത്ത നാടകക്കാഴ്ചകൾ. വേദി സദസ്സിലേക്കായും കാണികൾ കഥാപാത്രങ്ങളിലേക്കുമായുള്ള പകർന്നാട്ടങ്ങൾ. കളത്തിനും കളത്തിനുപുറത്തുമൊക്കെ നാട്യക്കാർ മാത്രം.

അതുകേട്ട് സദസ്സിലെ കാണികൾ കയ്യടിച്ചു.


സദസ്സ് : സൂത്രധാരൻ സിന്ദാബാദ്.

സൂത്രധാരൻ മുഷ്ടി ചുരുട്ടി സദസ്സിനുനേർക്ക് മുദ്രാവാക്യംപോലെ ഉയർത്തിക്കാട്ടി. സദസ്സിലെ കാണികൾ അതേപോലെ മുഷ്ടി ചുരുട്ടി ആർപ്പുവിളിച്ചു. നേരം പിന്നെയും നിന്നു കിതച്ചു.

ഒന്നാമൻ : (ദയാപൂർവം) വെറുതെയിങ്ങനെ വേദാന്തമോതിയും തർക്കിച്ചും നേരംപോകും. ആരെങ്കിലുമൊന്നു മണികെട്ട് നാടകം തീർക്ക്.

രണ്ടാമൻ : (ദയാപൂർവം) അതെയതെ ആരെങ്കിലുമൊന്നു മണികെട്ട് നാടകം തീരട്ടെ.

'നീ കെട്ട്? നീ കെട്ട്? നീ കെട്ട്?' സദസ്സ് പിന്നെ



യും തർക്കത്തിലേർപ്പെട്ടു. മണികെട്ടാൻ പക്ഷേ, ആരും തയ്യാറായില്ല.

പൂച്ച : (ആക്രോശം) ചർച്ചേം തർക്കോം. മണികെട്ടാതെ ഞാൻ വിടവാങ്ങുമെന്ന് ആരും വിചാരിക്കണ്ട.

സദസ്സ് : (സൂത്രധാരനോട്) നേതാവേ, അണികളാരും തയ്യാറാകാത്ത സ്ഥിതിക്ക് അങ്ങുതന്നെ മണികെട്ടണം എന്ന് ഞങ്ങൾ ഐകകണ്ഠ്യേന പറയുന്നു.

സൂത്രധാരൻ : (ഭീഷണി) ഞാനോ? ആ മണിയങ്ങ് വാങ്ങിവച്ചേക്ക്. (സൂത്രധാരൻ പെട്ടെന്നുതന്നെ സ്ഥലം കാലിയാക്കി.)

അരങ്ങിൽ നാടകക്കളി തുടരുമ്പോഴും പിന്നരങ്ങിൽ, വേദിക്കരികിൽ നിന്നും കിട്ടിയ വർത്തമാനക്കടലാസ് വീണ്ടും വീണ്ടും വായിച്ചും മൂളിപ്പാട്ടുപാടിയും മുട്ടിയപ്പോഴൊക്കെ സ്റ്റേജിനുപിന്നിലെ ജനൽപ്പഴുതിലൂടെ നീട്ടിഗിടിച്ച് മൂത്രമൊഴിച്ചും അസ്വസ്ഥതയോടെ ഒരാൾമാത്രം ആരുടെയും ശ്രദ്ധപിടിച്ചുപറ്റാതെ ചർച്ചകൾക്കിടയിലൂടെ നടന്നു. അയാളും നാടകത്തിലെ ഒരു കഥാപാത്രമാണ്. മൂന്നാമൻ.

മൂന്നാമൻ : എത്രനേരം നിങ്ങടെ വാദവർത്തമാനങ്ങളും വരട്ടുന്യായങ്ങളും സ്റ്റേജിന്റെ പിറകിൽ നിന്നും കേട്ടുനില്ക്കും ക്ഷമനശിച്ചപ്പോൾ കേറിവന്നതാണ്. (പ്രേക്ഷകരോട്) ഈ നാടകത്തിലെ ഒരു കഥാപാത്രമാണു ഞാനും. അതെ. മണികെട്ടൽ രംഗത്തിനുശേഷം വേദിയിൽ വരേണ്ട കഥാപാത്രം.

വേദിയിൽ വിജിഗീഷുവായി, മൂളിപ്പാട്ടുപാടി അങ്ങോട്ടുമിങ്ങോട്ടും അലഞ്ഞു മൂന്നാമൻ. അയാളുടെ രംഗപ്രവേശത്തോടെ ഒന്നാമനും രണ്ടാമനും ഇതുതന്നെയവസരം എന്നപോലെ ഓടിയൊളിച്ചു. പതിയെ സദസ്സും പിൻവാങ്ങി. കർട്ടൻ വലിക്കാരൻ തന്റെ സ്ഥാനത്തു ചെന്നുനിന്ന് തുടർനാടകത്തിനു കാതോർത്തു. മൂന്നാമൻ പൂച്ചയെ സഗൗരവം നോക്കിയും സ്വയം മസിലുപിരിച്ചും വേദിക്കുചുറ്റും നടന്നു. പൂച്ച പേടിച്ചുവിരണ്ട് ഓടിയൊളിക്കാൻ ശ്രമിച്ചു.

മൂന്നാമൻ : ചരിത്രകഥാവേദിയിൽനിന്നും നീയങ്ങനെ ഓടിയൊളിക്കയോ? (ഒറ്റനിമിഷംകൊണ്ട് അയാൾ പൂച്ചയുടെ വാലിൽ പിടിത്തമിട്ടു.) നന്ദികെട്ട പരട്ടമൃഗമേ, നിന്റെ മണികെട്ടിടപാട് ഇന്നുഞാൻ തീർക്കുന്നുണ്ട്. ഒരു കഥാപാത്രത്തിന്റെ കടന്നുവരവിനെ എത്രനേരമായാണു നീ തടഞ്ഞുവച്ചുകൊണ്ടിരിക്കുന്നത്. നിന്റെ പണി ഇന്നുഞാൻ തീർക്കും.

അയാൾ മുൻകാലുയർത്തി പൂച്ചയെ തൊഴിച്ചു. 'മ്യാവൂ... മ്യാവൂ...' പൂച്ച ദീനദീനം മോങ്ങി. പിന്നീടയാൾ ദേഹത്തണിഞ്ഞിരുന്ന മേക്കപ്പും കോസ്റ്റ്യൂമും പറിച്ചെടുത്ത് പൂച്ചയെ അണിയിച്ചു.

മൂന്നാമൻ : ഇനി ഇത് നിനക്കിരിക്കട്ടെ.

പൂച്ച : (പിന്നെയും കരഞ്ഞു) മ്യാാാവൂ... മ്യാാാവൂ...

മൂന്നാമൻ : (താക്കീത്) മ്യാവൂ കരഞ്ഞാൽ നിന്റെ വായ മൂടിക്കെട്ടും ഞാൻ.


പൂച്ച പിന്നെ കരഞ്ഞില്ല. ഒരു പ്രത്യേക ഭാവത്തോടെ നിശ്ശബ്ദം ഇരുന്നു.

ശേഷം, മൂന്നാമൻ തലത്തിലിരുന്ന മണിയെടുത്തു. മിണ്ടാട്ടമില്ലാത്ത പൂച്ചയെനോക്കി മണി കിലുക്കി അട്ടഹസിച്ചു. ശേഷം പരിഹാസപൂർവം ഒരു പ്രത്യേക താളത്തിൽ പ്രേക്ഷകനോടു മണി കിലുക്കിക്കാട്ടി. ഒടുവിൽ മണിയുംകൊണ്ട് മൂന്നാമനും വേദി വിട്ടു. രംഗത്ത് പൂച്ച മാത്രം ശേഷിച്ചു. അത് വേദിയുടെ മധ്യേ വന്ന് സദസ്സിനെയാകെ വീക്ഷിച്ചു. മണിയിരുന്ന തലത്തിൽ കയറി.

പൂച്ച : (പ്രേക്ഷകരെ നോക്കി ഉച്ചത്തിൽ) ഫ!! മനുഷ്യാ... ■

*അവലംബം:* **ടി.ബി ലാലിന്റെ 'പൂച്ച പഴഞ്ചൊല്ലിനു പുറത്തായവിധം' എന്ന കഥ.**

## വായന




> “ലോകത്തിലെ ഏറ്റവും മനോഹരമായ കാര്യങ്ങൾ ആസ്വദിക്കാൻ കണ്ണോ കൈയോ വേണ്ട; ഹൃദയം മതി.”

# ഹെലൻ കെല്ലറിന്റെ ജീവിത കഥ



ജോയിഷ് ജോസ്

സ്വന്തം ജീവിതം അറിവിനു വേണ്ടിയുള്ള നിലയ്ക്കാത്ത പോരാട്ടമാക്കിമാറ്റിയ ഹെലൻ കെല്ലറുടെ ആത്മകഥ, അന്ധയും ബധിരയുമായിരുന്ന ഒരു പെൺകുട്ടി ഇച്ഛാശക്തിയുടെയും ആത്മവിശ്വാസത്തിന്റെയും പിൻബലത്തിൽ ലോകത്തെ കീഴടക്കിയ കഥയാണിത്.

വാക്കുകളില്ലാത്ത ചിന്തകളിൽനിന്നും രൂപങ്ങളില്ലാത്ത സ്വപ്നങ്ങളിൽനിന്നും കഠിന പരിശ്രമത്തിന്റെയും നിശ്ചയദാർഢ്യത്തിന്റേതുമായ ഹെലന്റെ കഥ വിങ്ങുന്ന ഹൃദയത്തോടെയേ നമുക്ക് വായിച്ചു തീർക്കാനാവൂ.

അമേരിക്കയുടെ തെക്കുകിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്ന അലബാമയിൽ 1880 ജൂൺ 27ന് കേണൽ ആർതർ ഹെൻലെ കെല്ലറിന്റേയും കേറ്റ് ആഡംസ് കെല്ലറിന്റേയും മകളായാണ് ഹെലൻ കെല്ലർ ജനിച്ചത്. ആരോഗ്യവതിയും കാഴ്ചയും കേൾവിയും എല്ലാമുള്ള സാധാരണ കുട്ടിയായിരുന്നു ഹെലൻ. എന്നാൽ, രണ്ട് വയസ്സാകുന്നതിന് മുമ്പുണ്ടായ ഒരു രോഗമാണ് ഹെലന്റെ കാഴ്ചശക്തിയും കേൾവിശക്തിയും ഇല്ലാതാക്കിയത്.സ്വതവേ വികൃതിയായിരുന്ന ഹെലൻ ഇതോടെ കൂടുതൽ വാശിക്കാരിയും ദേഷ്യക്കാരിയുമായി മാറി. എന്തിനും അമ്മയെ ആശ്രയിക്കേണ്ടതായി വന്നതോടെ ഹെലൻ അമ്മയുടെ  പിറകിൽ നിന്ന് മാറാതെയായി. ചുറ്റുമുള്ള വസ്തുക്കൾ തൊട്ട് മനസ്സിലാക്കാനായിരുന്നു ഹെലന്റെ ശ്രമം.

അഞ്ച് വയസ്സായപ്പോഴേക്കും തുണികൾക്കിടയിൽ നിന്നും സ്വന്തം തുണി തൊട്ടു മനസ്സിലാക്കാനും മടക്കി വയ്ക്കാനും ഹെലൻ പഠിച്ചു. വീട്ടിലെ പാചകക്കാരിയുടെ മകളായ മാർത്ത വാഷിങ്ടൺ ആയിരുന്നു ഹെലന്റെ ബാല്യകാല സുഹൃത്ത്. മാർത്തയോടൊപ്പം കളിക്കുകയും കൂട്ടുകൂടുകയും ചെയ്യുമായിരുന്നെങ്കിലും ഹെലൻ പലപ്പോഴും മാർത്തയെ ഉപദ്രവിച്ചിരുന്നു. തന്റെ ആത്മകഥയിൽ

ഹെലൻ തന്നെ പറയുന്നുണ്ട്, താൻ ഒരിക്കലും ഒരു നല്ല കുട്ടിയായിരുന്നില്ലെന്ന്. താൻ വിചാരിച്ച കാര്യം നടക്കണമെന്ന നിർബന്ധബുദ്ധി ഉണ്ടായിരുന്നു ഹെലന്. തൊട്ടും പരിചയിച്ചും വാതിൽ പൂട്ടാനും തുറക്കാനും പഠിച്ച ഹെലൻ ഒരു ദിവസം ഒരു പണി ഒപ്പിച്ചു, അമ്മയെ ഒരു റൂമിനകത്തിട്ട് പൂട്ടി. വാതിലിൽ മുട്ടിയും തട്ടിയും തുറക്കാനാവശ്യപ്പെട്ട് അമ്മ ബഹളം വെച്ചപ്പോൾ ഹെലൻ പുറത്തിരുന്ന് കൈകൊട്ടി പൊട്ടിച്ചിരിച്ചു. ഏതാണ്ട് മൂന്നു മണിക്കൂറോളം അമ്മ ആ റൂമിൽ കിടന്നു എന്നാണ് പറയുന്നത്.

ഹെലന്റെ സ്വഭാവം മാറണമെങ്കിൽ ഹെലന് പഠിക്കാനുള്ള സാഹചര്യവും ശരിയായ പരിശീലനവും ആവശ്യമാണെന്ന് മനസ്സിലാക്കിയ ഹെലന്റെ അമ്മയും അച്ഛനും ഡോക്ടർ ചിസോമിനെ പോയി കണ്ടു. അവളുടെ കണ്ണ് ഒരിക്കലും ശരിയാകില്ലെന്നും അന്ധരും ബധിരരുമായ കുട്ടികളുടെ കാര്യത്തിൽ പ്രത്യേകം താത്പര്യമുള്ള ഡോ. അലക്സാണ്ടർ ഗ്രഹാം ബെല്ലിനെ പോയി കാണാൻ നിർദേശിക്കുകയും ചെയ്തു.ഡോക്ടർ അലക്സാണ്ടർ ഗ്രഹാംബെല്ലിന്റെ സഹായത്തോടെ അന്ധർക്കു വേണ്ടി പ്രവർത്തിക്കുന്ന പെർകിൻസ് ഇൻസ്റ്റിറ്റ്യൂഷനിൽ നിന്നും ഹെലനെ പരിശീലിപ്പിക്കുന്നതിനായി ഒരു അധ്യാപികയെ കണ്ടെത്താൻ ഹെലന്റെ മാതാപിതാക്കൾക്ക് കഴിഞ്ഞു. കാഴ്ച വൈകല്യം ബാധിച്ചതും ഇതേ സ്ഥാപനത്തിൽ മുമ്പ് പരിശീലിച്ചതുമായ ഡോ. ആനി സളിവൻ ആയിരുന്നു ആ അധ്യാപിക. ആനി സളിവനുമായിട്ടുള്ള കണ്ടുമുട്ടലാണ് ഹെലന്റെ ജീവിതത്തിൽ വഴിത്തിരിവായത്. ഓരോ വസ്തുക്കളുടെയും പേര്, അതിന്റെ സ്പെല്ലിങ് ഹെലന്റെ കൈവെള്ളയിൽ വിരൽ വച്ചെഴുതി ആനി സളിവൻ അവളെ പരിശീലിപ്പിച്ചു.

ആദ്യമൊക്കെ ഏറെ ബുദ്ധിമുട്ടിയെങ്കിലും പിന്നീട് ഹെലൻ ആനിയിൽ നിന്നും ഒരുപാടു കാര്യങ്ങൾ പഠിച്ചു. വെള്ളം എന്താണെന്ന് പഠിപ്പിക്കാൻ അത് കൈയിൽ ഒഴിച്ചുകൊടുത്ത് മനസ്സിലാക്കിച്ചതായി ഹെലൻ പറയുന്നുണ്ട്. വളരെ പെട്ടെന്നുതന്നെ ആനിയും ഹെലനും അടുത്ത സുഹൃത്തുക്കളായി. പഠിക്കാനുള്ള താത്പര്യം ഹെലന് കൂടിവന്നു.



**തികച്ചും പ്രതികൂലമായ എല്ലാ സാഹചര്യങ്ങളെയും കഠിനപ്രയത്നം കൊണ്ട് അതിജീവിച്ച്, 24ാം വയസ്സിൽ റാഡ്ക്ലിഫ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഹെലൻ ബിരുദം നേടി. അങ്ങനെ കാഴ്ചയും കേൾവിയുമില്ലാതെ ബിരുദം നേടിയ ആദ്യവ്യക്തി എന്ന പദവി ഹെലനെ തേടിയെത്തി. ധാരാളം പുസ്തകങ്ങൾ രചിച്ചു. 11ാം വയസ്സിലാണ് ഹെലന്റെ ആദ്യപുസ്തകം രചിക്കപ്പെട്ടത്, ദി ഫ്രോസ്റ്റ് കിങ്. ദി സ്റ്റോറി ഓഫ് മൈ ലൈഫ് എന്ന ഹെലന്റെ ആത്മകഥ ഏറെ പ്രസിദ്ധമാണ്.**

ഓരോന്നും പഠിക്കാനും ഗ്രഹിക്കാനും മറ്റു കുട്ടികളേക്കാൾ സമയവും പരിശ്രമവും ഹെലന് ആവശ്യമായിരുന്നു. നിശ്ചയദാർഢ്യവും കഠിനപരിശ്രമവും കൊണ്ട് ഹെലൻ ഇതിനെയെല്ലാം അതിജീവിച്ചു. ബ്രെയ്‌ലി ലിപി പരിശീലിച്ചതും ഹെലന്റെ കഠിന പ്രയത്നം കൊണ്ടാണ്.

ക്രമേണ ആനി സളിവൻ ഹെലനെ സംസാരിക്കാൻ പഠിപ്പിച്ചു. കേൾവിയും കാഴ്ചയും ഇല്ലാത്ത ഹെലനെ പരിശീലിപ്പിക്കുക ഏറെ ശ്രമകരമായിരുന്നു. എന്നാൽ, ഗുരുവിന്റെയും ശിഷ്യയുടേയും കഠിനപ്രയത്നം ഫലം കണ്ടു. ഹെലൻ സംസാരിക്കാൻ തുടങ്ങി.

തികച്ചും പ്രതികൂലമായ എല്ലാ സാഹചര്യങ്ങളെയും കഠിനപ്രയത്നം കൊണ്ട് അതിജീവിച്ച്, 24ാം വയസ്സിൽ റാഡ്ക്ലിഫ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഹെലൻ ബിരുദം നേടി. അങ്ങനെ കാഴ്ചയും കേൾവിയുമില്ലാതെ ബിരുദം നേടിയ ആദ്യവ്യക്തി എന്ന പദവി ഹെലനെ തേടിയെത്തി. ധാരാളം പുസ്തകങ്ങൾ രചിച്ചു. 11ാം വയസ്സിലാണ് ഹെലന്റെ ആദ്യപുസ്തകം രചിക്കപ്പെട്ടത്, ദി ഫ്രോസ്റ്റ് കിങ്. ദി സ്റ്റോറി ഓഫ് മൈ ലൈഫ് എന്ന ഹെലന്റെ ആത്മകഥ ഏറെ പ്രസിദ്ധമാണ്. ദ വേൾഡ് ഐ ലിവ് ഇൻ, ഔട്ട് ഓഫ് ദ ഡാർക്ക്, മൈ റിലീജിയൻ തുടങ്ങിയവയെല്ലാം ഹെലന്റെ പ്രസിദ്ധമായ കൃതികളാണ്.

ഹെലന്റെ ജീവിതത്തെ ആസ്പദമാക്കി ധാരാളം പരമ്പരകളും സിനിമകളും ഡോക്യുമെന്ററിയുമെല്ലാം ഉണ്ടായി. ഡെലിവറൻസ് എന്ന ഡോക്യുമെന്ററിയിൽ അവർതന്നെ അഭിനയിച്ചു. അന്ധർക്കു വേണ്ടി ഹെലൻ കെല്ലർ ഇന്റർനാഷണൽ എന്ന സംഘടന ആരംഭിക്കുകയും വൈകല്യമുള്ളവരുടെ പ്രശ്നങ്ങളിൽ നിരന്തരമായി ഇടപെടുകയും ചെയ്തു. അമേരിക്കയിലെ മാത്രമല്ല ലോകമെമ്പാടുമുള്ള ജനങ്ങളുടെ, വൈകല്യമുള്ളവരോടുള്ള കാഴ്ചപ്പാടിനെ മാറ്റിമറിക്കാൻ ഹെലന്റെ പ്രസംഗങ്ങൾക്ക് കഴിഞ്ഞു. എല്ലാ സാമൂഹിക പ്രശ്നങ്ങളിലും അവർ ക്രിയാത്മകമായി ഇടപെട്ടു. ധാരാളം രാജ്യങ്ങൾ സന്ദർശിച്ച് ജനങ്ങളെ ബോധവത്കരിക്കുകയും വൈകല്യമുള്ളവരെ കൈപിടിച്ച് ജീവിതത്തിലേക്ക് കൊണ്ടുവരികയും ചെയ്തു എന്നത് ഹെലന്റെ വലിയ നേട്ടമാണ്. ഒടുവിൽ അമേരിക്കയിലെ പ്രമുഖ സിവിലിയൻ ബഹുമതികളിലൊന്നായ പ്രസ്റ്റീജിയസ് പ്രസിഡൻഷ്യൽ മെഡൽ ഹെലൻ കെല്ലറിനെ തേടിയെത്തി. 1968 ജൂണിൽ അവർ ഈലോകത്തോട് യാത്ര പറഞ്ഞെങ്കിലും അവർ പരത്തിയ പ്രകാശം ഇന്നും അനേകരുടെ ഇരുട്ടിനെ അകറ്റുന്നു. ■

# ഫാ. ജോസഫ് ഡി സിൽവ



അടിമലത്തുറ സ്വദേശിയും തിരുവനന്തപുരം അതിരൂപതയിൽ പുരോഹിതനായും സേവനം അനുഷ്ഠിച്ചിരുന്ന ഫാ. ജോസഫ് രായപ്പൻ ഡി സിൽവ (85) അമേരിക്കയിൽ നിര്യാതനായി. രായപ്പൻ വറീത ദമ്പതികളുടെ 12 മക്കളിൽ ഏഴാമത്തെ ആളായിരുന്നു ജോസഫ് ഡി സിൽവ. നീണ്ട 56 വർഷത്തെ പൗരോഹിത്യ സേവനം സഭയ്ക്ക് സമർപ്പിച്ചാണ് അദ്ദേഹം നിത്യതയിലേക്ക് മടങ്ങിയത്. അമേരിക്കയിൽ മിലിറ്ററി ചാപ്ലയിൻ ആയി സേവനം തുടരുന്നതിനിടെ ആയിരുന്നു വിയോഗം.

സെന്റ് ജോസഫ്സ് പ്രൈമറി സ്കൂൾ, ലിയോ XIII മിഡിൽ സ്കൂൾ, ന്യൂ ഹൈസ്കൂൾ നെല്ലിമൂട് എന്നിവിടങ്ങളിൽ ആയിരുന്നു സ്കൂൾ പഠനം. കൊല്ലം സെന്റ് റാഫേൽസ് മൈനർ സെമിനാരിയിൽ ചേരുകയും, അതിനുശേഷം ആലുവ സെന്റ് ജോസഫ്സ് അപ്പസ്തോലിക് കോളേജിൽ നിന്ന് ബിരുദപഠനം പൂർത്തിയാക്കുകയും ചെയ്തു. 1967 മാർച്ച് 11നായിരുന്നു അദ്ദേഹം വൈദികപ്പട്ടം സ്വീകരിച്ചത്. തിരുവനന്തപുരം സെന്റ് ജോസഫ് കത്തീഡ്രലിൽ പുരോഹിതനായി അഭിഷിക്തനായി. കമുകിൻകോട് സെന്റ് ആന്റണീസ് ദേവാലയം, കൊല്ലൻകോട് സെന്റ് മാത്യൂസ് ദേവാലയം എന്നിവിടങ്ങളിൽ ഇടവക വികാരിയായി സേവനമനുഷ്ഠിച്ചു. 3 വർഷം കാത്തലിക് ചാരിറ്റീസിന്റെ രൂപത ഡയറക്ടർ ആയും പ്രവർത്തിച്ചു. ഇതിനുപിന്നാലെയാണ് അമേരിക്കയിലെത്തിയത്. യുഎസ് ആർമിയിൽ ചേരുന്നത് വരെ അദ്ദേഹം സ്റ്റാറ്റൻ ഐലൻഡിലെ സെന്റ് സിൽവസ്റ്റർ ചർച്ചിൽ സേവനമനുഷ്ഠിച്ചു.

1979 ജനുവരിയിൽ അദ്ദേഹം ആർമി ചാപ്ലിൻസിയിൽ ചേർന്നു. ഫോർട്ട് വാഡ്സ്വർത്ത്, ചഥൽ അടിസ്ഥാന പരിശീലനം നേടിയിരുന്നു. ഫോർട്ട് സിൽ, ഒസാൻ, യങ്സാൻ, ഫോർട്ട് ഡിക്സ് എന്നീ സൈനിക ഇൻസ്റ്റലേഷനുകളിൽ സേവനമനുഷ്ഠിച്ചു: ന്യൂ ജേഴ്സിയിലെ ഫോർട്ട് മോൺമൗത്തിൽ അഡ്വാൻസ്ഡ് കോഴ്സ് ചെയ്തു. തുടർന്ന് ജോർജിയയിലെ ഫോർട്ട് ബെന്നിംഗിൽ ഒരു വർഷത്തെ ക്ലിനിക്കൽ പാസ്റ്ററൽ വിദ്യാഭ്യാസം നേടി. എൽ പാസോ ബ്യൂമോണ്ട് ആർമി മെഡിക്കൽ സെന്ററിൽ സേവനമനുഷ്ഠിച്ചു. ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ടിലെ തേർഡ് ആർമേർഡ് ഡിവിഷൻ, ഫോർട്ട് സ്റ്റുവർട്ട്, ഗൾഫ് യുദ്ധം, ഫോർട്ട് മോൺമൗത്ത്, വാർണർ ബാരക്സ്, ബാംബർഗ്, ഫോർട്ട് യൂസ്റ്റിസ്, എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചു.ഫോർട്ട് യൂസ്റ്റിസ്നിൽ നിന്നും അദ്ദേഹം ലെഫ്റ്റനന്റ് കേണൽ പദവിയിൽ വിരമിച്ചു. ന്യൂയോർക്കിലെ സെന്റ് ജോൺസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദാനന്തര ബിരുദം നേടിയിട്ടുണ്ട്.

ആർമി കമൻഡേഷൻ മെഡൽ, നാഷണൽ ഡിഫൻസ് സർവീസ് മെഡൽ, തെക്കുപടിഞ്ഞാറൻ ഏഷ്യ സർവീസ് മെഡൽ, ആർമി സർവീസ് റിബൺ/ഓവർസീസ് സർവീസ് റിബൺ, കുവൈറ്റ് ലിബറേഷൻ മെഡൽ, മെറിറ്റോറിയൽ സർവീസ് മെഡൽ, ലീജിയൻ ഓഫ് മെറിറ്റ് ആൻഡ് ഗ്ലോബൽ വാർ ഓൺ ടെററിസം സർവീസ് മെഡൽ എന്നീ പുരസ്കാരങ്ങൾ നേടി. സഹോദരൻ ജോർജ് ഡി സിൽവ. മരുമക്കൾ: യൂസലിയ, ലൂസി, സിന്ധ്യ. മരുമക്കൾ: ബെനഡിക്റ്റ്, സെബാസ്റ്റ്യൻ, തോമസ്, ജസ്റ്റിൻ. ■



# ആൽബി ഡിക്രൂസ്
## ചിരസ്മരണീയനായ ധീരയോധാവ്



ഇഗ്നേഷ്യസ് തോമസ്

നാഗാലാൻഡിലെ കൊഹിമയിൽ നാഗാ കലാപകാരികളുമായി നടന്ന ഏറ്റുമുട്ടലിൽ അസാമാന്യ ധീരത കാട്ടുകയും ഭാരതത്തിന്റെ പ്രഥമ രാഷ്ട്രപതി ഡോ.രാജേന്ദ്രപ്രസാദിൽനിന്ന് അശോക ചക്ര, ശൗര്യചക്ര എന്നീ ബഹുമതികൾ ലഭിക്കുകയും ചെയ്ത സൈനികൻ ആൽബി ഡിക്രൂസ് കാലയവനികയിൽ മറഞ്ഞു. തോപ്പ് ഇടവകയിൽ ഡൊമിനിക്ക് ഡിക്രൂസിന്റെയും ലൂസിയാൾ ഡിക്രൂസിന്റെയും പുത്രനായി 1937 ഡിസംബർ 25ന് ജനിച്ചു. എല്ലാ പ്രഭാതത്തിലും ശംഖുംമുഖം കടപ്പുറത്തെ കാൽപന്ത് കളി ആൽബിക്ക് ഹരമായിരുന്നു. അന്നൊരു പ്രഭാതത്തിൽ കരയിൽ നങ്കൂരമിട്ടിരുന്ന ഒരു കപ്പലിനുനേരെ ആൽബി നീന്തുകയും കപ്പലിനെ തൊട്ട് തിരികെ കരയിലെത്തുകയും ചെയ്തു. തിരുവിതാംകൂർ രാജകുടുംബത്തിന്റെ ചരക്കുകപ്പലുകളിൽ ഒന്നായിരുന്നു അത്. ആ കപ്പലിന്റെ അമരക്കാരനാകട്ടെ ആൽബിയുടെ പിതാവ് ഡൊമിനിക് ഡിക്രൂസും. ആൽബിയുടെ ചുറുചുറുക്കും സാഹസികതയും വീക്ഷിച്ചുകൊണ്ട് തീരത്ത് ഒരാൾ നിൽപ്പുണ്ടായിരുന്നു. പട്ടാളത്തിലെ റിക്രൂട്ട്മെന്റ് ഓഫീസറായ മേജർ ദേവപാലൻ. കരയ്ക്ക് നീന്തിക്കയറിയ ആൽബിയോട് പട്ടാളത്തിൽ ചേരുന്നോ എന്നദ്ദേഹം ചോദിച്ചു. അതേയെന്നായിരുന്നു ആൽബിയുടെ മറുപടി. ആന്ന് ആൽബി ഉൾപ്പെടെ 60 പേരെ തെരഞ്ഞെടുത്തു. മെഡിക്കൽ ടെസ്റ്റ് കഴിഞ്ഞപ്പോൾ 60 എന്നത് 56 പേരായി. ഫൈനൽ സെലക്ഷനിൽ കടന്നുകൂടിയവർക്ക് അസം റൈഫിൾസിലേക്ക് നിയമനവും ലഭിച്ചു.

1958 സെപ്റ്റംബർ 7ന് തിരുവനന്തപുരത്ത് നിന്ന് യാത്രതിരിച്ച് 14ന് അസം റൈഫിൾസിന്റെ ഹെഡ് ക്വാർട്ടേഴ്സിൽ ഈ 56 പേരുമെത്തി. ആൽബിയും മറ്റ് 15 പേരും അഞ്ചാം റൈഫിളിലെ സിഗ്നലിൽ ജോലി ചെയ്യാൻ നിയുക്തരായി. പട്ടാളത്തിലെ കഠിനപരിശീലനങ്ങളിലൂടെ ആൽബിയും കടന്നുപോയി. കായികക്ഷമതാ പരിശീലനത്തിലും ആയുധപരിശീലനത്തിലും ആൽബി ഉത്സാഹപൂർവ്വം പങ്കെടുത്തു. തുടർന്ന് ഇന്ത്യൻ ഡിഫൻസ് കമ്മ്യൂണിക്കേഷൻസ് ഹെഡ് ക്വാർട്ടേഴ്സായ ഷില്ലോങ്ങിലും ഡൽഹിയിലും വയർലസ് കമ്മ്യൂണിക്കേഷനിൽ വൈദഗ്ദ്ധ്യം നേടി. വ്യത്യസ്ത കോഡുകളും സാങ്കേതിക വിദ്യകളും പ്രയോജനപ്പെടുത്തി ആശയവിനിമയം നടത്താനുള്ള കഴിവും സ്വായത്തമാക്കി. പരിശീലനത്തിനു ശേഷം ആൽബി അസം റൈഫിൾസിൽ ചേർന്നു. ചൈനയുടെ പിന്തുണയോടെ അത്യാധുനിക ആയുധങ്ങളുമായി പോരാട്ടം നടത്തുന്ന നാഗാ ഒളിപ്പോരാളികളായിരുന്നു ആൽബിക്കും കൂട്ടർക്കും നേരിടേണ്ടിവന്ന ആദ്യ വെല്ലുവിളി. കൊഹിമയിൽ ക്യാമ്പൊരുക്കി നാഗാ ഗറില്ലകളുടെയും ചൈനയുടെയും നീക്കങ്ങൾക്ക് തടയിടാൻ ആൽബി അംഗമായ പ്ലാറ്റൂണിന് നിർദ്ദേശം ലഭിച്ചു. ശത്രുനീക്കങ്ങളെ നിരീക്ഷിക്കുക, വിവരങ്ങൾ വയർലസ് വഴി ഉന്നതകേന്ദ്രങ്ങളിൽ അറിയിക്കുക, മേധാവികളുടെ നിർദ്ദേശങ്ങൾ ക്യാമ്പിന് കൈമാറുക എന്നിവയായിരുന്നു ആൽബിയുടെ ചുമതല. ഇന്നത്തെപോലെ ഇന്റർനെറ്റ് ലഭ്യമല്ലാത്ത കാലമായിരുന്നു അത്.

ഇതിനിടെ അഞ്ഞൂറോളം വരുന്ന നാഗാ കലാപകാരികൾ ഇന്ത്യൻ ക്യാമ്പ് വളഞ്ഞ് വെടിയുതിർക്കാനാരംഭിച്ചു. രാത്രിയും പകലും തുടർച്ചയായി വെടിവയ്പുണ്ടായി. വയർലസ് പ്രവർത്തിപ്പിക്കാനാവശ്യമായ ഇന്ധനം തീർന്നതോടെ ക്യാമ്പിനുള്ളിൽ പ്രതിസന്ധി രൂക്ഷമായി. പുറത്തുപോയി ഇന്ധനം കൊണ്ടുവരിക അസാധ്യമാണ്. പുറംലോകവുമായി ബന്ധപ്പെടാനാകാത്ത സാഹചര്യം. ആഹാരവും ആയുധവും തീർന്നുക്കൊണ്ടിരിക്കുന്നു. ഈ സന്ദിഗ്ദ്ധാവസ്ഥയിലാണ് ആൽബിയെന്ന സൈനികന്റെ സാഹസികമായ തീരുമാനം വന്നത്. വെടിവയ്പ്പിന് ഇടയിലൂടെ പുറത്തുപോയി ഇന്ധനമെടുത്ത് വരുക. അങ്ങനെ ഇരുട്ടിന്റെ മറവിലൂടെ 30 വാരയകലെ സ്ഥിതിചെയ്യുന്ന സ്ഥലത്തെത്തി പെട്രോൾ ബാരലുമെടുത്ത് ചീറിപ്പായുന്ന വെടിയുണ്ടകൾക്ക് നടുവിലൂടെ സൈനിക ക്യാമ്പിലെത്തി. വെടിവയ്ക്കാനുള്ള തിര തീരാറായി എന്ന സന്ദേശം ആൽബി മേലുദ്യോഗസ്ഥരെ അറിയിച്ചു. അങ്ങനെ ഡക്കോട്ട വിമാനത്തിൽ ആയുധങ്ങൾ അടങ്ങിയ പെട്ടി പാരച്യൂട്ടിൽ ക്യാമ്പിലിറക്കി. എന്നാൽ പെട്ടികളിൽ ഒരെണ്ണം ക്യാമ്പിന് പുറത്തുവീണു. ഒരുകാരണവശാലും ഈ പെട്ടി നാഗാ കലാപകാരികൾക്ക് ലഭിക്കരുതെന്നായിരുന്നു സൈനിക കമാൻഡർമാരുടെ നിർദേശം. മോട്ടോർ ഗണ്ണിൽ ഘടിപ്പിച്ച് വെടിവയ്ക്കാനുള്ള ബോംബുകളെല്ലാം ഏതാണ്ട് തീർന്നു. ഒരുഘട്ടത്തിൽ നാഗകളുടെ കടന്നാക്രമണത്തിൽ കുറേയേറെ ഇന്ത്യൻ സൈനികർ കൊല്ലപ്പെട്ടു. അങ്ങനെ ക്യാമ്പിന്റെ ചുമതല ഏറ്റെടുക്കൻ ആൽബിക്ക് നിർദേശം ലഭിച്ചു. പുറത്തുവീണ പെട്ടി ഏതുവിധേനയും ക്യാമ്പിലെത്തിക്കാൻ ക്യാപ്റ്റനെന്ന നിലയിൽ ആൽബി ഉത്തരവിട്ടു. എന്നാൽ ആരും മുന്നോട്ടുവരാത്തതിനാൽ ആ ദൗത്യവും ആൽബി സ്വമേധയാ ഏറ്റെടുത്തു. ഒരാൾക്ക് ഒറ്റയ്ക്കെടുത്ത് പൊക്കാൻ കഴിയാത്ത ആ പെട്ടിയുടെ ഒരു വശം കെയിൽ പിടിച്ച് ആൽബി ഷെൽവർഷം നടക്കുന്നതിനിടയിലൂടെ ഇഴഞ്ഞ് നീങ്ങി ക്യാമ്പിലെത്തി.

ആയുധങ്ങൾ ലഭ്യമായതോടെ ഇന്ത്യ ശക്തമായി തിരിച്ചടിച്ചു. അങ്ങനെ നാഗാ പോരാളികളുടെ ശക്തി ക്ഷയിച്ചു. ആൽബിയുടെ സാഹസികമായ തീരുമാനങ്ങളും അവ ജീവനെ തൃണവൽക്കരിച്ച് നടപ്പിലാക്കിയ ധൈര്യവും കണക്കിലെടുത്ത് കമാൻഡർമാർ ആൽബിയുടെ പേര് അശോകചക്ര പുരസ്കാരത്തിനായി രാഷ്ട്രപതിയോട് ശുപാർശ ചെയ്തു. 1962 ഏപ്രിൽ 30ന് രാഷ്ട്രപതി ഭവനിൽ വച്ച് ഭാരതത്തിന്റെ പ്രഥമ രാഷ്ട്രപതി ഡോ.രാജേന്ദ്രപ്രസാദിൽനിന്ന് അശോകചക്ര പുരസ്കാരം ആൽബി ഏറ്റുവാങ്ങി. പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു അദ്ദേഹത്തെ അഭിനന്ദിച്ചു. അസം ക്യാമ്പിൽ ക്യാപ്റ്റനായി ഓരോ തീരുമാനങ്ങൾ എടുക്കുമ്പോഴും അത് നടപ്പിലാക്കുമ്പോഴും ആൽബിക്ക് പ്രായം 23 തികഞ്ഞിട്ടില്ലായിരുന്നു. 24-ാം വയസ്സിൽ അശോകചക്ര ഗാലന്ററി പുരസ്ക്കാരത്തിന് ഒരാൾ അർഹനാവുന്നത് കേരളചരിത്രത്തിൽ ആദ്യമായിരുന്നു. ഉന്നതമായ പുരസ്കാരം നേടിയ ആൽബി ഡിക്രൂസിനെക്കുറിച്ച് പുറംലോകം അധികമൊന്നും കേട്ടിരുന്നില്ല. നായക് സുബേദാർ പദവി നൽകി സൈന്യം ഇദ്ദേഹത്തെ ആദരിച്ചു. പതിനാലാം അസം റൈഫിൾ റെജിമെന്ററി റെക്കോർഡിൽ ഇദ്ദേഹത്തിന്റെ ഗാലന്ററി പുരസ്കാര നേട്ടത്തെപ്പറ്റി രേഖപ്പെടുത്തിയിട്ടുണ്ട്. ഭാരതത്തിന്റെ അഖണ്ഡതയ്ക്കും ഐക്യത്തിനും വേണ്ടി ജീവൻ ത്യജിക്കാൻപോലും സന്നദ്ധനായ ഈ പോരാളി 2023ജൂൺ 7 ന് സ്വർഗം പൂകി. ■



വാർത്തകൾ
കൂടുതൽ വാർത്തകൾക്ക്
www.archtvmnews.com




*മണിപ്പൂരിൽ സമാധാനം സ്ഥാപിക്കണം എന്ന് ആവശ്യപ്പെട്ട് കെ.എൽ.സി.എ തിരുവനന്തപുരം അതിരൂപത വലിയതുറ ഫെറോനയിലെ കെ.എൽ.സി.എ കൊച്ചുവേളി യൂണിറ്റിന്റെ നേതൃത്വത്തിൽ മെഴുകുതിരി കത്തിച്ച് നടത്തിയ പ്രദക്ഷിണം*

## മെഴുകുതിരി കത്തിച്ച് പ്രദക്ഷിണം നടത്തി

മണിപ്പൂരിൽ സമാധാനം സ്ഥാപിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് കെ.എൽ.സി.എ തിരുവനന്തപുരം അതിരൂപത വലിയതുറ ഫെറോനയിലെ കെ.എൽ.സി.എ കൊച്ചുവേളി യൂണിറ്റിന്റെ നേതൃത്വത്തിൽ മെഴുകുതിരി കത്തിച്ച് പ്രദക്ഷിണം നടത്തി. ജൂൺ 16 വെള്ളിയാഴ്ച വൈകുന്നേരം 5.30നുള്ള ദിവ്യബലി അർപ്പണത്തിന് ശേഷമാണ് ഇടവക ചുറ്റി മെഴുകുതിരി കത്തിച്ച് പ്രദക്ഷിണം നടത്തിയത്. ശേഷം മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പള്ളിയങ്കണത്തിൽ ഒത്തുകൂടുകയും ചെയ്തു.

## തീരം നേടാൻ പോരാട്ടം; തെക്കേ കൊല്ലംകോട് പരുത്തിയൂർ ഇടവകകൾ റോഡുപരോധിച്ചു

തെക്കേ കൊല്ലംകോട് പരുത്തിയൂർ ഇടവകകൾ സംയുക്തമായി കുളത്തൂർ കാരോട് പഞ്ചായത്തുകളിലെ എല്ലാ മത്സ്യത്തൊഴിലാളികളെയും സംഘടിപ്പിച്ചുകൊണ്ട് ഉച്ചക്കട ജംഗ്ഷൻ, പൂവാർ, കളിയിക്കാവിള റോഡ് ഉപരോധിച്ചു. അധികാരികളെ നേരിൽകണ്ട് കടലാക്രമണംമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള ആദ്യ ചുവടുവയ്പ്പെന്നനിലയിൽ നടത്തിയ റോഡ് ഉപരോധം അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. ഉത്ഘാടനം ചെയ്തു. പൊഴിയൂർ ജംഗ്ഷനിൽ നിന്നാരംഭിച്ച പ്രതിഷേധ റാലി ഉച്ചക്കട ജംഗ്ഷനിൽ സമാപിച്ചു. ശക്തമായ കടൽക്ഷോഭംമൂലം പ്രദേശത്തുണ്ടായ നാശനഷ്ടങ്ങൾക്ക് ഉടനടി പരിഹാരം കണ്ടെത്തണമെന്നും, പുനരധിവാസ പദ്ധതികൾ നടപ്പിലാക്കണമെന്നുമാവശ്യപ്പെട്ട് നിരവധിപേർ പ്രതിഷേധത്തിലണിനിരന്നു. ഉച്ചക്കട ജംഗ്ഷനിൽ നടന്ന റോഡുപരോധം പുല്ലുവിള ഫെറോനാ വികാരി ഫാ. സിൽവസ്റ്റർ കുരിശ് ഉത്ഘാടനം ചെയ്തു. പരുത്തിയൂർ ഇടവക വികാരി ഫാ. ജേക്കബ് സ്റ്റെല്ലസ്, അതിരൂപത മത്സ്യത്തൊഴിലാളി ശുശ്രൂഷ ഡയറക്ടർ ഫാ. ഷാജിൻ ജോസ്, പരുത്തിയൂർ സഹവികാരി ഫാ. റോബിൻ എന്നിവർ സംസാരിച്ചു.




*സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ സേവ് എ സ്റ്റുഡന്റ് പ്രോഗ്രാം 2023ന്റെ ഭാഗമായ പഠനോപകരണങ്ങളുടെ വിതരണോദ്ഘാടനം ഇടവക വികാരി ഫാ. ഡേവിഡ്സൺ അച്ചൻ നിർവഹിക്കുന്നു.*

# മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് തിരുവനന്തപുരം അതിരൂപത



മണിപ്പൂരിലെ ജനതയുടെ വേദനയിലും ദുഃഖത്തിലും പങ്കുചേരുന്നതിന്റെ പ്രതീകമായി മണിപ്പൂർ ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കെ.ആർ.എൽ.സി.സിയുടെ ആഭിമുഖ്യത്തിൽ ഉപവാസധർണ സംഘടിപ്പിച്ചു. തിരുവനന്തപുരം അതിരൂപത അധ്യക്ഷൻ ഡോ. തോമസ് ജെ നെറ്റോ ധർണയിൽ പങ്കെടുത്തു. ആഴ്ചകളായി മണിപ്പൂരിൽ തുടരുന്ന അക്രമ സംഭവങ്ങൾ ക്രൈസ്തവർക്കെതിരെ ഗൂഢ ലക്ഷ്യത്തോടെ ആസൂത്രണം ചെയ്ത് നടത്തുന്നതാണ്. നിരവധി ആളുകൾ കൊല്ലപ്പെട്ടു. 50,000 ത്തിൽ അധികംപേർക്ക് സ്വന്തം നാട്ടിൽ നിന്നും പലായനം ചെയ്യേണ്ടി വന്നു.

രാജ്യത്തെ ഒരു വിഭാഗം ജനങ്ങൾ ദുരിതമനുഭവിക്കുമ്പോൾ ഭരണാധികാരികൾ ഇത്തരത്തിലൊരു സംഭവം നടന്നതായി പോലും അറിയാത്ത സമീപനമാണ് സ്വീകരിക്കുന്നത്. കലാപകാരികൾക്ക് മാനസാന്തരമുണ്ടാകാനും മണിപ്പൂരിൽ സമാധാനം പുനസ്ഥാപിക്കപ്പെടാനും ഏവരും പ്രാർത്ഥിക്കണമെന്നും ആർച്ച് ബിഷപ്പ് ഡോ.തോമസ് നെറ്റോ അഭ്യർഥിച്ചു.

പാളയം രക്തസാക്ഷി മണ്ഡപത്തിൽ നടന്ന ഉപവാസ ധർണ്ണയിൽ സന്ദേശം നൽകി സംസാരിച്ച അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആർ, മണിപ്പൂരിൽ നിലനിൽക്കുന്നത് വംശീയപരമായ അക്രമങ്ങളാണോയെന്ന സംശയം രാജ്യത്തുടനീളമുയരുമ്പോൾ അതങ്ങനെയല്ലായെന്ന് സ്ഥാപിക്കാനാണ് ഭരണാധികാരികൾ ശ്രമിക്കുന്നതെന്ന് പറഞ്ഞു. ഐക്യം നിലനിൽക്കുന്ന രാജ്യമെന്ന് പറയുമ്പോഴും സമാധാനം നിലനിർത്താൻ സാധിക്കാതെ, രാജ്യത്തെ ജനതയുടെ ഐക്യത്തെ തകർക്കും വിധത്തിലുള്ള അക്രമപ്രവർത്തനങ്ങളാണ് ഭരണഘടനാ വിരുദ്ധമായി മണിപ്പൂരിൽ നടക്കുന്നതെന്ന് അതിരൂപതാ വികാരി ജനറൽ മോൺ. യൂജിൻ എച്ച്. പെരേര പറഞ്ഞു. ചങ്ങനാശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ തോമസ് തറയിൽ സമാപന സന്ദേശം നല്കി. മണിപ്പൂരിൽ നടക്കുന്നത് ഒരു വംശീയകലാപമാണെന്നും ക്രിസ്ത്യാനികളെ വേട്ടയാടുന്ന ഇത്തരം നടപടികൾ ഉന്മൂലനം ചെയ്യണമെന്നും തോമസ് തറയിൽ പിതാവ് പറഞ്ഞു.

കെആർഎൽസിസി ജനറൽ സെക്രട്ടറി ഫാ. തോമസ് തറയിൽ, വൈസ് പ്രസിഡന്റ് ജോസഫ് ജൂഡ്, സെക്രട്ടറി പി.ജെ. തോമസ്, കൊല്ലം രൂപതാ വികാരി ജനറൽ മോൺ. വിൻസന്റ് മച്ചാഡോ, മോൺ. സി ജോസഫ്, കെഎൽസിഎ പ്രസിഡന്റ് അഡ്വ. ഷെറി ജെ. തോമസ്, ജനറൽ സെക്രട്ടറി ബിജു ജോസി, വൈഎംസിഎ പ്രസിഡന്റ് ജോർജ് ഉമ്മൻ, ഷെവലിയർ ഡോ. കോശി എം. ജോർജ് , ഫാ. ജോൺസൺ പുത്തൻവീട്ടിൽ, കെസിബിസി വനിതാ കമ്മീഷൻ സെക്രട്ടറി ജെയിൻ ആൻസിൽ , യുണൈറ്റഡ് ക്രിസ്ത്യൻ മൂവ്മെന്റ് പ്രസിഡന്റ് പി പി വർഗീസ്, ജനറൽ സെക്രട്ടറി ഓസ്കർ ലോപ്പസ്, കെഎൽസിഎ തിരുവനന്തപുരം അതിരൂപത പ്രസിഡന്റ് പാട്രിക് മൈക്കിൾ, ആന്റണി ആൽബർട്ട് എന്നിവർ പ്രസംഗിച്ചു. ഇന്ന് രാവിലെ മുതൽ വൈകുന്നേരം വരെ നീണ്ടുനിന്ന ഉപവാസ ധർണ്ണയിൽ തിരുവനന്തപുരം അതിരൂപതയിലെ 9 ഫെറോനകളിൽ നിന്നായുള്ള പ്രതിനിധികൾ നേതൃത്വം നൽകി.

# തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളായി ഡോ. ലിനറ്റ് ജൂഡിത്ത് മോറിസ് നിയമിതയായി



തിരുവനന്തപുരം മെഡിക്കൽ കോളജ് പ്രിൻസിപ്പാളായി പ്രശസ്ത അനസ്തേഷ്യോളജിസ്റ്റ് ഡോ.ലിനറ്റ് ജൂഡിത്ത് മോറിസ് നിയമിതയായി. മെഡിക്കൽ കോളജിന്റെ പ്രിൻസിപ്പാൾ സ്ഥാനത്തെത്തുന്ന ആദ്യ ലത്തിൻ കത്തോലിക്കയാണ് ഡോ.ലിനറ്റ്. തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ കുമാരപുരം ഇടവകാംഗമാണ് ഡോ. ലിനറ്റ്. തിരുവനന്തപുരം മെഡിക്കൽ കോളജിലെ ന്യൂറോ സർജറി വിഭാഗം മേധാവിയായിരുന്ന ഡോ. റെയ്മണ്ട് മോറിസ് സഹോദരനാണ്. ഗോകുലം മെഡിക്കൽ കോളേജ് ന്യൂറോ സർജറി വിഭാഗം മേധാവിയായ അദ്ദേഹം ജൂബിലി ആശുപത്രിയിലും സേവനം ചെയ്യുന്നു. ചേർത്തല സെന്റ് മൈക്കിൾസ് കോളജിലെ റിട്ടയേഡ് കെമിസ്ട്രി പ്രൊഫസർ കാതറിൻ മോറിസ്, ഓസ്ട്രേലിയയിൽ എൻജിനിയറായി പ്രവർത്തിക്കുന്ന മെൽവിൻ മോറിസ് എന്നിവരാണ് മറ്റ് സഹോദരങ്ങൾ. 1962 ഒക്ടോബർ 31ന് കൊല്ലം ഇരവിപുരത്ത് തോമസ് സ്റ്റീഫൻ കമ്പനിയുടെ ചീഫ് മാനേജരായിരുന്ന ആന്റോ ജോൺ മോറിസിന്റെയും തെരെസ മോറിസിന്റെയും മകളായി ജനിച്ച ലിനറ്റ് 1977ൽ കൊല്ലം മൗണ്ട് കാർമ്മൽ ആംഗ്ലോ ഇന്ത്യൻ ഗേൾസ് ഹൈസ്കൂളിൽ നിന്നും സ്കൂൾപഠനം പൂർത്തിയാക്കി എറണാകുളം ട്രീസാസ് കോളജിൽ പ്രീഡിഗ്രിക്കു ചേർന്നു. 1980ൽ തിരുവനന്തപുരം മെഡിക്കൾ കോളജിൽ മെഡിക്കൽ പഠനം ആരംഭിച്ച ലിനറ്റ് 1986ൽ എം.ബി.ബി.എസ് പഠനം പൂർത്തിയാക്കി. 1993ൽ ഡൽഹിയിലെ ഓൾ ഇന്ത്യ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ അനസ്തേഷ്യോളജിയിൽ എം.ഡിക്കു പ്രവേശനം നേടിയ ഡോ.ലിനറ്റ് 1995ൽ എം.ഡി പാസായി തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളജുകളിൽ അനസ്തേഷ്യോളജി അധ്യാപികയായി. ഇവിടങ്ങളിൽ വകുപ്പ് മേധാവിയായും പ്രവർത്തിച്ചു. 2022 ജൂലൈയിൽ കൊല്ലം ഗവ മെഡിക്കൽ കോളജിൽ പ്രിൻസിപ്പാളായി നിയമിക്കപ്പെട്ടു. 2023-ൽ തിരുവന്തപുരം മെഡിക്കൽ കോളജ് പ്രിൻസിപ്പാളായി നിയമിക്കപ്പെട്ടു. 1994ൽ തിരുവന്തപുരം പാളയം ഇടവാകാംഗമായ മാധ്യമ പ്രവർത്തകൻ റോയ് ജോസഫിനെ വിവാഹം ചെയ്തു. 2012 മെയ് അഞ്ചിന് റോയി അന്തരിച്ചു. ഡോ.അലീന റോയ് ജോസഫ്, അലൻ റോയ് ജോസഫ് എന്നിവർ മക്കളാണ്.



*തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളായി നിയമിതയായ ഡോ.ലിനറ്റ് ജൂഡിത്ത് മോറിസിനെ കുമാരപുരം ഇടവക വികാരി ഫാ. ജോസ് ഫ്രാങ്ക്ളിൻ ആദരിച്ചു*

## ശാന്തിപുരം ഇടവകയിൽ ബി. സി. സി. ഹോം മിഷന് സമാപനം കുറിച്ചു

ശാന്തിപുരം ഇടവകയിൽ രണ്ടാംഘട്ട ഹോം മിഷൻ പ്രവർത്തനങ്ങൾക്ക് 25ാം തീയതി ഞായറാഴ്ച അതിരൂപത അധ്യക്ഷൻ ഡോ. തോമസ് ജെ. നെറ്റോ പിതാവ് സമാപനം കുറിച്ചു. അതിരൂപത സഹായ മെത്രാൻ ക്രിസ്തുദാസിന്റെ മുഖ്യ കാർമ്മികത്വത്തിൽ ജൂൺ 14നാണ് ഇടവകയിൽ കുടുംബ കേന്ദ്രീകൃത അജപാലയജ്ഞത്തിന്റെ രണ്ടാം ഘട്ടത്തിനു തുടക്കം കുറിച്ചത്. അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന വിവിധ സന്യാസ ഭവനങ്ങളിൽ നിന്നുള്ള 20 സന്യസ്തർ ഇടവകയിലെ കുടുംബങ്ങളെ സന്ദർശിക്കുകയും അജപാലന ദൗത്യത്തിൽ പങ്കുചേരുകയും ചെയ്തു. സന്ദർശന വേളയിൽ കണ്ടെത്തിയ കരുത്തുകൾ, നിരീക്ഷണങ്ങൾ, വെല്ലുവിളികൾ ശുശ്രൂഷാ അടിസ്ഥാനത്തിൽ റിപ്പോർട്ടായി അതിരൂപത അധ്യക്ഷന്റെ സാന്നിദ്ധ്യത്തിൽ ഇടവക ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കുകയും ഇടവക വികാരിക്ക് കൈമാറുകയും ചെയ്തു. മൂന്നാംഘട്ട പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുവാൻ ഇടവക വികാരിയോടൊപ്പം ഇടവക മക്കളും കൈകോർത്ത് പ്രേഷിത പ്രവർത്തനങ്ങൾക്ക് മാറ്റുകൂട്ടണമെന്ന് അതിരൂപത അധ്യക്ഷൻ പറഞ്ഞു. ഇടവകയ്ക്കുള്ള കരുത്തുകൾ ഏറെ പ്രശംസ അർഹിക്കുന്നതും അതിൽ അഭിമാനം കൊള്ളണമെന്നും, ഹോം മിഷൻ പ്രവർത്തനങ്ങളിലൂടെ നാം നമ്മെ തന്നെയും നമ്മുടെ കുടുംബത്തെയും കൂടുതൽ ആഴത്തിൽ മനസിലാക്കിയതായും ഇനി നാം എന്ത് ചെയ്യണം, എന്തിനു മുൻതൂക്കം നൽകണമെന്നും ഓർമ്മിപ്പിച്ചു. ഹോം മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ബി. സി.സി. എകസിക്യൂട്ടീവ് സെക്രട്ടറി ഫാ.ഡാനിയേൽ, ഇടവക വികാരി ഫാ. ഷൈനിഷ് ബോസ്ക്കോ, ഇടവക പാരിഷ് കൗൺസിൽ അംഗങ്ങൾ, ഇടവകയിൽ സേവനം ചെയ്യുന്ന സെന്റ്. ആൻസ് സന്യാസ സമൂഹത്തിലെ സുപ്പീരിയർ സി. മേരി മാർഗ്രറ്റിനും മറ്റ് സന്യാസിനികൾക്കും, ഭവനങ്ങൾ സന്ദർശിച്ച എല്ലാ സന്യസ്തർക്കും മെത്രാൻ കൃതജ്ഞതയർപ്പിച്ചു

# മരിയൻ എഞ്ചിനീയറിംഗ് കോളേജിലെ എൻട്രൻസ് കോച്ചിങ് വിജയം



തിരുവനന്തപുരം അതിരൂപതയിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ഉന്നതവിദ്യാഭാസം ലഭ്യമാക്കാനും മത്സരപരീക്ഷകൾക്ക് തയ്യാറാക്കാനുമായി മരിയൻ എഞ്ചിനീയറിംഗ് കോളേജിൽ സൗജന്യമായി സംഘടിപ്പിച്ച എൻട്രൻസ് കോച്ചിങ് പരിപാടി വിജയകരമായി പൂർത്തിയായി. കീം/നീറ്റ് പരീക്ഷകൾക്ക് വേണ്ടിയാണ് കുട്ടികളെ തെരഞ്ഞെടുത്ത് പഠിപ്പിച്ചത്. കീം ഒൺലി, നീറ്റ് ഒൺലി, കീം ആൻഡ് നീറ്റ് എന്നിങ്ങനെ നാല് ബാച്ചുകളിലായി 256 വിദ്യാർത്ഥികളാണ് (159 പെൺകുട്ടികളും 97 ആൺകുട്ടികളും) ഈ പരിശീലനപരിപാടി പൂർത്തിയാക്കിയത്. ഈ വർഷം മെഡിക്കൽ / എഞ്ചിനീയറിംഗ് എൻട്രൻസ് കൂടാതെ നഴ്സിംഗ് മേഖലയിലെ പരീക്ഷയ്ക്കും കുട്ടികൾക്ക് പരിശീലനം നൽകി. ഫെറോനാതലത്തിൽ യോഗ്യരായ കുട്ടികളെ തെരഞ്ഞെടുത്താണ് പരിശീലനം നൽകിയത്. ഗവണ്മെന്റ് മെറിറ്റ് ലിസ്റ്റിൽ പേരുള്ളവരും എഞ്ചിനീയറിംഗിൽ താല്പര്യമുള്ളവരുമായ കുട്ടികളെ മരിയൻ എഞ്ചിനീയറിംഗ് കോളേജിൽ സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് പഠിപ്പിക്കും. മറ്റ് ഗവണ്മെന്റ് അംഗീകൃത കോളേജുകളിൽ പഠിക്കാൻ ആഗ്രഹമുള്ളവർക്ക് അങ്ങനെയും പഠിക്കാം. ഉന്നതവിദ്യാഭാസ മേഖലകളെ പരിചയപ്പെടുത്തുകയും ആ മേഖലകളിൽ അഡ്മിഷൻ ലഭിക്കാനുള്ള അപ്ലിക്കേഷൻ പ്രോസസ്, എൻട്രൻസ് പരിശീലനം വഴി അഡ്മിഷൻ ലഭിക്കുന്നതുവരെയുള്ള ഗൈഡൻസ് ഈ പരിപാടി ഉറപ്പുവരുത്തുന്നു. മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കളെ ഫിഷറീസ് വകുപ്പിന്റെ സ്കോളർഷിപ്പ് നേടുവാനും പ്രാപ്തരാക്കുന്നു. വലിയ തുക മുടക്കി മാനേജ്മെന്റ് ക്വാട്ട വഴി അഡ്മിഷൻ നേടാനുള്ള മത്സ്യമേഖലയിലെ വിദ്യാർത്ഥികളുടെ ബുദ്ധിമുട്ട് മനസിലാക്കിയാണ് മരിയൻ എഞ്ചിനീയറിംഗ് കോളേജ് ഇത്തരമൊരു സംരംഭം ആവിഷ്കരിച്ചതും നടപ്പിലാക്കുന്നതും. കഴിഞ്ഞ വർഷവും ഇത്തരമൊരു കോച്ചിങ് പരിപാടി സംഘടിപ്പിച്ചിരുന്നു. വരും വർഷങ്ങളിൽ കൂടുതൽ വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുക്കുമെന്നാണ് കോളേജിന്റെ പ്രതീക്ഷ

# പ്രോലൈഫ് കുടുംബങ്ങളിലെ 6 കുഞ്ഞുങ്ങൾക്ക് മാമോദിസ നൽകി



അതിരൂപതയിലെ വലിയ കുടുംബങ്ങളിൽ നിന്നുള്ള ആറ് കുഞ്ഞുങ്ങൾക്ക് 29.06.2023 വ്യാഴാഴ്ച അതിരൂപതാ സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് മാമോദിസ നൽകി. പ്രോലൈഫ് കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് അതിരൂപതയിലെ വലിയ കുടുംബങ്ങളിലെ കുഞ്ഞുങ്ങൾക്ക് പിതാക്കന്മാരുടെ മുഖ്യകാർമികത്വത്തിൽ മാമോദീസ നൽകുന്നതെന്ന് അതിരൂപത കുടുംബ ശുശ്രൂഷ സമിതി ഡയറക്ടർ ഫാ. ക്രിസ്റ്റൽ റൊസ്സാരിയോ അറിയിച്ചു. പാളയം സെന്റ് ജോസഫ് കത്തീഡ്രലിൽ വച്ചാണ് കുഞ്ഞുങ്ങൾ തിരുസഭ അംഗത്വം സ്വീകരിച്ചത്. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള വലിയ കുടുംബങ്ങളിലെ നാല് മുതലുള്ള കുഞ്ഞുങ്ങളുടെ ജ്ഞാനസ്നാന പരികർമ്മവും കുടുംബ ശുശ്രൂഷ സമിതിയുടെ ജീവൻ സമൃദ്ധി പദ്ധതിയുടെ വിതരണവും സഹായ മെത്രാൻ നിർവഹിച്ചു. കുടുംബ ശുശ്രൂഷ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജെനിസ്റ്റൻ, ഫാ. ജോസ്മോൻ, പാളയം സെന്റ് ജോസഫ് കത്തീഡ്രൽ ദേവാലയത്തിലെ വികാരി മോൺ. വിൽഫ്രഡ്, സഹവികാരി ഫാ. ബിജോ, എന്നിവർ സന്നിഹിതരായിരുന്നു.




*മേനംകുളം സെന്റ് ജേക്കബ്സ് ട്രെയിനിംഗ് കോളേജിൽ നടന്ന ബിരുദദാന ചടങ്ങിൽ അതിരൂപതാധ്യക്ഷൻ ഡോ. തോമസ് ജെ. നേറ്റോ 76 വിദ്യാർത്ഥികൾക്ക് ബിരുദം സമ്മാനിക്കുകയും കേരള സർവകലാശാലയിൽ നിന്ന് പി.എച്ച്.ഡി ബിരുദം നേടിയ നാല് അധ്യാപകരെ ആദരിക്കുകയും ചെയ്തു.*

# ചൈൽഡ് പാർലമെൻറ് സെക്ഷനുകളിൽ നിന്നും വിദ്യാതിലകങ്ങളെ അനുമോദിച്ചു

അതിരൂപത സാമൂഹ്യ ശുശ്രൂഷ സമിതിയുടെ കാരുണ്യപൂർവ്വം വിഭാഗം ചൈൽഡ് പാർലമെൻറ് സെക്ഷനുകളിൽ നിന്നും വിദ്യാതിലകങ്ങളെ അനുമോദിച്ചു. എസ് എസ് എൽ സി, പ്ലസ് ടു ക്ലാസുകളിൽ ഉന്നത വിജയം നേടിയ കുട്ടികൾക്ക് അതിരൂപത സഹായ മെത്രാൻ ക്രിസ്തുദാസ് ആർ. മൊമന്റോ നൽകിയാണ് അനുമോദിച്ചത്.കാരുണ്യപൂർവ്വം വിഭാഗം ചൈൽഡ് പാർലമെൻറ് സെക്ഷനുകളിൽ നിന്നുമെത്തിയ 60 കുട്ടികൾക്ക് പി. എസ്. സി വിഭാഗത്തിലെ സാധ്യതകളെ പറ്റി ശ്രീ. സുനിൽ ജോൺ, രൂപത ഇൻസ്റ്റിറ്റ്യൂഷനുകളെകുറിച്ച് ശ്രീ. ലവകുമാർ എന്നിവർ ക്ലാസുകളെടുത്തു.

ഇന്ന് വെള്ളയമ്പലം ടി എസ് എസ് എസ് ഹാളിൽ വച്ച് നടന്ന അനുമോദന പരിപാടി അതിരൂപത സഹായ മെത്രാൻ ക്രിസ്തുദാസ് ആർ. ഉത്ഘാടനം ചെയ്തു. അതിരൂപത സാമൂഹ്യ ശുശ്രൂഷ ഡയറക്ടർ ഫാ. ആഷ്‌ലിൻ ജോസ് അധ്യക്ഷത വഹിച്ച പരിപാടിയിൽ ശ്രീമതി തങ്കം ടൈറ്റസ്, ശ്രീമതി രമ്യ ജോസ്, ശ്രീമതി തങ്കമണി, ശ്രീമതി റീന എന്നിവർ സംസാരിച്ചു.



ചൈൽഡ് പാർലമെന്റ് സെക്ഷനുകളിൽ നിന്നും വിദ്യാർഥികളെ ആദരിച്ചു

## ജനകീയ കമ്മീഷൻ തുറമുഖ പദ്ധതി

തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി പുലിമുട്ട്, കടൽ നികത്തൽ എന്നിവ കാരണം കടലിനും, കടലാവാസ വ്യവസ്ഥയ്ക്കും, തീരത്തിനും, തീരവാസികൾക്കും ഉണ്ടാകുന്ന ആഘാതം പഠിക്കാൻ സമരസമിതി നിയോഗിച്ച ജനകീയ കമ്മിഷൻ പദ്ധതി പ്രദേശവും സമീപ പ്രദേശങ്ങളും സന്ദർശിച്ച് വിവരശേഖരണം നടത്തി. വാണിജ്യ തുറമുഖ നിർമ്മാണം മൂലമുണ്ടാകുന്ന തീരശോഷണം, തീരപോഷണം, കടലാവസ വ്യവസ്ഥയിൽവരുന്ന മാറ്റം, മത്സ്യസമ്പത്തിലുണ്ടാകുന്ന കുറവ്, തൊഴിൽ നഷ്ടം കാരണം തീരവാസികളുടെ സാമൂഹിക, സാമ്പത്തിക തകർച്ച തുടങ്ങിയവയാണ് പഠന വിഷയം. പദ്ധതി പ്രദേശത്തെ മത്സ്യത്തൊഴിലാളികളുമായി സമിതി സംവദിച്ചു. വലിയ കടപ്പുറം പഴയ വാർഫ് ഫാൻഡ് പ്രദേശം, കോവളം തീരം, പൂന്തുറ, വലിയതുറ, ശംഖുമുഖം, കണ്ണാന്തുറ, വെട്ടുകാട്, പൊഴിയൂർ മുതൽ അടിമലത്തുറവരെയുള്ള പ്രദേശങ്ങൾ സന്ദർ

# ലഹരിവിരുദ്ധദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി അതിരൂപത സാമൂഹ്യ ശുശ്രൂഷ

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനവുമായി ബന്ധപ്പെട്ട് അതിരൂപതയിൽ ഫെറോന, ഇടവക തലങ്ങളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി തിരുവനന്തപുരം സാമൂഹ്യ ശുശ്രൂഷ സമിതി. ലഹരി വിരുദ്ധ പരിസ്ഥിതി സൗഹൃദ ഗ്രാമം പദ്ധതിയുടെ ഭാഗമായി ലഹരി പ്രവർത്തനങ്ങൾക്കെതിരെയുള്ള അവബോധന ക്ലാസുകൾ, ചിത്രരചന, പോസ്റ്റർ നിർമ്മാണം, ബൈക്ക് റാലി എന്നിവയാണ് സംഘടിപ്പിച്ചത്.

തൃക്കണ്ണാപുരം ഇടവകയിൽ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനവുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ്സും പോസ്റ്റർ നിർമ്മാണ മത്സരവും നടത്തി. പേട്ട ഫെറോനയിൽ പേട്ട മുതൽ കുമാരപുരം, പോങ്ങുമ്മൂട്, മുട്ടട വരെ ബൈക്ക് റാലി സംഘടിപ്പിച്ചു. കോവളം ഫെറോനയിൽ പൊന്നുമംഗലം ഇടവകയിൽ നിന്നും ബസ്റ്റാൻഡ് വരെ ലഹരി വിരുദ്ധ സന്ദേശ റാലി നടത്തി.

പുതുക്കുറച്ചി ഫെറോനയിൽ ലഹരി വിരുദ്ധ അവബോധന ക്ലാസ്സ് സംഘടിപ്പിച്ചു. പരിപാടിയിൽ കഠിനംകുളം പോലീസ് സ്റ്റേഷൻ എസ്.ഐ.ശ്രീ ഷിജു എസ് എസ് ജാഗ്രത നിർദ്ദേശം നൽകി. പുതുക്കുറിച്ചി ഫെറോനാ വികാരി ഫാ. ജെറോം ഫെർണാണ്ടസ് അധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീ.കെവിൻ സ്റ്റെല്ലസ്, ടി എസ് എസ് എസ് ഡയറക്ടർ ഫാ. ആഷ്‌ലിൻ ജോസ്, ടി എസ് എസ് എസ് ഫെറോന കോർഡിനേറ്റർ ഫാ. പോൾ ജി, പുതുക്കുറിച്ചി ഇടവക വികാരി ഫാ. രാജശേഖരൻ, ബ്ലോക്ക് മെമ്പർ ശ്രീമതി ജനറ്റ് വിക്ടർ, വാർഡ് മെമ്പർ ശ്രീമതി ഷീല ഗ്രിഗോറി, ശ്രീ സതീഷ്, ടി എസ് എസ് എസ് ഫെറോന സിസ്റ്റർ പ്രതിനിധി സി. ജിസി, ശ്രീമതി സെറ്റ്ലാന എന്നിവർ സംസാരിച്ചു.

# 50-ാമത് മുക്തി ലഹരി വിമോചന കുടുംബ നവീകരണ ധ്യാനം

തിരുവനന്തപുരം ലത്തീൻ അതിരൂപത സാമൂഹ്യ ശുശ്രൂഷ വിഭാഗത്തിന്റെയും കരിസ്മാറ്റിക് കൂട്ടായ്മയുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തി വരുന്ന 'മുക്തി ലഹരി വിമോചന കുടുംബ നവീകരണ ധ്യാനം' ജൂലൈ 2 ഞായറാഴ്ച വൈകുന്നേരം 5 മണി മുതൽ ജൂലൈ 7 വെള്ളിയാഴ്ച വൈകുന്നേരം 3 മണി വരെ മേനംകുളം അനുഗ്രഹ ഭവനിൽ വച്ച് നടത്തപ്പെടുന്നു. ലഹരി ആസക്തിയിൽ മുഴുകിയിരിക്കുന്ന വ്യക്തികളെ കുടുംബ സമേതം ധ്യാനത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

# ലഹരിക്ക് 'നോ' പറഞ്ഞ് വള്ളവിള ഇടവക



വള്ളവിള ഇടവകയിൽ ലഹരി വിമുക്ത പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. കഴിഞ്ഞ മാസം 28ന് ആരംഭിച്ച ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ കൊല്ലംകോട് ഡി.വൈ.എസ്.പി ഉത്ഘാടനം ചെയ്തു. ഇടപ്പാട്, തഥൈവപുരം, വള്ളവിള മേഖലകളിൽ നടക്കുന്ന ലഹരി പ്രവർത്തനങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങൾക്ക് വള്ളവിള ഇടവക വികാരി ഫാ. റിച്ചാർഡിനൊപ്പം ഇടവക കൗൺസിൽ അംഗങ്ങളും പ്രദേശത്തെ മറ്റു സമുദായ അംഗങ്ങളും, അതിരൂപത ടി. എസ്. എസ്. എസ് ഗ്രാമദീപം ലഹരി വിരുദ്ധ പദ്ധതിയും ചേർന്നാണ് നേതൃത്വം നൽകുന്നത്. ഇടവക തലത്തിൽ നടത്തിയ അവബോധന ക്ലാസ്സുകളുടെ ഫലമായി കൈകൊണ്ട തീരുമാനത്തിന് കൊല്ലംകോട് മുനിസിപാലിറ്റി, പോലീസ്, വാർഡ് കൗൺസിലേഴ്സ് എന്നിവർ പിന്തുണയുമായി എത്തി. ഒരാഴ്ചയായി ഇടവക ജനങ്ങളുടെ നേതൃത്വത്തിൽ നടന്നു വരുന്ന ലഹരി വിരുദ്ധ റാലിയും അവബോധന ക്ലാസുകളും വരും ദിവസങ്ങളിലും തുടരുമെന്നും ഗ്രാമ ദീപം പദ്ധതിയുടെ ഭാഗമായി തെരുവ് നാടകവും, വള്ളവിള മുതൽ പൊഴിയൂർ വരെ ഇടവക ജനങ്ങളെ അണിനിരത്തി ഇരുചക്ര വാഹന റാലിയും സംഘടിപ്പിച്ചിട്ടുള്ളതായി ഇടവക വികാരി അറിയിച്ചു.

# പ്രദേശത്തു വിവരശേഖരണം നടത്തി

ശിച്ച് അവിടെയുണ്ടാകുന്ന തീരശോഷണം, തീരപോഷണം എന്നിവയെ സംബന്ധിച്ചും ഒപ്പം മത്സ്യലഭ്യതയിലുണ്ടാകുന്ന കുറവിനെക്കുറിച്ചും വിവരങ്ങൾ ശേഖരിച്ചു. കരുംകുളം കമ്യൂണിറ്റി ഹാളിൽ വച്ച് സമിതി തീരദേശവാസികളുടെ പരാതികൾ സ്വീകരിച്ചു. പ്രദേശത്ത് വരുന്ന കപ്പൽചാൽമൂലം മത്സ്യബന്ധനത്തിനുണ്ടാകുന്ന തടസ്സങ്ങളെക്കുറിച്ച് മത്സ്യത്തൊഴിലാളികളിൽ നിന്ന് നേരിട്ട് വിവരങ്ങൾ ശേഖരിച്ചു. മുൻ ദേശീയ എർത്ത് സയൻസ് സ്റ്റഡീസ് ശാസ്ത്രജ്ഞൻ ഡോ:കെ.വി.തോമസ് അധ്യക്ഷനായ സമിതിയിൽ ഡോ. ജോൺ കുരിയൻ, ഡോ. ടെറി മച്ചാഡോ, ഡോ. കെ.ജി. താര, സരിത ഫെർണാണ്ടസ്, പാബീർ ബാനർജി എന്നിവരടങ്ങുന്ന കമ്മിഷൻ അംഗങ്ങൾക്ക് സന്ദർശനം നടത്തിയ ഇടങ്ങളിലെ പാരിഷ് കൗൺസിൽ അംഗങ്ങളും ശ്രീ. ജോൺസൺ ജെമെന്റും പഠനത്തിനാവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകി.

നീർച്ചാൽ

# കുരിശ് നിർമ്മാണം

**ആണ്ടുവട്ടം 13-ാം ഞായർ (ജൂലൈ 2)** 2 രാജ. 4:8-11, 14-16a, റോമ. 6:3-4, 8-11. മത്തായി 10: 37-42

**ഫാ. പ്രബൽ**

കുരിശിനെ പ്രണയിച്ച് പഞ്ചക്ഷതങ്ങൾ സ്വന്തമാക്കിയ വി.പാദ്രേ പിയോ പറയുന്നത്, ”ഞാൻ കുരിശിനെ സ്നേഹിക്കുന്നു. കുരിശിനെ മാത്രം. കാരണം അതെപ്പോഴും ക്രിസ്തുവിന്റെ തോളോട് ചേർന്നാണ് കാണുക. ക്രിസ്തുവിന്റെ തോളോട് ചേർന്നുനിൽക്കുന്ന കുരിശായി മാറണമെങ്കിൽ എന്നിലെ 'എന്നെ' പരിത്യജിക്കണം. എന്റെ തീരുമാനങ്ങൾക്കും ഹിതത്തിനും കുറുകെവരയ്ക്കുന്ന ദൈവത്തിന്റെ തീരുമാനവും ഹിതവുമാണ് അനുദിനം ഞാൻ വഹിക്കേണ്ട കുരിശ്. വിശുദ്ധ യൗസേപ്പിന്റെ തീരുമാനം മറിയത്തെ ഉപേക്ഷിക്കുകയെന്നതായിരുന്നു. എന്നാൽ ദൈവത്തിന്റെ തീരുമാനം മറിയത്തെ സ്വീകരിക്കണമെന്നതും. താബോറിലായിരിക്കാൻ ആഗ്രഹിച്ച ശിഷ്യരുടെ ഇഷ്ടത്തിന് കുറുകെ യേശു വരച്ചു; ”താഴേക്ക് ഇറങ്ങിവരുക”.

> ഞാൻ കുരിശിനെ സ്നേഹിക്കുന്നു. കുരിശിനെ മാത്രം. കാരണം അതെപ്പോഴും ക്രിസ്തുവിന്റെ തോളോട് ചേർന്നാണ് കാണുക. ക്രിസ്തുവിന്റെ തോളോട് ചേർന്നുനിൽക്കുന്ന കുരിശായി മാറണമെങ്കിൽ എന്നിലെ 'എന്നെ' പരിത്യജിക്കണം.

ബെനഡിക്ട് 16-ാമൻ പാപ്പ പറയുന്നത്, “തനിക്കുവേണ്ടി ആയിരിക്കുന്നതിൽ നിന്നും അപരനുവേണ്ടി ആയിരിക്കുന്നതിലേക്കുള്ള മാറ്റമാണ് ക്രിസ്ത്യാനി ആയിരിക്കുക എന്നത്”. മറ്റുള്ളവരിൽ നിന്നും വേർതിരിക്കപ്പെട്ടവനായി, തന്നിൽത്തന്നെ സ്വൈര്യക്കേടില്ലാതെ ജീവിക്കുവാനുള്ള ഒരാനുകൂല്യമല്ല മറിച്ച്, മനുഷ്യവംശത്തിന്റെ പൊതുവായ ചുമതലയേൽക്കാനുള്ള സവിശേഷമായ വിളിയാണത്. ഞാൻ എന്ന അഹത്തെ നിരുത്സാഹപ്പെടുത്തി, ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ അനുകരിച്ചുകൊണ്ട് മറ്റുള്ളവർക്ക് വേണ്ടി ജീവിക്കുന്നതാണ് കുരിശിന്റെ വഴി. പുറപ്പാട് അനുഭവമാണത്. തന്നിൽനിന്നും തന്നെയുള്ള പുറപ്പാട്. കുരിശിന്റെ വഴി അഥവാ പുറപ്പാടിലൂടെ സ്വർഗ്ഗരാജ്യത്ത് പ്രവേശിക്കാൻ ബലിയർപ്പണം വേണം. അഹത്തിന്റെ ബലി.

അഹത്തിന്റെ ബലിക്കായി ക്രിസ്തു പറയുക,

1. നിന്റെ അഹത്തെയും മാതാപിതാക്കളെയും കുടുംബത്തെയുംകാൾ ശിഷ്യത്വത്തിന് വില കല്പിക്കുക.
2. ക്രിസ്തുശിഷ്യൻ ചെറുതാകലിന്റെ ശൂന്യവൽക്കരണത്തിലൂടെ കടന്നുപോകണം.
3. വിശ്വാസജീവിതത്തെ തകർക്കുന്നതിലൊന്നും അള്ളിപ്പിടിച്ചിരിക്കരുത്.
4. ഹൃദയം തുറന്ന് സ്വീകരിക്കുക സ്നേഹിതരെ, ശത്രുക്കളെ, ഏവരെയും.

ഒറ്റിക്കൊടുക്കാനാളായി
ചൂടിക്കാൻ മുൾകിരീടവും
തറയ്ക്കാൻ കുരിശും
ക്രിസ്തുനിർമ്മാണം ക്ഷണമാണിനി ■

# ദൈവീക വെളിപാട് ലഭിക്കാൻ

**ആണ്ടുവട്ടം 14-ാം ഞായർ (ജൂലൈ 9)**

സഖ. 9:9-10, റോമ. 8:9, 11-13, മത്താ. 11:25-30

**ഫാ. ഡൈസൺ**

മനുഷ്യനെ സൃഷ്ടിച്ചതിൽ പരിതപിച്ച ദൈവത്തിന് എന്റെ ഇഹലോക ജീവിതം കൊണ്ട് സന്തോഷം നല്കനാകുന്നതാണ് ഏറ്റവും വലിയ പുണ്യം. കായേൻ ദൈവത്തെ വേദനിപ്പിച്ചപ്പോഴും ആബേൽ ഉള്ളതിൽ നല്ലതിനെ നല്കി ദൈവത്തെ സന്തോഷിപ്പിച്ചു. മോശയുടെ സഹോദരി മിറിയം ദൈവത്തിന് പ്രയാസം നല്കുമ്പോഴും സൗമ്യതയിലൂടെ മോശ ദൈവത്തെ പ്രസാദിപ്പിച്ചു. സർവ്വ ഐശ്വര്യങ്ങൾ ലഭിച്ച സോളമൻ ദൈവത്തെ വ്യസനിപ്പിച്ചുവെങ്കിലും ജോബ് തന്റെ വിശ്വസ്തതയിലൂടെ ദൈവത്തെ ആനന്ദിപ്പിച്ചു. ദൈവീക വെളിപാട് ലഭിക്കുകയാണെങ്കിൽ സമൂഹം കുപ്പയായി കരുതുന്ന എളിയവർക്കും, ഒരു വിലയുമില്ലാത്ത ശിശുക്കൾക്കും ദൈവത്തെ സന്തോഷിപ്പിക്കാനാകുമെന്ന് സുവിശേഷം സാക്ഷിക്കുന്നു. ദൈവീക വെളിപാട് ലഭിക്കണമെങ്കിൽ

**1. ദൈവത്തിന്റെ നുകം വഹിക്കണം**

ബൈബിളിൽ നുകം എന്ന വാക്ക് സർവ്വഭാരങ്ങളെയും വിശേഷിപ്പിക്കുന്നു. യേശുവിന്റെ കാലത്ത് തോറയുടെ നുകം (നിയമത്തിന്റെ നുകം) എന്ന പ്രയോഗം റബ്ബിമാർ ധാരാളം ഉപയോഗിച്ചിരുന്നു. ദൈവം നല്കിയ നിയമത്തെ ആനന്ദത്തോടെ പാലിക്കാനാവാത്തവിധം വ്യാഖ്യാനങ്ങളും ഉപവ്യാഖ്യാനങ്ങളും നല്കി സാധാരണ ജീവിതത്തെ ഭാരപ്പെടുത്തി. യഹൂദ ജനത താങ്ങാനാവാത്ത ഭാരമായി കരുതിയ നിയമത്തെ യേശു സ്നേഹമെന്ന അത്ഭുതത്തിലൂടെ മൃദുവാക്കി, ലളിതമാക്കി. യേശുവിന്റെ നുകമെന്നത് ജീവിതത്തെ രക്ഷയിലേക്ക് നയിക്കുന്ന ആനന്ദമാണ്. ഈ നുകം വഹിക്കുമ്പോൾ ദൈവീക വെളിപാടുകൾ ലഭിക്കുന്നു. യേശുവിന്റെ നുകം വഹിച്ച മഗ്ദേലാനായിലെ മറിയത്തിന് ഉത്ഥിതനായ യേശുവിന്റെ ആദ്യ ദർശനം ലഭിക്കുന്നു.യേശുവിന്റെ നുകത്തിന് വേദനയും, ദു:ഖവും, സഹനവും ഉണ്ടെങ്കിലും അവ അവന്റെ സ്നേഹത്തിൽ അവന്റെ ചുംബനങ്ങളായി കൃപകളായി മാറുന്നു. യേശുവിന്റെ സ്നേഹത്തിന്റെ നുകം വഹിച്ച വി.അന്തോനീസിന് ഉണ്ണിയേശുവിന്റെ ദർശനമുണ്ടാകുന്നു. യേശുവിന്റെ നുകം സന്തോഷപൂർവ്വം വഹിച്ച വി.മർഗരീത്ത മറിയത്തിനും, വി.ഫൗസ്റ്റീനയ്ക്കും ദൈവീക വെളിപാടുകൾ ലഭിച്ചു. നമുക്കും യേശുവിന്റെ നുകം സന്തോഷത്തോടെ വഹിച്ച് ദൈവീക വെളിപാടുകൾ സ്വന്തമാക്കാം.

**2. യോഹന്നാനെപോലെ നമ്മുടെ ഹൃദയത്തെ യേശുവിന്റെ ഹൃദയത്തോട് ചേർത്തുവയ്ക്കണം**

ഫ്രാൻസീസ് പാപ്പ പറയുന്നു: നീ നിന്റെ ഹൃദയത്തെ തിരുഹൃദയത്തോട് ചേർത്തു വക്കുമ്പോൾ നിന്റെ ഹൃദയത്തിൽ നിറഞ്ഞിരിക്കുന്ന അഹങ്കാരം, അകൃത്യങ്ങൾ, നിർവികാരത എന്നീ തിന്മകൾ മാറും. ശാന്തശീലത, എളിമ, കരുണ എന്നീ നന്മകൾ നിറയും. നിന്റെ ഹൃദയം യേശുവിന്റെ ഹൃദയം പോലെ ആയി തീരും. അധികാരത്തിന്റെയും സ്വാർത്ഥമോഹത്തിന്റെയും തിന്മകൾ മാറി സേവനത്തിന്റെയും സ്നേഹത്തിന്റെയും ഹൃദയം യോഹന്നാനുണ്ടാകുന്നത് ഈശോയുടെ തിരുഹൃദയത്തോട് തന്റെ ഹൃദയം ചേർത്തു വച്ചപ്പോഴാണ്. പാപത്തിൽ നിന്നും അശുദ്ധിയിൽ നിന്നും ദാവീദ് ഭവനത്തെയും ജെറുസലേം നിവാസികളെയും ശുദ്ധീകരിക്കാൻ ഒരു ഉറവ പൊട്ടി പുറപ്പെടും എന്ന സഖറിയ പ്രവാചകന്റെ പ്രവചനം (സഖ 13:1) പൂർത്തിയാകുന്നത് യേശുവിന്റെ പിളർക്കപ്പെട്ട ഹൃദയത്തിൽ നിന്ന് ജലവും രക്തവും ഒഴികിയപ്പോഴാണ്. യേശുവിന്റെ ഹൃദയത്തോട് തന്റെ ഹൃദയം ചേർത്തുവച്ചപ്പോൾ മറിയത്തിന്റെ ഹൃദയം കരുണയുടെ ഹൃദയമായി. അവശയായ എലിസത്തിനോടും ദു:ഖം ഘനീഭവിച്ച കാനായിലെ കല്യാണ വീട്ടുകാരോ

ഫ്രാൻസീസ് പാപ്പ പറയുന്നു: നീ നിന്റെ ഹൃദയത്തെ തിരുഹൃദയത്തോട് ചേർത്തു വക്കുമ്പോൾ നിന്റെ ഹൃദയത്തിൽ നിറഞ്ഞിരിക്കുന്ന അഹങ്കാരം, അകൃത്യങ്ങൾ, നിർവികാരത എന്നീ തിന്മകൾ മാറും. ശാന്തശീലത, എളിമ, കരുണ എന്നീ നന്മകൾ നിറയും.

ടും, നിരാശയിലാണ്ടു പോയ ശിഷ്യരോടും മറിയത്തിന് കരുണ കാണിക്കാനായത് അവൾക്ക് യേശുവിന്റെതുപോലെ ഹൃദയമുണ്ടായതു കൊണ്ടാണ്. യൗസേപ്പ് തന്റെ ഹൃദയം യേശുവിന്റെ ഹൃദയത്തോട് ചേർത്തു വച്ചപ്പോൾ, യൗസേപ്പിനുണ്ടായത് യേശുവിന്റേതു പോലെയുള്ള ഹൃദയമാണ്. അതുകൊണ്ടാണ് യൗസേപ്പിന് വിവേകിയാകാനും നിശബ്ദനാകാനും മറ്റുള്ളവരെ അപമാനവിധേയരാക്കാതിരിക്കാനും സാധിച്ചത്. യേശുവിന്റെ ഹൃദയത്തോട് തന്റെ ഹൃദയം ചേർത്തു വച്ച മദർ തെരേസായ്ക്ക് യേശുവിന്റെ ഹൃദയമായിരുന്നു. മരിക്കാറായ രോഗി അവളെ നോക്കി പറഞ്ഞു. അമ്മേ നിന്റെ വിരലുകൾ എന്റെ കവിളുകളിൽ തലോടുക. ഞാൻ ദൈവത്തിന്റെ കരസ്പർശമാണ് അനുഭവിക്കുന്നത്. നിന്റെ വിരലുകൾ ദൈവത്തിന്റെ വിരലുകളാണ്. ഫ്രാൻസീസ് അസ്സീസിയും തന്റെ ഹൃദയത്തെ ഈശോയുടെ ഹൃദയത്തോട് ചേർത്തു വച്ചപ്പോൾ രണ്ടാം ക്രിസ്തുവായി മാറി. അവൻ കുഷ്ഠരോഗികളെ ചുംബിക്കുന്നവനായി. ഒരു കാലത്ത് അരോചകമായി തോന്നിയ അടുപ്പിക്കാതിരുന്ന കുഷ്ഠരോഗികൾ ഫ്രാൻസിസിന് സുഹൃത്തുക്കളായി മാറിയത് തിരുഹൃദയം സ്വന്തമാക്കിയപ്പോഴായിരുന്നു.

**3. യേശുവിൽ നിന്ന് പഠിക്കണം**

പ്രശസ്ത ചിന്തകൻ റൂമി പറയുന്നു: ഹൃദയമാണ് ഗുരു. മനുഷ്യകുലത്തിന് രക്ഷ നല്കുന്ന ഗുരു യേശുവിന്റെ തിരുഹൃദയമാണ്. ഈ ലോകം പറുദീസായായി മാറണമെങ്കിൽ കുത്തി തുറക്കപ്പെട്ട യേശുവിന്റെ തിരുഹൃദയത്തിൽ നിന്നും മനുഷ്യൻ നന്മയുടെ പാഠങ്ങൾ പഠിക്കണം. ഏറെ പ്രത്യേകിച്ച് രണ്ടു പാഠങ്ങൾ

മ) ശാന്തശീലത: കായിക കരുത്തിലൂടെ മറ്റുള്ളവരെ കീഴടക്കി ഭരിക്കുന്നതിനെ ബലമായി കാണുന്ന ഈ ലോകം ശാന്തതയെ ബലഹീനതയുടെ പര്യായമായെ കാണുകയുള്ളൂ. ശാന്തശീലത ദൈവത്തിൽ മാത്രം ശരണം വക്കുന്നവരുടെ ആന്തരീക മനോഭാവമാണ്. യഥാർത്ഥത്തിൽ ശാന്തതയുള്ളവരെയും ദരിദ്രരെയും പരമാർശിക്കാൻ അനാവിം എന്ന ഒറ്റ വാക്കാണ് ബൈബിളിൽ ഉപയോഗിക്കുക. ഒരു ചെകിടത്ത് അടിക്കുന്നവന് മറ്റേ ചെകിടു കൂടി കാണിച്ചുകൊടുക്കുന്ന ധാർമ്മിക ശക്തിയാണ് ശാന്തത. പകരം വീട്ടലിനു പകരം സൗഖ്യം നല്കുന്ന പരിശുദ്ധാത്മാവിന്റെ ദാനമാണ് ശാന്തത. പരിഹസിക്കുമ്പോഴും, തേജോവധം ചെയ്യുമ്പോഴും സമചിത്തതയോടെ സഹിക്കുവാനുള്ള ഒരു ക്രിസ്തുശിഷ്യന്റെ സ്വഭാവമാണ് ശാന്തത. ശാന്തതയെ ഫ്രാൻസിസ് പാപ്പ വ്യാഖ്യാനിക്കുന്നത് ഇപ്രകാരമാണ്. 'ശാന്തത യേശു ശിഷ്യരോട് ഇടപഴകിയ രീതിയാണ്'. സ്നേഹവും എളിമയും ഒന്നിക്കുമ്പോഴാണ് ശാന്തത ഉടലെടുക്കുന്നത്. നാം മറ്റുള്ളവരെ കുറിച്ച് സ്ഥിരം അസ്വസ്ഥരും അശാന്തരുമായാൽ നാം വരണ്ടുണങ്ങിയവരും, ക്ഷീണിതരുമാകും. മാത്രമല്ല നിഷ്പ്രയോജനകരമായ പരാതിപ്പെടലിലൂടെ നമ്മുടെ ഊർജ്ജം പാഴായി പോകാതിരിക്കാൻ ശാന്തത എന്ന പുണ്യം അനിവാര്യമെന്നാണ് ഫ്രാൻസിസ് പാപ്പ അടിവരയിട്ടു പറയുന്നത്.

യ) വിനയം: ദൈവീക വെളിപാടുകൾ ലഭിക്കുന്നത് അഹങ്കാരം കൊണ്ട് ശിരസ് കൂനിപോയവർക്കല്ല, വിനയം കൊണ്ട് ശിരസ് ഉയർന്നു നില്ക്കുന്ന ശിശുക്കൾക്കാണ്, എളിയവർക്കാണ്. വിനയം മനുഷ്യനെ മാലാഖയാക്കുന്ന പുണ്യമാണ്. അതുകൊണ്ടാണവം വി.അഗ്സ്റ്റീൻ പറയുന്നു. ഒരു മനുഷ്യന് ഈ ലോകത്ത് വേണ്ട ഏറ്റവും വലിയ ഗുണം വിനയമാണ്. അഹങ്കാരത്താൽ കളങ്കിതമായ ജീവിതത്തിൽ ദൈവവാസമുണ്ടാവുകയില്ല. അഹങ്കാരികളെ തട്ടി താഴെയിടുമെന്നാണ് മറിയത്തിന്റെ സ്ത്രോതഗീതം മുന്നറിയിപ്പ് നല്കുന്നത്. വിനയം ഒരു വിശ്വാസിയുടെ മുഖമുദ്രയാണ്. അവൻ ഒരിക്കലും തന്നെ കേമനായിട്ട് കാണിക്കുന്നില്ല. വിനയം കൊണ്ട് അവൻ അവനെ താഴ്ത്തുമ്പോൾ ദൈവം അവനെ അത്യധികം ഉയർത്തുന്നു. അഹങ്കാരം സർവ്വനാശം കൊണ്ടുവരുമ്പോൾ വിനയം രക്ഷ കൊണ്ടുവരുന്നു. ഹൃദയത്തിൽ വിനയമുള്ളവൻ ദൈവത്തിന്റെ സ്നേഹത്തിൽ നിലനില്ക്കും. വിനയം സ്വർഗ്ഗത്തിന്റെ കൈപിടിയാണ്.

ദൈവീക വെളിപാടുകൾക്കായി ദൈവത്തിന്റെ നുകം ആനന്ദത്തോടെ വഹിക്കുകയും, നമ്മുടെ ഹൃദയത്തെ യേശുവിന്റെ തിരുഹൃദയത്തോടു ചേർത്തു വയ്ക്കുകയും, പിളർക്കപ്പെട്ട തിരുഹൃദയത്തിൽ നിന്നും ശാന്തതയും എളിമയും പഠിക്കുകയും ചെയ്യാം. തിരുഹൃദയത്തിൽ നിന്നും നിർഗ്ഗളിക്കുന്ന ജീവന്റെ അരുവിയിൽ നമ്മെന്നെത്തെ പുണ്യ സ്നാനം ചെയ്യാം. അങ്ങനെ തിരുഹൃദയമുള്ള മനുഷ്യരാകാം. ■

# വിതക്കാരന്റെ ഉപമ നൽകുന്ന ജീവിതപാഠം

**ആണ്ടുവട്ടം 15-ാം ഞായർ (ജൂലൈ 16)**

ഏശ. 55:10-11, റോമ. 8:18-23, മത്താ. 13:1-23

**ഫാ. മനീഷ്**

യേശുനാഥൻ തന്റെ ശിഷ്യന്മാർ ഉൾക്കൊള്ളുന്ന വലിയ ജനക്കൂട്ടത്തോട് പറഞ്ഞ വിതക്കാരന്റെ ഉപമയാണ് ഇന്നത്തെ സുവിശേഷ ഭാഗം. യേശുനാഥന്റെ ഉപമകൾ ഇന്നും മനുഷ്യജീവിതങ്ങൾക്ക് അർത്ഥവും ആഴവും നവ്യാനുഭവങ്ങളും പ്രദാനം ചെയ്യുന്നു. വിത്ത് ജീവന്റെ ഉറവയാണ്. ആ ഉറവ മണ്ണിന്റെ അടിത്തട്ടിലേക്ക് ആഴ്ന്ന് ഇറങ്ങേണ്ടതുണ്ട്. വിത്തി

ന്റെ ഉപമ ക്രിസ്തുനാഥൻ തന്റെ മക്കൾക്ക് വേണ്ടി കരുതിവച്ചിരിക്കുന്ന ദൈവരാജ്യത്തിന്റെ പൊരുളും പ്രതിരൂപവുമാണ്. ദൈവരാജ്യം അല്ലെങ്കിൽ സ്വർഗ്ഗരാജ്യം എത്ര ലളിതവും കരുത്തുറ്റതാണെന്നും ഈ ഉപമ നമുക്ക് മനസിലാക്കിത്തരും. ഒരു വിതക്കാരൻ തന്റെ ജോലിയിൽ വ്യാപാരിച്ചുമുന്നേറുന്നു. അവന്റെ അശ്രദ്ധയോ അറിവില്ലായ്മയോ അബദ്ധമോ കാരണം ചില വിത്തുകൾ ഫലം നൽകാതെ പോകുന്നു. ദൈവത്തിൽ നാം പരിപൂർണമായി ആശ്രയിക്കേണ്ടതുണ്ട്. നമ്മുടെ കഴിവുകളിൽ നമുക്ക് ഉത്തമമായ ബോധ്യവും ആത്മവിശ്വാസവും ഉണ്ടെങ്കിലും ദൈവാശ്രയബോധം നമുക്ക് ഉണ്ടായേതീരൂ. കാഴ്ച്ചയിൽ വിത്തിന്റെ നിസാരതയാണ് എല്ലാവർക്കും പ്രകടമാകുന്നത്. എന്നാൽ അതിൽ ജലത്തിന്റെയും ഭൂമിയുടെയും സ്പർശനവും വിതക്കാരന്റെ കരുതലും ദൈവത്തിന്റെ പദ്ധതിയും ഒത്തുചേരുമ്പോൾ അത്ഭുതങ്ങൾ ദർശിക്കുവാൻ സാധിക്കും.

ഓരോ ദിവസവും നമ്മുടെ സാഹചര്യങ്ങൾ അനുസരിച്ച് പലവിധങ്ങളായ ജീവിതപ്രതിസന്ധികൾ നാം അനുഭവിക്കുന്നുണ്ട്. അനീതിയും അക്രമവും അഴിമതിയും മാറ്റിനിർത്തലുകളും നമ്മുടെ തന്നെ പിഴവുകളും നമ്മെ നിരാശയിലേക്ക് ആഴത്തിലേക്ക്, നിലയില്ലാക്കയത്തിലേക്ക് തള്ളിവിടാറുണ്ട്. ഇതൊക്കെയും വിശ്വാസജീവിതത്തിൽ നിന്നും നമ്മെ മാറിനിൽക്കുവാൻ പ്രേരിപ്പിക്കാറുണ്ട്. എന്നാലും ജീവിതം മൊത്തമായി എടുത്തുനോക്കുമ്പോൾ ദൈവം തന്ന നന്മകളും ദൈവം കൈപിടിച്ച് നടത്തിയ വഴികളും നമുക്ക് മനസിലാകും. നിങ്ങൾ ലോകമെങ്ങും പോയി സർവ്വസൃഷ്ടികളോടും എന്റെ സുവിശേഷം പ്രഘോഷിക്കുവിൻ (മാർക്കോസ് 16:15) എന്ന സുവിശേഷഭാഗം വചന വിത്തുകൾ വിതയ്ക്കുന്ന വിതരക്കാരനായി മാറാനുള്ള ക്ഷണം കൂടിയാണ്. പരിശുദ്ധാത്മാവിനാൽ ശക്തരാക്കപ്പെട്ട ശിഷ്യന്മാർ (യോഹ 20:23) യേശുവിന്റെ സുവിശേഷം സധൈര്യം പ്രഘോഷിച്ചു. ദൈവവചനം അവർക്ക് വായിൽ തേൻപോലെ മധുരിക്കുന്നതും ഉദരത്തിൽ കയ്പായി മാറുന്നതും ആയിരുന്നു (എസെ 3:3 വെളി 10:10). ദൈവവചനമാകുന്ന വിത്തിലൂടെ നമ്മൾ ഓരോരുത്തരും അനുഭവിക്കുന്ന രക്ഷ സ്വർഗ്ഗീയ മാധുര്യം പ്രദാനം ചെയ്യട്ടെ. അങ്ങനെ നമ്മുടെ ക്ലേശങ്ങളും, കയ്പേറിയ അനുഭവങ്ങളും നിത്യജീവനിലേക്ക് നമ്മെയും നാം കണ്ടുമുട്ടുന്നവരെയും വഴി നടത്തട്ടെ. ■

ഓരോ ദിവസവും നമ്മുടെ സാഹചര്യങ്ങൾ അനുസരിച്ച് പലവിധങ്ങളായ ജീവിതപ്രതിസന്ധികൾ നാം അനുഭവിക്കുന്നുണ്ട്. അനീതിയും അക്രമവും അഴിമതിയും മാറ്റിനിർത്തലുകളും നമ്മുടെ തന്നെ പിഴവുകളും നമ്മെ നിരാശയിലേക്ക് ആഴത്തിലേക്ക്, നിലയില്ലാക്കയത്തിലേക്ക് തള്ളിവിടാറുണ്ട്.

# ദൈവരാജ്യത്തിന്റെ പുത്രന്മാർ

**ആണ്ടുവട്ടം 16-ാം ഞായർ (ജൂലൈ 23)** ജ്ഞാനം. 12:13, 16-19, റോമ. 8-26-27. മത്താ.13: 24-43

**ഫാ. ഡാർവിൻ ഫെർണാണ്ടസ് എ.**

ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിക്കുന്നതിനും, പ്രവർത്തിക്കുന്നതിനും തടങ്ങൾ സൃഷ്ടിക്കപ്പെടുന്ന സാഹചര്യത്തിലാണ് യേശു ദൈവരാജ്യത്തിന്റെ വിവിധ ഉപമകൾ പഠിപ്പിക്കുന്നത്.

ദൈവരാജ്യത്തെക്കുറിച്ച് ഉപമകളിലൂടെ യേശു പഠിപ്പിക്കുന്ന അധ്യായമാണ് മത്തായി 13. കഴിഞ്ഞ ഞായറാഴ്ച വിതക്കാരന്റെ ഉപമയും, വരാനിരിക്കുന്ന ഞായറിൽ നിധിയുടെയും രത്നത്തിന്റെയും ഉപമയും ഈ ഞായറിൽ കളകളുടെയും കടുകുമണിയുടെയും പുളിമാവിന്റെയും ഉപമയുമാണ് ധ്യാനവിഷയം. ഇതിന്റെയെല്ലാം ലക്ഷ്യം ഒന്നുതന്നെ. ദൈവരാജ്യം: എന്തുകൊണ്ടാണ് യേശു ഇത്രയും ഉപമകൾ പഠിപ്പിക്കുന്നു എന്നതിന്റെ ഉത്തരം മത്തായി 11, 12 അധ്യായങ്ങൾ നൽകുന്നു. ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കുന്നതിനുള്ള തടസങ്ങളാണ് ഇവയുടെ കാരണങ്ങൾ:

1) മാനസാന്തരത്തിന്റെ സുവിശേഷം അറിയിച്ചുകൊണ്ടിരുന്ന സ്നാപകയോഹന്നാൻ ജയിലിലടയ്ക്കപ്പെടുന്നു (മത്താ. 11:1-6).

2) യേശു അത്ഭുതങ്ങൾ പ്രവർത്തിച്ച നഗരങ്ങൾ മാനസാന്തരപ്പെടുന്നില്ല (മത്താ. 11:20-24)

3) ദൈവരാജ്യം കരുണയുടെ രാജ്യമാണ്. അത് എഴുതപ്പെട്ട കഠിന നിയമങ്ങളുടേതല്ല (മത്താ. 12:1-8)

4) സാബത്തിലെ രോഗശാന്തിയെക്കു

റിച്ചുള്ള വിവാദം (മത്താ. 12:5–14)

5) പിശാചുബാധിതനെ സുഖപ്പെടുത്തിയ യേശുവിനെ ബെൽസെബൂലമായി ചേർത്ത് പറയുന്നു (മത്താ. 12:22–37)

ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിക്കുന്നതിനും, പ്രവർത്തിക്കുന്നതിനും തടങ്ങൾ സൃഷ്ടിക്കപ്പെടുന്ന സാഹചര്യത്തിലാണ് യേശു ദൈവരാജ്യത്തിന്റെ വിവിധ ഉപമകൾ പഠിപ്പിക്കുന്നത്. ഇന്നത്തെ വിചിന്തനത്തിൽ കളകളുടെ ഉപമകളെക്കുറിച്ച് ചിന്തിക്കുകയും മറ്റുരണ്ടു ഉപമകളും അതിനോട് ചേർത്ത് മനസ്സിലാക്കാനും ശ്രമിക്കാം.

കളകളുടെ ഉപമയുടെ വിശദീകരണം യേശു തന്നെ ശിഷ്യന്മാർക്ക് പറഞ്ഞുകൊടുക്കുന്നുണ്ട് (മത്താ. 13:36–43). ലോകമാകുന്ന വയലിൽ ദൈവം നല്ല വിത്ത് (നന്മകൾ) വിതയ്ക്കുമ്പോൾ പിശാച് കളകളും (തിന്മകൾ) വിതയ്ക്കുന്നു. ആളുകൾ അലസരായി ഉറങ്ങിയതല്ല മറിച്ച്, ആളുകൾ ഉറങ്ങുന്ന സമയം - രാത്രി എന്നതാകാം അർത്ഥം. ലോകത്തെ നന്മകൾകൊണ്ടു നിറയ്ക്കുവാനുള്ള പരിശ്രമങ്ങളെ തടസപ്പെടുത്തുന്നതാണ് അന്ധകാരത്തിന്റെ ശക്തിയുടെ പ്രധാനലക്ഷ്യം. ഈ അന്ധകാരശക്തിയെ ആളുകൾ "ഉറക്കമായപ്പോൾ" എന്ന പദപ്രയോഗം കൊണ്ടാണ് മത്തായി സൂചിപ്പിക്കുന്നത്.

അന്ധകാരം നിറഞ്ഞ സമയം. അന്ധകാരത്തിൽ പ്രവർത്തിക്കുന്ന തിന്മയുടെ ശക്തിയെന്നതാണ് കളകൾ വിതയ്ക്കുന്ന വ്യക്തിയെക്കുറിച്ചുള്ള സൂചന.

പിശാചിന്റെ പ്രവൃത്തിയെ നാം ഗൗരവമായി തന്നെയെടുക്കണം. മത്തായി 13,1 മുതൽ 9 വരെയുള്ള തിരുവചനഭാഗങ്ങളിൽ നാം കാണുന്നത് ദൈവരാജ്യത്തിന്റെ, ദൈവവചനത്തിന്റെ വിത്തുവിതയ്ക്കുന്ന ദൈവത്തെയാണ്. ഇന്നത്തെ സുവിശേഷാരംഭത്തിൽ നല്ല വിത്തുവിതയ്ക്കുന്ന ദൈവത്തെയും നാം കാണുന്നു. ദൈവത്തിന്റെ പ്രവൃത്തിയെ അനുകരിക്കാൻ ശ്രമിക്കുന്ന പിശാചിനെ (മത്താ: 13:25) യാണ് പിന്നീട് നാം കാണുന്നത്. ദൈവത്തിന്റെ പ്രവർത്തനരീതിയെ അനുകരിക്കാൻ ശ്രമിക്കുമ്പോഴും പിശാചിന്റെ സത്ത തിന്മയാണ്. അവൻ പ്രവർത്തിക്കുന്നതും തിന്മയാണ്. ഇത് കബളിപ്പിക്കലാണ്. ചതിയാണ്. പലപ്പോഴും ഈ ചതിയിൽ, കബളിപ്പിക്കലിൽ വീണുപോകുന്നത് മനുഷ്യരാണ്. പലപ്പോഴും പിചാശിന്റെ കെണിയിൽ വീണുകൊണ്ട് 'ഇത്' ദൈവഹിതമാണ്, 'ഇതായിരിക്കും ദൈവം ആഗ്രഹിക്കുന്നത്.' എന്ന് ചിന്തിച്ച് പാപത്തിൽ വീണും പോകുന്നവരും നമ്മുടെയിടയിലുണ്ട്. കളകളെയും ഗോതമ്പുചെടികളെയും തിരിച്ചറിയാൻ സാധിക്കാത്ത അവസ്ഥ, അഥവാ കളകളുടെ കാഠിന്യം ഇതൊക്കെ നല്ലതു നിലനിർത്താൻ തടസമാകുന്നു. ഇതുപോലെ തിന്മയുടെ ശക്തിയെ തിരിച്ചറിയാൻ സാധിക്കുന്ന അവസ്ഥ, അതിന്റെ കാഠിന്യം എന്നതിനുമുൻപിൽ മനുഷ്യൻ വീണുപോകുന്നു. ദൈവികജ്ഞാനത്തിനും നിരന്തരമായ പ്രാർത്ഥനയ്ക്കും ദൈവസാന്നിധ്യത്തിനുമേ ഈ സാഹചര്യത്തിൽ നമ്മെ സഹായിക്കാൻ കഴിയൂ.

കളകളുടെ ഉപമയിലെ കൊയ്ത്ത് എന്നത് അന്തിമ വിധിയെയാണ് സൂചിപ്പിക്കുന്നത്. ക്ഷമയോടെ കാത്തിരിക്കുന്ന യജമാനൻ ദൈവമാണ്. അന്തിമ വിധിയിൽ നന്മ ചെയ്യുന്നവരെ തന്റെ രാജ്യത്തിൽ സ്വീകരിക്കുന്നു; തിന്മ ചെയ്യുന്നവരെ നിത്യമായ നാശത്തിലേക്ക് ഉപേക്ഷിക്കുന്നു. നന്മചെയ്യുന്നവർക്ക് "രാജ്യത്തിന്റെ പുത്രന്മാർ" "നീതിമാൻമാർ" എന്ന വിശേഷണങ്ങളാണ് നല്കുക. തിന്മ ചെയ്യുന്നവർക്ക് "ദുഷ്ടന്റെ പുത്രന്മാർ', എല്ലാ പാപഹേതുക്കളുടെയും അടിസ്ഥാനം" എന്ന വിശേഷണങ്ങളുമാണ് നൽകുക.

രാജ്യത്തിന്റെ പുത്രന്മാർ സ്നേഹമെന്ന പുണ്യത്തിൽ അധിഷ്ഠിതമായി സത്പ്രവൃത്തികൾ ചെയ്യുന്നവരാണ്. കടുകുമണിയുടെയും പുളിമാവിന്റെയും ഉപമയെ നമുക്കിതിനോട് ചേർത്ത് വായിക്കാം. ഒരു കടുകുമണി വളർന്ന് മരമായി തണലായി മാറും പോലെ, ദൈവരാജ്യത്തിന്റെ പുത്രന്മാരും കടുകുമണിയെപ്പോലെ (ദൈവരാജ്യവിശേഷണം) സത്പ്രവൃത്തികളാൽ മറ്റുള്ളവർക്ക് തണലായി മാറുന്നു, പുളിമാവ് (ദൈവരാജ്യവിശേഷണം) പോലെ അവരിലെ നന്മയും വിശുദ്ധിയും ചുറ്റുമുള്ളവർക്ക് മുഴുവനും പകർന്നുനൽകുന്നു. മത്തായി 25–ാം അധ്യായത്തിലെ വിവേകമതികളായ കന്യകമാരെപ്പോലെ വിശ്വാസത്തിന്റെയും, സ്നേഹത്തിന്റെയും, പ്രത്യാശയുടെയും എണ്ണയും തിരിയും കരുതി പ്രകാശം പരത്തുന്നവരാണവർ. അന്തിമ വിധിയിൽ രാജാവിന്റെ വലതുഭാഗത്തിരുന്ന് സഹോദരങ്ങൾക്ക് ചെയ്ത സദ്പ്രവൃത്തികളുടെ ഫലമനുഭവിക്കുന്നവരാണവർ (മത്താ. 25:34–40).

ദുഷ്ടന്റെ പുത്രന്മാരാകട്ടെ, പിശാചിൽനിന്നുള്ളവരാണ്. അവന്റെ ഇഷ്ടമനുസരിച്ച് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നവരാണ്. ഒരിക്കലും അവർ സത്യത്തിൽ നിലനിൽക്കുന്നില്ല. (യോഹ. 8:44), അവർ പാപകാരണമായിത്തീരുന്നവരാണ്; തിന്മ പ്രവർത്തിക്കുന്നവരുമാണ് (മത്താ. 13:42). അതായത് നന്മ പ്രവർത്തിക്കാൻ അവസരങ്ങൾ ലഭിക്കുമ്പോഴും ചെയ്യേണ്ട നന്മകൾ പോലും ചെയ്യാതിരിക്കുന്നവരാണവർ (മത്താ. 25:41–45).

പ്രിയപ്പെട്ടവരെ, നമ്മളെല്ലാവരും ഒരു യാത്രയിലാണ്. ദൈവരാജ്യം ലക്ഷ്യം വച്ചുള്ള യാത്ര. യാത്രയുടെ ആരംഭം മുതലേ വഴിതെറ്റിയ മനുഷ്യൻ, പ്രകാശത്തിന്റെ വഴി ഉപേക്ഷിച്ച് അന്ധകാരത്തിന്റെ വഴി സ്വീകരിച്ചവനാണ്. ഈ യാത്രയിൽ വെളിച്ചമായി വന്ന ദൈവപുത്രനാണ് യേശു. അവൻ ദൈവരാജ്യത്തെക്കുറിച്ചും ഈ ലക്ഷ്യത്തിലെത്താൻ ഏതു വഴി തെരഞ്ഞെടുക്കണമെന്നും നമ്മെ പഠിപ്പിച്ചു.

ഈ ദൗത്യമാണ് സഭയിന്നും തുടർന്നുകൊണ്ടിരിക്കുന്നത്. ദൈവരാജ്യ സുവിശേഷം പ്രഘോഷിക്കുന്ന ദൗത്യത്തിൽ തടസം നിൽക്കാതെ, ഇതിനെ പ്രോത്സാഹിപ്പിക്കേണ്ട ഉത്തരവാദിത്വമാണ് ഓരോ ക്രിസ്ത്യാനിക്കുമുള്ളത്. ഞായറാഴ്ചകളിലെ ക്രിസ്തീയ വിശ്വാസ ജീവിത പരിശീലന ക്ലാസുകളെ മറ്റ് ക്രിസ്തീയ കൂട്ടായ്മകളെ പ്രോത്സാഹിപ്പിച്ച് തലമുറകളെ "ദൈവരാജ്യത്തിന്റെ പുത്രന്മാരായി' വളർത്തേണ്ട ഉത്തരവാദിത്വമുള്ളവരാണ് നമ്മൾ ഇടവകകളുടെ ആത്മീയ വളർച്ചയ്ക്ക് കൂട്ടുനിൽക്കേണ്ടവരാണ് അവർ. സമൂഹത്തിന്റെ ആവശ്യങ്ങളറിഞ്ഞ്, എളിയവരിൽ ദൈവത്തെകണ്ട് ശുശ്രൂഷ ചെയ്യേണ്ടവരാണ് നമ്മൾ.

കളകളുടെ ഉപമ പറയുമ്പോലെ അത്ര എളുപ്പമല്ല. അത് നേടിയെടുക്കാൻ കാരണം നന്മയോടൊപ്പം ലോകത്തിൽ തിന്മയും നമ്മെ ഒത്തിരി സ്വാധീനിക്കുന്നു, പ്രലോഭിപ്പിക്കുന്നു. അത് ശക്തമാണ്. എന്നാൽ ദൈവരാജ്യം അസാധ്യമായ ഒന്നുമില്ല എന്നാണ്. അതാണ് കടുകുമണിയും പുളിമാവും നമ്മെ പഠിപ്പിക്കുന്നത്. നന്മയുടെ സത്പ്രവൃത്തികളുടെ, ദൈവരാജ്യത്തിന്റെ തണൽ നേടാൻ സ്നേഹത്തിന്റെ വഴിയേ നടക്കാം. മനുഷ്യപുത്രനും ദൈവപുത്രനുമായ ക്രിസ്തുവിനെ അനുഗമിക്കാം. ദൈവരാജ്യത്തിന്റെ പുത്രന്മാരാകാം. ■

# പ്രത്യാശയുടെയും പ്രതീക്ഷയുടെയും ഉപമ

**ആണ്ടുവട്ടം 17-ാം ഞായർ (ജൂലൈ 30)** 1 രാജ 3:5,7-12; റോമ 8:28-30, മത്താ. 13:44-52

**ഫാ. ലോറൻസ്കുലാസ്**

മത്തായി 13-ാം അധ്യായം യേശുവിന്റെ ഉപമകളിലൂടെയുള്ള പ്രസംഗമാണല്ലോ! വിതക്കാരന്റെയും (13:1-23); കളകളുടെയും (13:24-30), കടുകുമണിയുടെയും (13:31-32) പുളിപ്പിന്റെയും (13:33) ഉപമകൾക്ക് ശേഷം ഈ അധ്യായത്തിൽ അവശേഷിക്കുന്ന മറ്റ് ഉപമകൾ മത്തായി അവതരിപ്പിക്കുന്നു (13:44-52). വചനഭാഗത്ത് മൂന്ന് ഉപമകൾ നാം കാണുന്നു: 1) നിധിയുടെ ഉപമ (13:44); 2) രത്നത്തിന്റെ ഉപമ (13:45-46); 3) വലയുടെ ഉപമ (13:47-48). കൂടാതെ മത്തായി വലയുടെ ഉപമ വിശദീകരിക്കുകയും (13:49-50) ഉപമകൾ ഉപസംഹരിക്കുകയും (13:51-52) ചെയ്യുന്നു.

നിധിയുടെയും രത്നത്തിന്റെയും ഉപമകൾ സമാനചിന്താഗതികൾ പ്രദാനം ചെയ്യുന്നു. രണ്ട് ഉപമകൾക്കും ഒരു പൊതു സ്വഭാവം കണ്ടെത്താം. വയലിൽ വേല ചെയ്യുന്നവനും രത്നവ്യാപാരിയും താന്താങ്ങളുടെ വ്യാപാരമണ്ഡലത്തിൽ ഐക്യരൂപം പ്രാപിക്കുന്നു: വയലിൽ ഒളിപ്പിച്ചുവച്ച നിധിക്കുവേണ്ടി ബാക്കി എല്ലാം വില്ക്കുന്ന വേലക്കാരനും തനിക്കുള്ള എല്ലാ സ്വത്തും വിറ്റ് അമൂല്യമായ രത്നം വാങ്ങുന്ന രത്നവ്യാപാരിയും. ദൈവരാജ്യം കണ്ടെത്തുന്ന ഒരാളിൽ വിപ്ലവകരമായ മാറ്റം സംഭവിക്കുന്നു. അയാളുടെ മുമ്പിൽ ഇന്നി അമൂല്യമായി ഒന്നേ ഉള്ളൂ: ദൈവരാജ്യം. മറ്റെല്ലാം വ്യർത്ഥമായി പരിഗണിക്കപ്പെടുന്നു. ഉള്ളതു മുഴുവനും വില്ക്കാൻ പ്രേരിപ്പിക്കത്തക്കവിധം വിലപിടിച്ചതാണത്. ഉള്ളതു ത്യജിക്കാൻ പ്രേരിപ്പിക്കുകയും നിധി സ്വന്തമാക്കാനുള്ള തീരുമാനത്തിലേക്കു നയിക്കുകയും ചെയ്യുന്ന അമൂല്യമായ യഥാർത്ഥ്യമാണ് ദൈവരാജ്യം.

> ഞെരുക്കങ്ങളുടെയും പ്രതിസന്ധികളുടെയും പുറത്താക്കലിന്റെയും പീഡനങ്ങളുടെയും നടുവിലൂടെ കടന്നു പോയിക്കൊണ്ടിരുന്ന മത്തായിയുടെ വിശ്വാസസമൂഹത്തിന് ഉപമകളുടെ സാരാംശം ശരിക്കും ഉൾക്കൊള്ളുവാൻ കഴിയുന്നു.

വലയുടെ ഉപമയും തുടർന്നുള്ള വിശദീകരണവും അന്തിമ വിധിയെക്കുറിച്ച് സൂചിപ്പിക്കുന്നു. വലയിൽ അകപ്പെട്ട മത്സ്യങ്ങളുടെ തരംതിരിവിലൂടെ അന്തിമ വിധിയുടെ മുന്നറിയിപ്പ് ലഭ്യമാണ്. ദൈവവചനം ഗ്രഹിക്കുകയും അതനുസരിക്കുകയും ചെയ്യുന്ന മാനവരാശിയിൽ നിന്ന് തരം തിരിക്കപ്പെടുന്ന പ്രമേയം മത്തായി 13-ാം അധ്യായത്തിൽ വ്യക്തമാക്കുന്നുണ്ട്. യേശുവിന്റെ ശിഷ്യർ ഫരിസേയരിൽനിന്നും നിയമജ്ഞരിൽ നിന്നും (12:22-45) ഒപ്പം യേശുവിനെ അംഗീകരിക്കാൻ കഴിയാത്ത സ്വന്തം ജനങ്ങളിൽനിന്നും (12:46-50) 'നിഷ്ക്രിയ' ജനക്കൂട്ടത്തിൽ നിന്നും (13:2) വേർതിരിക്കപ്പെടുന്നു. യേശു പ്രസംഗിക്കുമ്പോൾ തന്നെ ഉപമയിൽ സൂചിപ്പിക്കുന്ന യുഗാന്ത്യവിധി സംഭവിച്ചുകൊണ്ടെയിരിക്കുന്നു: ശ്രോധാക്കളിൽ യേശുവിന്റെ പ്രബോധനങ്ങളെ സ്വീകരിക്കുന്നവരും തിരസ്ക്കരിക്കുന്നവരും തമ്മിലുള്ള വേർതിരിവാണത്. ആയതിനാൽ യേശുവിന്റെ വചനത്തോട് ക്രിയാത്മകമായി പ്രതികരിക്കുന്നവരാണ് വിശ്വാസസമൂഹം, നവസമൂഹം, ദൈവത്തിന്റെ കുടുംബം (12:49).

ഉപമകളുടെ ഉപസംഹാരത്തിൽ ഉപമകളുടെ സാരാംശം ഗ്രഹിക്കുവാൻ ശിഷ്യന്മാർക്ക് കഴിയുന്നുവോ എന്ന ചോദ്യം ഉയരുന്നു. തീർച്ചയായും അവർക്കതിന് സാധിക്കുന്നു. ഞെരുക്കങ്ങളുടെയും പ്രതിസന്ധികളുടെയും പുറത്താക്കലിന്റെയും പീഡനങ്ങളുടെയും നടുവിലൂടെ കടന്നു പോയിക്കൊണ്ടിരുന്ന മത്തായിയുടെ വിശ്വാസസമൂഹത്തിന് ഉപമകളുടെ സാരാംശം ശരിക്കും ഉൾക്കൊള്ളുവാൻ കഴിയുന്നു. ഭൗതീകമായ നഷ്ടസൗഭാഗ്യങ്ങളുടെ നടുവിൽ പ്രതീക്ഷയുടെയും പ്രത്യാശയുടെയും പൊൻകിരണങ്ങൾ സമ്മാനിക്കുവാൻ ഈ ഉപമകൾക്ക് കെല്പുണ്ട്. ആ കാലഘട്ടത്തിൽ ജീവിച്ചിരുന്ന വിശ്വാസസമൂഹത്തിന്റെ അവസ്ഥാന്തരങ്ങളിലേക്ക് കടന്നുചെല്ലുന്നവർക്ക് മാത്രമേ മത്തായി സുവിശേഷകൻ വിവരിക്കുന്ന ഉപമകളുടെ സാരാംശം അർത്ഥപൂർണ്ണമായും ഉൾക്കൊള്ളുവാൻ കഴിയുകയുള്ളൂ. നാം പടുത്തുയർത്തിയ സുഖകരമായ ശീതളഛായയിൽ (Comfort Zone) ഉപമകളുടെ പൂർണ്ണമായ അർത്ഥം മനസിലാക്കാൻ പ്രയാസമാണ്. ■




**ബൈബിൾ കഥകൾ** 6

**പുത്തൻകാവ് മാത്തൻതരകൻ**

# അബ്രഹാമിന്റെ കഥ

നോഹയുടെ പുത്രന്മാരിൽ ഒരുവനായ ശേമിന്റെ വംശപാരമ്പര്യത്തിൽ തേരഹ് എന്നൊരു ദൈവഭക്തനുണ്ടായിരുന്നു, അദ്ദേഹത്തിന്റെ സീമന്തപുത്രനാണ് അബ്രാം.നാഹോർ, ഹാരാൻ എന്നിങ്ങനെ രണ്ടു സഹോദരന്മാർകൂടി അബ്രാമിനുണ്ടായിരുന്നു. മൂന്നുപേരും വിവാഹിതരായി. അബ്രാമന്റെ ഭാര്യയ്ക്ക് 'സാറായി' എന്നും, നാഹോറിന്റെ ഭാര്യയ്ക്ക് 'മിൽക്കാ' എന്നും പേരായിരുന്നു. ഹാരാൻ സ്വപിതാവായ തേരഹിന് മുമ്പായി മരണമടഞ്ഞു അയാൾക്ക് 'ലോത്തെ'ന്ന പേരോടുകൂടിയ ഒരു പുത്രനുണ്ടായിരുന്നു. തേരഹ് അബ്രാമിനേയും പൗത്രനായ ലോത്തിനേയും മരുമകളായ സാറായിയേയും കൂട്ടിക്കൊണ്ട് കൽദയരുടെ പട്ടണമായ 'ഊരിൽ' നിന്നും കനാനിലേക്ക് യാത്ര പുറപ്പെട്ടു. സഞ്ചാരമദ്ധ്യേ 'ഹാരാൻ' എന്ന സ്ഥലത്തുവച്ച് തേരഹ് ഇരുനൂറ്റഞ്ചാമത്തെ വയസ്സിൽ നിര്യാതനായി.

അബ്രാമും ഭാര്യയായ സാറായിയും സഹോദരപുത്രനായ ലോത്തും ഹാരാനിൽ താമസിക്കുന്ന കാലത്ത് ഒരു ദിവസം സർവേശ്വരൻ അബ്രഹാമിനോടു പറഞ്ഞു: 'നീ എന്റെ ദേശത്തെയും പിതൃഭവനത്തെയും ബന്ധുജനങ്ങളെയും വിട്ട് ഞാൻ നിന്നെ കാണിക്കാനിരിക്കുന്ന ദേശത്തേക്ക് പോകണം. ഞാൻ നിന്നെ മഹത്തരമായ ഒരു ജനതയാക്കിത്തീർക്കും, നിന്നെ ഞാൻ അനുഗ്രഹിക്കും. നിന്റെ നാമധേയം സുപ്രസിദ്ധമാക്കും. നീ അനുഗ്രഹത്തിന്റെ ഒരു മൂർത്തിതന്നെ ആയിത്തീരും. നിന്നെ ആശീർവദിക്കുന്നവരെ ഞാനും ആശീർവദിക്കും. നീ ശപിക്കുന്നവരെ ഞാൻ ശപിക്കുകയും ചെയ്യും, നിന്നിൽക്കൂടി ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും.'

ഈശ്വരകല്പന അനുസരിച്ച് അബ്രാം ഹാരാനിൽനിന്ന് യാത്ര പുറപ്പെട്ടു. അന്ന് അദ്ദേഹത്തിന് എഴുപത്തിയഞ്ചുവയസ്സുണ്ടായിരുന്നു. ധർമ്മാദരങ്ങളായ സാറായിയേയും സഹോദരപുത്രനായ ലോത്തിനേയും കൂട്ടിക്കൊണ്ട് അബ്രാം ഹാരാനിൽവച്ച് നേടിയ സമ്പാദ്യങ്ങളോടും ജനങ്ങളോടുംകൂടി കാനാൻദേശത്തെ ലക്ഷ്യമാക്കി സഞ്ചരിച്ചു. 'ശേഖേം', 'ഏലോൻ', 'മോരെ' എന്നീ ദേശങ്ങൾ കടന്ന് അബ്രഹാമും സംഘവും കാനാൻ നാട്ടിലെത്തി. ദൈവം അബ്രഹാമിന്റെ മുമ്പിൽ പ്രത്യക്ഷനായി അബ്രഹാമിനോട് കല്പിച്ചു; നിന്റെ സന്തതിക്ക് ഞാൻ ഈ ദേശം കൊടുക്കും." സർവശക്തൻ പ്രത്യക്ഷപ്പെട്ട സ്ഥലത്ത് അബ്രാം ഒരു യാഗപീഠം ഉണ്ടാക്കി.

അനന്തരം ആ ദിവ്യപുരുഷൻ അവിടെനിന്ന് 'ബഥേലി'ന് കിഴക്കുള്ള മലയിലേക്ക് പുറപ്പെട്ടു. അവിടെ ബഥേലിന് കിഴക്കായും 'ഹായി' എന്ന ദിക്കിന് പടിഞ്ഞാറായും അദ്ദേഹം കൂടാരം സ്ഥാപിച്ചു. അവിടെ അദ്ദേഹം ഒരു യാഗപീഠമുണ്ടാക്കി. യഹോവയുടെ നാമത്തിൽ ആരാധന നടത്തി. അബ്രാം ദക്ഷിണാശോമുഖം നോക്കി വീണ്ടും യാത്രതുടർന്നു. അതികഠിനമായ ദുർഭിക്ഷത നടമാടിയിരുന്ന കാലമായിരുന്നു അത്. അതുകൊണ്ട് പോയത് മിസ്രേമിലേക്കായിരുന്നു. ആ സ്ഥലത്തോടടുക്കാറായപ്പോൾ അബ്രാം തന്റെ ഭാര്യയായ സാറായിയെ അടുക്കൽ വിളിച്ചുപറഞ്ഞു: 'പ്രിയേ നീ സൗന്ദര്യദേവതയാണ്. മിസ്രയീമ്യർ നിന്റെ ശരീരസൗഷ്ഠവത്തിൽ മതിമയങ്ങി നിന്റെ ഭർത്താവായ എന്നെ വധിക്കും. അതുകൊണ്ട് എന്റെ സഹോദരിയാണ് നീയെന്ന് അവരോട് പറയണം. അപ്പോൾ അവരെന്നെ ജീവിക്കാൻ അനുവദിക്കും. നീ നിമിത്തം എനിക്ക് നന്മയുണ്ടാകും."

അബ്രാം മിസ്രയീമിൽ പ്രവേശിച്ചു. മിസ്രയീമ്യർ സാറായിയെ കണ്ടു. അവരുടെ പ്രഭുക്കന്മാർ രാജസമ്മിധിയിൽ ചെന്ന് സാറായിയുടെ അത്ഭുതകരവും അഭൗമവുമായ ആകാരഭംഗിയെ വർണിച്ചു പ്രശംസിച്ചു. മിസ്രയീം രാജാവായ ഫറവോൻ കാമാതുരനായി. 'സാറായി' രാജസൗധത്തിലേക്ക് ക്ഷണിക്കപ്പെട്ടു.

# മണ്ണ് താൻ അമ്മ

മണ്ണാം അമ്മയിൽ നാം ജീവിക്കുന്നു
അമ്മപോൽ മനോഹരം വേറെന്തുണ്ട് ?
അമ്മയെ നാം പച്ച കൊണ്ടലങ്കരിക്കുന്നു
പച്ചപ്പിൽ നിറഞ്ഞ അമ്മ തിളങ്ങുന്നു
മൺതരികൾപോൽ മൃദുലം വേറെന്തുണ്ട് ?
അമ്മതൻ മടിയിൽ മയങ്ങുന്നതും
മണ്ണിൽ തലചായ്ച്ച് ഉറങ്ങുന്നതും
ഇവതമ്മിൽ വേർതിരിവെന്തുണ്ട് ?
മണ്ണാം അമ്മതൻ സ്പന്ദനം
എത്ര മൃദുലം എത്ര സുന്ദരം
ഇത്രമേൽ കോമളമാം മൃദുത്വം
മണ്ണിന് എങ്ങനെ സാധ്യമായി ?
എല്ലാർക്കും മണ്ണൊരു വരം
കിളികളും പൂക്കളും മണ്ണിന് മക്കൾ
എത്ര സുന്ദരം എന്റെ മണ്ണ്
എന്നെ സ്നേഹിക്കും എന്റെ മണ്ണ്.



**മീനു ബിജു**
പള്ളിത്തുറ ഹയർ
സെക്കൻഡറി സ്കൂൾ



അബ്രാമിന് നന്മയുമുണ്ടായി. എന്നാൽ നീതിസ്വരൂപനായ ദൈവം ഫറവോനെ വെറുതെ വിട്ടില്ല. ആ രാജാവിന് നിരവധികങ്ങളായ ദണ്ഡനങ്ങൾക്കു വിധേയനാകേണ്ടതായിവന്നു. ഒട്ടും താമസിക്കാതെ തന്നെ ഫറവോൻ അബ്രാഹാമിനെ രാജ്ഞകൊട്ടാരത്തിലേക്ക് ക്ഷണിച്ചു. ക്ഷമാപണത്തോടും പശ്ചാത്താപത്തോടുംകൂടി രാജാവ് സാറായിയെ അബ്രാഹാമിനെ ഏല്പിച്ചു.

അബ്രാമും സാറായിയും അവർക്കുള്ള സകലതിനോടുംകൂടി മിസ്രയീമിൽനിന്ന് പുറപ്പെട്ടു. അബ്രാമിന് ആടുമാടുകളും ഒട്ടകങ്ങളും ആൺകഴുതകളും പെൺകഴുതകളും ധാരാളമുണ്ടായിരുന്നു. വെള്ളിയിലും പൊന്നിലും അദ്ദേഹം സമ്പന്നനായിരുന്നു. അബ്രാഹാമിന്റെ കുടുംബത്തെ പരിചരിക്കുന്നതിന് വളരെയധികം ദാസിമാരും ദാസന്മാരും കൂടെ ഉണ്ടായിരുന്നു. മിസ്രയീമിൽനിന്ന് അബ്രാം പുറപ്പെട്ട് ബഥേലിനും ഹായിക്കും മദ്ധ്യേ അദ്ദേഹം സ്ഥാപിച്ച യാഗപീഠത്തിന്റെ സമീപമെത്തി. അവിടെവച്ച് അദ്ദേഹം ദൈവത്തെ ആരാധിച്ചു. അബ്രാഹാമിനോടൊന്നിച്ച യാത്ര ചെയ്തിരുന്ന ലോത്തിനും വളരെയേറെ ആടുമാടുകളും കൂടാരങ്ങളുമുണ്ടായിരുന്നു. അബ്രാമിന്റെയും ലോത്തിന്റെയും കന്നുകാലികളെ പരിപാലിച്ചുവന്നവർ തമ്മിൽ കലഹം ആരംഭിച്ചു. കാനാന്യരും പെരീസ്യരും അന്ന് ആ ദേശത്ത് താമസിക്കുന്നുണ്ടായിരുന്നു. അതുകൊണ്ട് അബ്രാം ലോത്തിനോട് പറഞ്ഞു: ”എനിക്കും നിനക്കും എന്റെ ഇടയന്മാർക്കും നിന്റെ ഇടയന്മാർക്കും തമ്മിൽ പിണക്കം ഉണ്ടാകാൻ പാടില്ല. നമ്മുടെ രക്തം ഒന്നാണ്. നമ്മുടെ ദൈവവും ഒന്നുതന്നെ. ദേശം മുഴുവൻ നിന്റെ മുമ്പിൽ കിടക്കുന്നു. നമുക്ക് പരസ്പരം വേർപിരിയാം. നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ടു പൊയ്ക്കൊള്ളാം. നീ വലത്തോട്ടാണെങ്കിൽ ഞാൻ ഇടത്തോട്ടു പൊയ്ക്കൊള്ളാം.” ലോത്ത് ചുറ്റും കണ്ണോടിച്ചു. യോർദ്ദാൻനദീതടം അവന്റെ മുമ്പിൽ പരന്നുകിടക്കുന്നത് കണ്ടു. സമ്പൽസമൃദ്ധങ്ങളും ജനനിബിഡങ്ങളുമായ സോദോം, ഗോമോറാ പ്രദേശം സുന്ദരവും മിസ്രയീമിനെപ്പോലെ നീരോട്ടമുള്ളതുമാകുന്നു.” ലോത്ത് ആ ഭൂവിഭാഗം തെരഞ്ഞെടുത്തു.

അങ്ങനെ അബ്രാമും ലോത്തും പരസ്പരം വേർപിരിഞ്ഞു. അബ്രാം കനാനിൽതന്നെ നിവസിച്ചു. ലോത്ത് സലിലസിക്തവും സസ്യശ്യാമളവുമായ സോദാമിൽ കൂടാരം സ്ഥാപിച്ചു. ലോത്ത് അബ്രാമിനെ വിട്ടുപിരിഞ്ഞശേഷം ദൈവം അബ്രാമിനോട് കല്പിച്ചു: ‘നീ ശിരസ്സുയർത്തി നോക്കുക. നിന്റെ ദൃഷ്ടിയിൽപ്പെട്ട ഭൂമിയൊക്കെയും ഞാൻ നിനക്കും നിന്റെ സന്താനങ്ങൾക്കും ശാശ്വതമായി നൽകും. നിന്റെ സന്തതിയെ ഭൂമിയിലെ പൊടിപോലെ ഞാൻ വർധിപ്പിക്കും.” അബ്രാം കൂടാരമിളക്കി ഹെബ്രാനിലുള്ള തോട്ടത്തിൽ ചെന്നു പാർത്തു അവിടെ ദൈവത്തിന് ഒരു യാഗപീഠം പണിതു.

ഈ സംഭവങ്ങൾക്കുഷേഷം അബ്രാമിന് ഒരു ദർശനമുണ്ടായി. അതുവഴിയായി സ്രഷ്ടാവായ ദൈവം അബ്രാഹാമിനോട് കല്പിച്ചു: ”അബ്രാമേ, നീ ഭയപ്പെടേണ്ട, ഞാൻ നിന്റെ പരിചയും മഹത്തായ പാരിതോഷികവുമാകുന്നു.” അപ്പോൾ അബ്രാം പറഞ്ഞു: ‘പ്രഭോ, സന്താനരഹിതനായി നടക്കുന്ന എനിക്ക് നിന്തിരുവടി എന്തുനൽകും? അനന്തരാവകാശികളില്ലാതെ എന്റെ വംശം വേരറ്റുപോകും.”

ദൈവം അ്ബ്രാമിനെ കൂടാരത്തിന് വെളിയിലേക്ക് കൊണ്ടുപോയി ആകാശത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് കല്പിച്ചു: ‘നോക്കുക! കഴിയുമെങ്കിൽ ആകാശത്തെപ്പോലെ നക്ഷത്രങ്ങളുടെ എണ്ണം നിശ്ചയിക്കുക. ആ നക്ഷത്രങ്ങളെപ്പോലെ ഞാൻ നിന്റെ സന്തതിയെ വർധിപ്പിക്കും. ഈ നാടിനെ അവകാശപ്പെടുത്തുവാൻ സൽദയാനഗരമായ ഊരിൽ നിന്ന് നിന്നെ കൂട്ടിക്കൊണ്ടുവന്ന ദൈവം ഞാനാകുന്നു.” അബ്രാം സർവശക്തനായ ദൈവത്തിൽ പരിപൂർണമായി വിശ്വസിച്ചു. ■

## വചനജ്വാല

2023 ആഗസ്റ്റ് മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# 'ബന്ധിതർക്ക് മോചനം'

**ഫാ. ഡാനിയേൽ ആർ.**

**ആമുഖം**

ക്രിസ്തുവിൽ ഏറ്റവും സ്നേഹം നിറഞ്ഞവരെ, ഭാരതം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന നല്ല ദിനങ്ങളാണല്ലോ ആഗതമാകുന്നത്. "ബന്ധുര കാഞ്ചന കൂട്ടിലാണെങ്കിലും ബന്ധനം ബന്ധനം തന്നെ പാരിൽ" എന്നാണല്ലോ കവി വാക്യം. സ്വാതന്ത്ര്യം അത് എല്ലാവരുടെയും മൗലിക അവകാശമാണ്. എന്നാൽ വർഷങ്ങൾക്കിപ്പുറവും ഉത്തരവാദിത്വത്തോടെയുള്ള സ്വാതന്ത്ര്യം അനുഭവിക്കുവാൻ നമുക്ക് കഴിയുന്നുണ്ടോ? 1991 ൽ സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചത് മ്യാൻമാറിൽ നിന്നുള്ള (ബെർമ) ഓംങ് സാൻ സൂ ക്യൂ (Aung San Suu Kyi) എന്ന സ്ത്രീക്കാണ്. സൈനിക പിന്തുണയോടെ 1962 മുതൽ ബെർമ ഭരിച്ചിരുന്ന സ്വേച്ഛാധിപത്യ ഭരണത്തിനെതിരെ അഹിംസയിൽ അധിഷ്ഠിതമായ സമരം നയിച്ചതിനാണ് നോബൽ സമ്മാനം അവർക്ക് നൽകിയത്. അവരുടെ പ്രശസ്തമായ ഒരു ഗ്രന്ഥമാണ് "ഭയത്തിൽ നിന്നുള്ള മോചനം". യഥാർത്ഥ മോചനം അത് ഭയത്തിൽ നിന്നുള്ളതാണ്. ഇന്നത്തെ വചന ഭാഗം അപ്രകാരം ഒരു കാഴ്ചപ്പാട് നൽകുന്നുണ്ട്. യഥാർത്ഥ സ്വാതന്ത്ര്യത്തെക്കുറിച്ച് ധ്യാനിക്കുവാൻ ഈ മാസത്തെ കുടുംബകൂട്ടായ്മ നമ്മെ സഹായിക്കട്ടെ.

പരിശുദ്ധ കന്യകാമറിയം ഭൂമിയിലും സ്വർഗ്ഗത്തിലും ഈ സ്വാതന്ത്ര്യം അനുഭവിച്ചവളായിരുന്നു. ജന്മപാപമില്ലാതെ ജനിച്ച പരിശുദ്ധ കന്യാകാമറി

യത്തെ ദൈവം ഉടലോടെ സ്വർഗ്ഗത്തിലേക്ക് എടുത്തു. ദൈവകുമാരന് ജീവൻ നൽകിയ ശരീരം അഴുകുന്നത് ശരിയല്ലാത്തതിനാൽ പരിശുദ്ധ മാതാവിന്റെ സ്വർഗാരോപണത്തിലൂടെ മറിയത്തിലുള്ള ദൈവത്തിന്റെ പദ്ധതികൾ പൂർണമായി. ഭൂമിയിലെ നമ്മുടെ നശ്വരമായ ജീവിതം അവസാനിക്കുമ്പോൾ നാം നയിക്കപ്പെടുന്ന പാതയിലേക്കാണ് ഈ തിരുനാൾ നമ്മുടെ കണ്ണുകളെ തിരിക്കുന്നത്. നമ്മുടെ ജീവിതാവസാനത്തിന് ശേഷം നമുക്ക് മാതാവിനെ പിൻചെല്ലുവാൻ കഴിയുമാറാകട്ടെ.

**ദൈവ വചന പാരായണം:-**

ലൂക്കാ. 4:16-19

**വചന വിചിന്തനം**

നാം ജനിക്കുന്നത് സ്വാതന്ത്ര്യത്തോടുകൂടിയാണെങ്കിലും പല തരം ബന്ധനങ്ങളിലൂടെയാണ് നാം വളർന്നു വരുന്നത്. പ്രത്യക്ഷമായും പരോക്ഷമായും നാമറിയാതെ നമ്മെ പല ബന്ധനങ്ങളും അടിമകളാക്കുന്നു. ബന്ധനങ്ങളൊക്കെ പലതരത്തിലും നമ്മെ അസ്വസ്ഥരും ആകുലചിത്തരുമാക്കാറുണ്ട്. ഇപ്രകാരം ഉണ്ടാകുന്ന ബന്ധനങ്ങളിൽ നിന്ന് ബോധപൂർവ്വം നാം മോചിതരായില്ലെങ്കിൽ നിത്യനാശത്തിലേക്കായിരിക്കും നമ്മുടെ ജീവിതങ്ങളും ആനയിക്കപ്പെടുന്നത്. ക്രിസ്തുനാഥൻ എല്ലാവിധ ബന്ധനങ്ങളിൽ നിന്നും മോചിതനായി ജീവിച്ചു എന്നു മാത്രമല്ല മറ്റുള്ളവരെ ബന്ധനങ്ങളിൽ നിന്നും വിമോചിപ്പിക്കുകയും ചെയ്തു. ക്രിസ്തുവിനെ ദൈവമായി സ്വീകരിക്കുന്നവർക്ക് അടിമത്തത്തിൽ നിന്ന് മോചനം ലഭിച്ച് സ്വാതന്ത്ര്യത്തിന്റെ പാതയിൽ ജീവിക്കാൻ സാധിക്കുന്നു.

പരിശുദ്ധ കന്യകമാതാവ് ഇപ്രകാരം ദൈവത്തിലായിരുന്നുകൊണ്ട് പൂർണസ്വാതന്ത്ര്യത്തോടുകൂടി ജീവിച്ചവളായിരുന്നു. ചിന്തയിലും വാക്കിലും പ്രവൃത്തിയിലും അവൾക്കുണ്ടായിരുന്ന വിശുദ്ധിയുടെ അടിസ്ഥാനം അവൾ അനുഭവിച്ച പൂർണ സ്വാതന്ത്ര്യത്തിൽ നിന്നു വന്നതായിരുന്നു. പാപത്തിന്റെ എല്ലാവിധ ചായ്‌വുകളെയും അതിജീവിച്ച് വിശുദ്ധിയുടെ ഔന്നത്യത്തിൽ എത്തിച്ചേരാൻ അവൾക്കു കഴിഞ്ഞത് ദൈവകൃപയുടെ പ്രത്യേക ഇടപെടലിലൂടെയായിരുന്നു.

ഭാരതം സ്വാതന്ത്ര്യദിനമാഘോഷിക്കുമ്പോൾ ക്രൈസ്തവരായ നാം അതോടൊപ്പം മാതാവിന്റെ സ്വർഗാരോപണം ആചരിക്കുകയാണ്. സ്വാതന്ത്ര്യത്തിലേക്കുള്ള വിടുതലിന്റെ അവസരമായി മാറ്റി എടുക്കാനാണ് നാം ശ്രമിക്കേണ്ടത്. അതിനായി നമ്മെ വരിഞ്ഞുമുറുക്കുന്ന അടിമത്തത്തിന്റേതായ എല്ലാ കണ്ണികളിൽ നിന്നും നാം വിമോചിതരാകേണ്ടിയിരിക്കുന്നു. മദ്യവും മയക്കുമരുന്നും ഒരുവശത്ത് അടിമത്തത്തിന്റെ ചങ്ങല തീർക്കുമ്പോൾ മാധ്യമങ്ങളും ആർഭാടങ്ങളും സുഖലോലുപതകളും മറുവശത്ത് പലരീതികളിൽ അടിമത്തത്തിന്റെ നുകമായിമാറുന്നു. ഇവിടെയാണ് മാതാവിന്റെ പ്രത്യേക മാതൃക നമുക്ക് പ്രചോദനമായി മാറേണ്ടത്.

**ചർച്ച**

1. ആധുനിക ക്രൈസ്തവർ അനുഭവിക്കുന്ന വിവിധതരത്തിലുള്ള അടിമത്തം ഏവ?
2. ഇന്ന് നാം അനുഭവിക്കുന്ന അടിമത്തത്തിൽ നിന്നും എങ്ങനെ നമുക്ക് മോചിതരാകാം?

**പൊതു അറിയിപ്പ്**

**ശുശ്രൂഷാ സമിതികളുടെ പ്രവർത്തനങ്ങളും വിലയിരുത്തലും**

**വിശ്വാസികളുടെ പ്രാർത്ഥന**

**സമാപന ഗാനം**

**നന്ദി**

*തയ്യാറാക്കിയത്:*
ബി.സി.സി. കമ്മീഷൻ




*തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി പുലിമുട്ട്, കടൽ നികത്തൽ എന്നിവ കാരണം കടലിനും, കടലാവാസ വ്യവസ്ഥയ്ക്കും, തീരത്തിനും, തീരവാസികൾക്കും ഉണ്ടാകുന്ന ആഘാതം പഠിക്കാൻ സമരസമിതി നിയോഗിച്ച ജനകീയ കമ്മിഷൻ, പദ്ധതി പ്രദേശവും സമീപ പ്രദേശങ്ങളും സന്ദർശിച്ച് വിവരശേഖരണം നടത്തുന്നു*

# നേർക്കാഴ്ച

**ജെ.സി.**

# വിദ്യാർത്ഥികളിലെ ലഹരിവ്യാപനം



ലഹരിമരുന്നുകളുടെ കടത്തും ഉപയോഗവും സംബന്ധിച്ച കേസുകൾ വൻതോതിൽ കേരളത്തിൽ വർധിച്ചുവരികയാണ്. പുതിയ തലമുറയിൽ ഒരുവിഭാഗം സ്വന്തം ജീവിതവും, ഏറെ പ്രതീക്ഷകളോടെ ഒപ്പമുള്ള അവരുടെ രക്ഷിതാക്കളെയും മറന്ന് ലഹരിക്ക് അടിമയാകുന്നത് വളരെ ആശങ്ക ഉളവാക്കുന്നതാണ്. പ്രശ്നബാധിത സ്കൂളുകളുടെ എണ്ണം കഴിഞ്ഞ വർഷം 250 ആയിരുന്നത് ഇപ്പോൾ 1100 ആയി ഉയർന്നുവെന്ന വാർത്ത ഏറ്റം ഗുരുതരപ്രശ്നമായി കണ്ട് വേഗത്തിൽ പരിഹരിക്കേണ്ടതാണ്. നഗരങ്ങൾ മുതൽ ഗ്രാമങ്ങൾവരെ ലഹരി ഉപയോഗിക്കുന്നവരെയും വിൽക്കുന്നവരെയുംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഇതിനെതിരെ സമൂഹത്തിന്റെ ഭാഗത്തുനിന്ന് സംഘടിതമായ പ്രതിരോധ പ്രവർത്തനങ്ങൾ ഉണ്ടാകണം. ഇത് ലഹരിക്ക് അടിമപ്പെടുന്ന കുട്ടികളുടെ മാത്രം പ്രശ്നമായി കാണാതെ ഒരു സാമൂഹിക ഉത്തരവാദിത്വമായി കണക്കാക്കണം. സംസ്ഥാനത്തെ ഒരു എസ്.പിയുടെ രണ്ട് ആൺകുട്ടികളും ലഹരിക്ക് അടിമകളാണെന്ന് കൊച്ചി സിറ്റി പൊലീസ് കമ്മിഷണർ വെളിപ്പെടുത്തിയത് ഈയടുത്താണ്. മണി ചെയിൻ മാതൃകയിൽ കേരളത്തിൽ ലഹരിവിൽപ്പന വ്യാപിക്കുന്നതായി കേന്ദ്ര ലഹരിവിരുദ്ധ ഏജൻസിയായ നാർകോട്ടിക് കൺട്രോൾ ബ്യൂറോയുടെ (എൻ.സി.ബി) ഇന്റലിജൻസ് വിഭാഗം റിപ്പോർട്ട് ചെയ്തത് നമുക്ക് അറിവുള്ളതാണല്ലോ. ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടതായി സംസ്ഥാന എക്സൈസ് ഇന്റലിജൻസ് വിഭാഗവും കസ്റ്റംസ് പ്രിവന്റീവ് വിഭാഗവും സ്ഥിരീകരിച്ചിട്ടുണ്ട്. ലഹരിവ്യാപനം തടയുന്നതിൽ പൊലീസിന്റെ പങ്ക് പ്രധാനമാണ്. പക്ഷേ, ഓരോ സ്കൂളും കോളേജും സുരക്ഷിത മേഖലയായി മാറ്റിയെടുക്കേണ്ടതുണ്ട്. വിദ്യാലയങ്ങളും പരിസരവും ലഹരിമുക്ത മേഖലയാക്കേണ്ട ഉത്തരവാദിത്വം പൊലീസിനൊപ്പം സ്കൂൾ കോളേജ് മാനേജ്മെന്റുകൾ, രക്ഷാകർതൃ സംഘടനകൾ, വ്യാപാരവ്യവസായതൊഴിലാളി സമൂഹം എന്നിവരും ഏറ്റെടുക്കണം. പ്രധാനാധ്യാപകന്റെ നേതൃത്വത്തിൽ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ രൂപീകരിക്കണം. ഇക്കാര്യം ഹൈക്കോടതിയും നിർദ്ദേശിച്ചിട്ടുണ്ട്. പ്രിൻസിപ്പാൾ, പി.ടി.എ പ്രതിനിധി, തദ്ദേശ സ്ഥാപനങ്ങളുടെയും വ്യാപാരവ്യവസായി സമൂഹത്തിന്റെയും പ്രതിനിധികൾ, പൊലീസ് പ്രതിനിധി എന്നിവരുൾപ്പെട്ടതാകണം സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ. സ്കൂളും പരിസരവും ലഹരിവിമുക്തമാണെന്ന് ഉറപ്പാക്കാൻ പൊലീസിന്റെ നേതൃത്വത്തിൽ ഇടയ്ക്കിടെ മിന്നൽ പരിശോധനകൾ നടത്തണം. ലഹരിമരുന്ന് മാത്രമല്ല, പുകയില, സിഗരറ്റ്, പാൻമസാല, മദ്യം എന്നിവയും വിദ്യാർത്ഥികൾക്കിടയിൽ വ്യാപിക്കുന്നുണ്ട്. ഒന്നിൽനിന്ന് പടിപടിയായി മറ്റൊന്നിലേക്ക് എന്നരീതിയിലാണ് കുട്ടികളിൽ ഇവയോടുള്ള താല്പര്യം പടരുന്നത്. ലഹരിയുണ്ടാക്കുന്ന എല്ലാത്തരം വസ്തുക്കളും സ്കൂളിലും പരിസരങ്ങളിലും നിരോധിക്കണം. ഏതെങ്കിലും വിദ്യാഭാസ സ്ഥാപനത്തിൽ ലഹരിയുപയോഗം കണ്ടെത്തിയാൽ ആ കുട്ടിയുടെ പേര് രഹസ്യമാക്കേണ്ടതാണ്. എന്നാൽ സ്കൂളിന്റെയോ സ്ഥാപനത്തിന്റെയോ പേര് പരസ്യപ്പെടുത്തുകയും വേണം. എങ്കിൽമാത്രമേ ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ പൊലീസും മാധ്യമങ്ങളും ഗൗരവമായി ഇടപെടുകയുള്ളു. അതുവഴി അധ്യാപകരും രക്ഷിതാക്കളും കൂടുതൽ ജാഗ്രത ഉള്ളവരാകുകയും ചെയ്യും. ലഹരിയിലേക്ക് ഒഴുകി തീരാനുള്ളതല്ല പുതിയതലമുറയെന്ന നിശ്ചയദാർഢ്യത്തോടെ നമുക്ക് മുന്നോട്ട് നീങ്ങാം. അതീവ ഗുരുതരമായ ഈ സാമൂഹ്യപ്രശ്നത്തെ നാടിനെയാകെ അണിനിരത്തി സർക്കാർ നേരിടണം. വിഷയത്തിൽ മുഖ്യമന്ത്രിതന്നെ നേരിട്ട് മേൽനോട്ടം വഹിക്കേണ്ടതുണ്ട്. നമ്മുടെ കുട്ടികളുടെ നല്ല ഭാവിയുടെ താക്കോൽ രക്ഷിതാക്കളുടെയും അധ്യാപകരുടെയും കൈയ്യിലാണെന്നത് മറന്നുകൂടാ ■

Since 1987
Madonna ELECTRONICS
ISO 9001-2008 COMPANY




# പഞ്ചാബ് ബുംഗാ മൗണ്ട് കാർമൽ സ്കൂളിലെ സ്റ്റേജ് കർട്ടൻ പൾസേറ്റർ ഓട്ടോമേഷൻ സവിധാനത്തിൽ !

പഞ്ചാബ് ഹോസിയാപൂർ ജില്ലയിലെ ബുംഗാ മൗണ്ട് കാർമൽ സ്കൂളിലെ
80 അടി നീളമുള്ള രണ്ട് സ്റ്റേജ് കർട്ടനുകൾ **PULSATOR** കർട്ടൻ ഓട്ടോമേഷൻ
സംവിധാനത്തിൽ പ്രവർത്തിക്കുന്നു. കേരളത്തിലെ 14 ജില്ലകളിലും ഭാരതത്തിൽ
20 സംസ്ഥാനങ്ങളിലുമായി ഇപ്പോൾ 600-ൽപ്പരം പള്ളിമണികളും
**PULSATOR** സംവിധാനത്തിൽ ഓട്ടോമാറ്റിക്കായി പ്രവർത്തിക്കുന്നുണ്ട്.

**PULSATOR:** നിലവിലുള്ള പള്ളിമണികൾ ഓട്ടോമാറ്റിക്കായും
മാനുവലായും റിമോട്ട് ഉപയോഗിച്ചും അടിപ്പിക്കുന്ന സംവിധാനം.

**CHANT:** പള്ളികളിലെ നിലവിലുള്ള ആംപ്ലിഫയറിലൂടെ പള്ളിമണി ശബ്ദങ്ങൾ, പ്രാർത്ഥനകൾ, ഗാനങ്ങൾ എന്നിവ
ഓട്ടോമാറ്റിക്കായും മാനുവലായും റിമോട്ട് ഉപയോഗിച്ചും പ്രവർത്തിക്കുന്ന സംവിധാനം.

**ALTAR CURTAIN AUTOMATION :** നിലവിലുള്ള അൾത്താര കർട്ടൻ (തിരുശ്ശീല)
മാനുവലായും റിമോട്ടുപയോഗിച്ചും മാറ്റുന്ന ഓട്ടോമാറ്റിക് സംവിധാനം.

**MADONNA CHURCH BELLS :** യൂറോപ്യൻ ഗുണനിലവാരവും ആകൃതിയുമുള്ള പള്ളിമണികൾ നിർമിച്ചുനൽകുന്നു.

**SCHOOL BELL AUTOMATION:** നിലവിലുള്ള സ്കൂൾ ബെല്ലുകൾ ഓട്ടോമാറ്റിക്കായി അടിപ്പിക്കുന്ന സംവിധാനം.

**THURICOAL :** കരിയും തീയും നിലനിർത്തിക്കൊണ്ട് ധൂപാർച്ചനയിൽ ഓട്ടോമേഷൻ.


**HOLY WATER TOUCHLESS:** കരസ്പർശമില്ലാതെ ഹോളിവാട്ടർ ഓട്ടോമാറ്റിക്കായി കിട്ടുന്ന സംവിധാനം.

**Call: Felix Madonna - 98953 99881, 98952 98951**
Watch Pulsator channel in Youtube or visit: www.madonnapulsator.com

Pulsator® Patent
The Church Bell Ringer
*ISO 9001-2008 Certified Company*

Madonna Electronics
Madonna Building,
South Chittoor, Cochin - 682 027.
Kerala, India.
felixmadonna@gmail.com

RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 30.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto